# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ജൂലൈ 1 | ദീപം 54 | നാളം 13 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org




# എനിക്കു മുറിപ്പാടുകൾ കാണണം

## തൊട്ടറിഞ്ഞ ശ്ലൈഹികപാരമ്പര്യം




മാർ ജോസഫ് കല്ലറങ്ങാട്ട്


ദുക്റാന നമുക്കു പിതൃദിനമാണ്, ജാതീയദിനമാണ്. തോമ്മാ ഭാരതത്തിന്റെ ശ്ലീഹായാണ്. മാർത്തോമ്മാസ്ലീവായാണ് തോമ്മാമാർഗത്തിന്റെ അനശ്വര പ്രതീകം. ഓർമകളുടെ കൂമ്പാരമുണ്ട് നസ്രാണികൾക്ക്. ശ്രാദ്ധവും അന്നദാനവും മരണവാർഷികവും നമുക്ക് ഓർമകളാണ്. തോമ്മാശ്ലീഹായുടെ ദുക്റാനയിൽ ശ്രാദ്ധവും സ്നേഹവിരുന്നും ഒന്നിക്കുന്നു. ദുക്റാന നമുക്ക് സഭാദിനവുമാണ്. സഭയുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കേണ്ട ദിവസംകൂടിയത്രേ ദുക്റാന. എല്ലാ നസ്രാണിവിഭാഗക്കാരും ഒന്നിച്ചുകൂടുകയും പരസ്പരം കേൾക്കുകയും ചെയ്യേണ്ട ദിനമാണിത്. മാർത്തോമ്മാസ്ലീവായോടുള്ള ഭക്തിയും ആദരവും ഉറപ്പിക്കേണ്ട ദിനം. സഭയുടെ പൈതൃകങ്ങളോട് ഒത്തുജീവിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട ദിനമാണ് ദുക്റാനത്തിരുനാൾ.

മാർ ഉവാലാഹ് - എന്റെ കർത്താവേ, എന്റെ ദൈവമേ (Dominus meus et Deus meus). ഉത്ഥിതനെ തൊടാൻ കഴിയണം (Risen Christ must be touchable). ഉത്ഥിതന്റെ മുഖമല്ല അവന്റെ മുറിപ്പാടുകൾ കാണണമെന്ന് തോമ്മാ ശാഠ്യം പിടിച്ചു. നമ്മൾ പ്രസംഗപീഠത്തെ പുതിയ കാഴ്ചപ്പാടുകളോടെ സമീപിക്കണം എന്ന പാഠമാണ് ഇതു നല്കുന്നത്. പന്ത്രണ്ടു ശ്ലീഹന്മാർ പന്ത്രണ്ട് ആധ്യാത്മികപിതാക്കന്മാർകൂടിയാണ്. കണ്ടവരും കേട്ടവരും കൂട്ടത്തിൽ നടന്നവരും എല്ലാം പ്രധാനപ്പെട്ടവരാകുമ്പോഴും തൊട്ടവന് അല്പംകൂടി പ്രാധാന്യമുണ്ട്. തിരുവചനം പഠിക്കുമ്പോൾ, വേദശാസ്ത്രികൾ പഠിപ്പിക്കുന്ന രണ്ടു ഗ്രീക്കുപദങ്ങൾ ഉണ്ട്: എക്സെഗെയോമായ് - പുറത്തുകൊണ്ടുവരിക, ഹെർമെനെവുവോ - വ്യാഖ്യാനിച്ചു വിശദീകരിക്കുക. മാർത്തോമ്മായെയും ദുക്റാനയെയും നമ്മൾ സമീപിക്കേണ്ടതും ഇതുപോലെയാണ്. ദുക്റാനയുടെ പ്രാധാന്യം നിരന്തരമായി പുറത്തുകൊണ്ടുവരാനുള്ള ഉത്തരവാദിത്വമാണു നമുക്കുള്ളത്. വ്യാഖ്യാനിക്കപ്പെടാതെയും വിശദീകരിക്കപ്പെടാതെയും പോകുന്നതൊന്നും മനസ്സിൽ പതിയില്ല. നസ്രാണിസമുദായത്തിന്റെ മനസ്സാണ്/ ഹൃദയമാണ് വ്യാഖ്യാനിക്കപ്പെടേണ്ടത്.

വെനീഷ്യൻ സഞ്ചാരിയായ മാർക്കോ പോളോ (1254-1324) തന്റെ The Travels of Marco Polo (പേജ് 284) എന്ന കൃതിയിൽ തമിഴ്നാടിന്റെ കിഴക്കേത്തീരത്ത് ക്രിസ്തുശിഷ്യനായ തോമ്മായുടെ കബറിടം കണ്ടതായും ശ്ലീഹാ മരിച്ചുവീണ സ്ഥലത്തെ മണ്ണ് രോഗശാന്തിക്ക് ഉപയോഗിക്കുന്നതായി കണ്ടുവെന്നും രേഖപ്പെടുത്തിയിരിക്കുന്നു. വാസ്കോ ഡി ഗാമാ (1460-1524) കേരളത്തിൽ വന്നപ്പോൾ ഇവിടുത്തെ നസ്രാണികൾ ജൂലൈ മൂന്നിന് ദുക്റാനത്തിരുനാൾ ആഘോഷിക്കുന്നതായി കണ്ടുവെന്നു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഭൗമശാസ്ത്രജ്ഞനായ ഇസിഡോറിലെ സെവിൽ എ.ഡി. 638 ൽ രചിച്ച De ortu et obitu patrum (ജനനവും മരണവും) എന്ന ഗ്രന്ഥത്തിൽ തോമ്മാശ്ലീഹാ പാർത്തിയായിലും പേർഷ്യയിലും തുടർന്ന് ഇന്ത്യയിലും സുവിശേഷം പ്രസംഗിച്ചതായും ഇന്ത്യയിലെ കലാമിനാ(മദ്രാസ്)യിൽ വച്ച് കുന്തത്താൽ കൊല്ലപ്പെട്ടതായും രേഖപ്പെടുത്തിയിരിക്കുന്നു. PL: (ലത്തീൻ സഭാപിതാക്കന്മാർ) 83, 152). 9-ാം നൂറ്റാണ്ടിൽ അറേബിയയിൽനിന്നുവന്ന മുസ്ലീം സഞ്ചാരികൾ തോമ്മായുടെ കബറിടത്തെ ബേസ്തോമ്മാ എന്നു വിശേഷിപ്പിച്ചു. എ.ഡി. 190 ൽ പന്തേനൂസ് 'ഭാരതക്രിസ്ത്യാനികൾ' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. പ്ലിനിയും പെരിപ്ലസും ഒന്നാം നൂറ്റാണ്ടിനുമുമ്പുതന്നെ മുസ്സിരിസിലേക്ക് (കൊടുങ്ങല്ലൂർ) കപ്പൽ സ്ഥിരമായി എത്തുമായിരുന്നുവെന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (Periplus Mari Eritroi എന്ന ഗ്രന്ഥത്തിൽ). ശ്രീധരമേനോന്റെയും പത്മനാഭമേനോന്റെയും കേരളചരിത്രത്തിൽ എ.ഡി. 68 ൽ കേരളത്തിലെത്തിയ യഹൂദർ ഇവിടെ ക്രൈസ്തവരെ കണ്ടു എന്നു പറയുന്നുണ്ട്. 1599 ലെ ഉദയംപേരൂർ സൂനഹദോസുവരെ നസ്രാണികൾ മൈലാപ്പൂരിലേക്കു നിശ്ചിതമാസങ്ങളിൽ തീർത്ഥാടനം നടത്തിയിരുന്നു.

തോമ്മാശ്ലീഹാ എ.ഡി. 52 ൽ മുസ്സിരിസ് തുറമുഖത്തു കപ്പലിറങ്ങി, തുടർന്ന് ഏഴര ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിച്ചു എന്നത് ഭാരതനസ്രാണികളുടെ വിശ്വാസവും ശക്തമായ പാരമ്പര്യവുമാണ്. ഇന്ത്യാചരിത്രത്തിൽ ഗവേഷണം നടത്തിയ ഡോ. മിൻഗാന പറയുന്നു: ''തോമ്മാശ്ലീഹാ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചു എന്നത് പൗരസ്ത്യസഭയുടെ നിരന്തരമായ പാരമ്പര്യമാണ്.'' ക്രൈസ്തവരും അക്രൈസ്തവരും ഭാരതീയരും വിദേശീയരുമായ ഒരുപറ്റം പണ്ഡിതന്മാർ ഈ സത്യം രേഖപ്പെടുത്തിയിട്ടുണ്ട്. സഭാപിതാക്കന്മാരുടെ ഒരു ഗാലക്സിതന്നെ ഈ മേഖലയിലുണ്ട്. ഒരിജൻ, അപ്രേം, ഗ്രിഗറി നസിയാൻസൺ, സിറിലോണിയ, അംബ്രോസ്, ജോൺ ക്രിസോസ്തോം, ജറോം തുടങ്ങിയവർ.

പ്രാദേശികപാരമ്പര്യങ്ങൾകൊണ്ട് അരക്കിട്ടുറപ്പിച്ച ഒരു പാരമ്പര്യമാണ് തോമ്മായുടെ ഭാരതപ്രേഷിതത്വവും രക്തസാക്ഷിത്വവും. ഏഴരപ്പള്ളികളും, തോമ്മായുടെ രക്തസാക്ഷിത്വവും കബറിടവും, നാടൻപാട്ടുകളിലൂടെയും കലാരൂപങ്ങളിലൂടെയും ഭാരതീയർ ജാതിമത ഭേദമെന്യേ വളർത്തിയെടുത്തു. മാർഗംകളിപ്പാട്ട്, (നൃത്തകലാരൂപം), റമ്പാൻപാട്ട് (തോമ്മാപർവം) വീരടിയാൻ പാട്ട് (ഹിന്ദു മതാനുയായികളായ വീരടിയാന്മാർ എന്ന വിഭാഗം പാടിയിരുന്നത്) തുടങ്ങിയ കഥാഗാനങ്ങൾ ക്രിസ്ത്യൻഭവനങ്ങളിലെ ആഘോഷാവസരങ്ങളിൽ അവതരിപ്പിക്കപ്പെട്ടിരുന്നു. അറമായഭാഷ വശമുണ്ടായിരുന്ന യഹൂദരുടെ സാന്നിധ്യം തോമ്മായുടെ ഭാരതപ്രവേശനവും സുവിശേഷപ്രസംഗവും എളുപ്പമുള്ളതാക്കി. അറമായ സുറിയാനിഭാഷ ഭാരതനസ്രാണികളുടെ ദൈവാരാധനാഭാഷയാണ്.


▶ 2

# എനിക്കു മുറിപ്പാടുകൾ കാണണം

ഒന്നാംപേജ് തുടർച്ച

തോമ്മായുടെ കബറിടം സന്ദർശിച്ചവരുടെ നിരവധിയായ സാക്ഷ്യങ്ങൾ നമുക്ക് അറിവുള്ളതാണ്. ഏറ്റവും വലിയ സാക്ഷ്യം നസ്രാണികളായ നമ്മൾ തന്നെയും നമ്മുടെ അതിസമ്പന്നമായ ആരാധനക്രമങ്ങളും കുടുംബാചാരാനുഷ്ഠാനങ്ങളുമാണ്. മാർത്തോമ്മാമാർഗ്ഗവും, മാർത്തോമ്മാസ്ലീവായും പെസഹാഭക്ഷണവും ഈ പാരമ്പര്യത്തിന്റെ 'ജീവിക്കുന്ന കല്ലുകളാണ്.'

ഭാരതത്തിൽ സജീവമായ ഒരു തോമ്മാരാജ്യമുണ്ട്. തോമ്മാ ആദ്യം 'സിൽക്കുവഴി'യിലൂടെയോ, 'മൺസൂൺ വഴി'യിലൂടെയോ, ഉത്തരേന്ത്യയിലെ ഗുജറാത്തുതീരത്തുള്ള ബറൂച്ചി തുറമുഖത്തും, പിന്നീട് കടൽമാർഗം കൊടുങ്ങല്ലൂരും എത്തി. ഒരു ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന ഏകസഭയാണ് നമ്മുടേത്. നമ്മുടെ പ്രസംഗപീഠവും പ്രസംഗവിഷയവും സഭയുടെ സിംഹാസനവും തോമ്മായും ദുക്റാനയുമാണ്.

**മാറിനടക്കാൻ മനസ്സും ധൈര്യവും കാണിച്ച ശ്ലീഹാ**

തോമ്മായുടെ ദുക്റാന രക്തസാക്ഷിത്വത്തിന്റെ അസാധാരണമായ ഒരു ആത്മീയവഴിയിലേക്കു നമ്മെ എത്തിക്കുന്നുണ്ട്. എല്ലാ അവസരങ്ങളിലും തനിമയുള്ള നിലപാടുകളും അതിലൂടെ വേറിട്ട ഒരു വ്യക്തിത്വവും മിശിഹാനുഭവവും സ്വന്തമാക്കി. ഒരു കൂട്ടർ ഈശോയെ കല്ലെറിയാൻ ഒരുങ്ങിയിരിക്കുന്നു എന്നു കേട്ടപ്പോൾ തോമ്മായ്ക്കു മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ, നമുക്കും അവനോടുകൂടെ പോയി മരിക്കാം (യോഹ:16:16) എന്ന്. തോമ്മായ്ക്കു സ്വന്തമായ ചിന്തകൾ ഏറെയുണ്ടായിരുന്നു. പുതിയ നിലപാടുകളുടെ ഒരു വിത്തുപാകുന്നവനായിരുന്നു, ഒരു സ്റ്റാർട്ടർ ആയിരുന്നു തോമ്മാ. കാര്യപ്രാപ്തിയും ത്യാജ്യഗ്രാഹ്യശേഷിയും കൈമുതലായുണ്ടായിരുന്നു. സ്വതന്ത്രചിന്തകളുടെ തലത്തിൽ ആവശ്യമായ മൂലധനം ഉണ്ടായിരുന്നു. നമ്മുടെ മാനുഷികതയോട് ഏറ്റവും അടുത്തവൻ. വഴി ഞങ്ങൾക്ക് അറിയില്ല എന്നു പറയുന്നതിലും അവനോടുകൂടെ പോയി മരിക്കാം എന്നു പറയുന്നതിലും ഒരു ലാളിത്യവും ഒപ്പം, മറ്റാർക്കും പറയാൻ പറ്റാത്ത വിധത്തിലുള്ള അവധാനതയും ചേർത്തുവയ്ക്കുന്നു.

നമുക്കും പോയി മരിക്കാം. ശ്ലീഹാ എന്ന വാക്കിന്റെ അർത്ഥംതന്നെ പോകുന്നവൻ, അയയ്ക്കപ്പെട്ടവൻ എന്നാണ് (apostellos). മിശിഹാ നഷ്ടപ്പെടുന്നത് തോമ്മായ്ക്കു സഹിക്കാനാകുന്നില്ല. അവനില്ലാതെ, അവനെക്കൂടാതെ ജീവിക്കുന്നതിനെക്കാൾ മെച്ചം അവനോടുകൂടെ പോയി മരിക്കുന്നതാണ് എന്ന വലിയ ആത്മീയസത്യം നമ്മെ പഠിപ്പിക്കുകയാണ് (to die with him, rather than to live without him). തോമ്മാ ഈശോയെ ക്കൂടാതെ ജീവിക്കാൻ ആഗ്രഹിച്ചേയില്ല. ഈശോയുടെ വഴിയല്ലാതെ മറ്റൊരു വഴിയും തോമ്മായ്ക്ക് അറിയില്ല. തോമ്മാ ആത്മനാ രക്തസാക്ഷിത്വം വരിച്ചുകഴിഞ്ഞു. രക്തസാക്ഷിത്വത്തിന്റെ അസാധാരണമായ ആത്മീയവഴിയാണ് തോമ്മാ നമുക്കായി കാട്ടിത്തരുന്നത്. ഈ ഒരു തിരുവചനം വാല്യങ്ങൾ നമ്മോടു സംസാരിക്കുന്നുണ്ട്. ഈശോയെ മറ്റാരെയുംകാൾ ഇഷ്ടപ്പെട്ടതുകൊണ്ടാണ് തോമ്മാ കൂടെ മരിക്കാൻ തയ്യാറാകുന്നത്. നമുക്കും എന്നു പറഞ്ഞു മറ്റു ശിഷ്യന്മാരെയും പ്രേരിപ്പിക്കുകയാണ്. പന്ത്രണ്ടു ശ്ലീഹന്മാരുടെയും ആത്യന്തികമായ ദൗത്യം ഈശോയ്ക്കുവേണ്ടി മരിക്കുകയാണ് എന്നു പഠിപ്പിക്കുന്നു. തോമ്മായുടെ ഈ ചൈതന്യം ജീവിക്കുന്നതാണ് രക്തസാക്ഷിത്വം. തോമ്മാ എന്ന പേരുതന്നെ ഇരട്ടപിറന്നവൻ എന്നാണല്ലോ. തോമ്മായ്ക്ക് മറ്റൊരു സഹോദരനോ സഹോദരിയോകൂടി ഉണ്ട് എന്ന അർത്ഥത്തിലായിരിക്കുകയില്ല ഈ പരാമർശം. ഈശോയോടുള്ള സാധർമ്യം കൊണ്ട് മറ്റു ശിഷ്യന്മാർ തോമ്മായ്ക്കു കൊടുത്ത പേരായിരുന്നിരിക്കണം ഇരട്ടപിറന്നവൻ എന്നത്. അവർക്കു തോമ്മായുടെ മുഖത്തു നോക്കുമ്പോൾ ഗുരുവിന്റെ മുഖത്തു നോക്കുന്നതുപോലെ തന്നെ തോന്നിയിരുന്നിരിക്കും. യോഹന്നാന്റെ സുവിശേഷത്തിലെ വത്സലശിഷ്യൻ തോമ്മായാണെന്നു പറയുന്ന പണ്ഡിതന്മാരുണ്ട്. ഇവിടെ മറ്റു ശ്ലീഹന്മാരെ പഠിപ്പിക്കുന്ന തോമ്മായെയാണ് നാം കാണുന്നത്. തോമ്മാ ഒരു പ്രവാചകനെപ്പോലെ സംസാരിക്കുകയാണ്. അനശ്വരതയുടെ മൊഴികളാണ് തോമ്മായിൽനിന്നു നിർഗളിച്ചത്: "കർത്താവേ, അങ്ങ് എവിടേക്കുപോകുന്നു എന്ന് ഞങ്ങൾക്ക് അറിയില്ല. പിന്നെ എങ്ങനെ വഴി അറിയും?" (യോഹ. 14:5). പ്രവാചകധീരതയോടുകൂടിയ ഇടപെടലാണിത്. അതിന് ഈശോ നല്കുന്ന മറുപടി സ്വർഗം തുറക്കാൻ ശക്തിയുള്ളതാണ്: വഴിയും സത്യവും ജീവനും ഞാനാകുന്നു. നമുക്കും അവനോടുകൂടെ പോയി മരിക്കാം എന്നു പറയുന്നിടത്ത് മഹത്തായ കൂട്ടുത്തരവാദിത്വത്തിന്റെ പാഠം പ്രബോധിപ്പിക്കുകയാണ്. വളരെ വിദൂരമായ ഇന്ത്യയിൽ എത്തി രക്തസാക്ഷിത്വം വരിക്കുന്നതിനു മുമ്പുതന്നെ ആത്മനാ രക്തസാക്ഷിയായി. മിശിഹായുടെ ശിഷ്യരിൽ മൂന്നുപേരുടെ കബറുകളോടു ചേർന്നുമാത്രമേ വലിയ മോസുലേയം അല്ലെങ്കിൽ ബസിലിക്കാകൾ നിർമിക്കപ്പെട്ടിട്ടുള്ളൂ. റോമിൽ പത്രോസിന്റേത്, സാന്റിയാഗോയിൽ മാർ യാക്കോബിന്റേത്, ഭാരതത്തിൽ മൈലാപ്പൂരിൽ തോമ്മായുടേത് – സാന്തോം കത്തീഡ്രൽ.

**തോമ്മായുടെ സംശയം വലുതായതുകൊണ്ടല്ല, ദുഃഖം വലുതായിരുന്നതുകൊണ്ടാണ്**

ഉത്ഥിതനെ കാണാനും തൊടാനും വാശിപിടിച്ചത് സംശയം ഏറിയതുകൊണ്ടല്ല. ഗുരുവില്ലാതെ ജീവിച്ചിരുന്നിട്ടു കാര്യമില്ല എന്നുപറഞ്ഞ തോമ്മായുടെ മനസ്സാണ് ഇവിടെയും നമ്മൾ കാണേണ്ടത്. ഈശോയോട് ഇഷ്ടം കൂടിയിരുന്ന തോമ്മായ്ക്ക് ഈശോയുടെ അസാന്നിധ്യം സഹിക്കാനായില്ല. തോമ്മായുടെ ദുഃഖം മറ്റ് ഏതു ശിഷ്യന്റേതിനെയുംകാൾ വലുതായിരുന്നു. കാരണം, മറ്റാർക്കും പറ്റാത്ത രീതിയിൽ തോമ്മാ ഈശോയെ അനുഗമിച്ചിരുന്നു. മറ്റുള്ളവർ പേടിച്ചു വാതിലടച്ചിരുന്നപ്പോൾ തോമ്മാ വാതിൽ തുറന്നു പുറത്തുപോയി കർത്താവിന് എന്തു സംഭവിച്ചു



എന്ന് അന്വേഷിക്കുകയായിരുന്നു. പാശ്ചാത്യർക്ക് തോമ്മാ 'സംശയിക്കുന്നവൻ' ആകുമ്പോൾ നമുക്കു തോമ്മാ ആഴമായ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ഉടമയാണ്. "അവന്റെ കൈകളിൽ ആണിയുടെ പഴുതുകൾ *ഞാൻ* കാണുകയും അവയിൽ *എന്റെ* വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ *എന്റെ* കൈ വയ്ക്കുകയും ചെയ്തല്ലാതെ *ഞാൻ* വിശ്വസിക്കുകയില്ല" (യോഹ 20:25). ഇതിനുമുമ്പു കണ്ട രണ്ടു തിരുവചനങ്ങളിലും 'നമുക്ക്' എന്നു പറഞ്ഞിരുന്ന തോമ്മാ ഇവിടെ യുക്തിഭദ്രമായ ദാർശനികതയോടെ 'ഞാൻ, എന്റെ' എന്നാണു പറയുന്നത്. ഇതും വേറിട്ട, തനിമയുള്ള തോമ്മായിലേക്കുള്ള സൂചനയാണ്. തോമ്മാസംസ്കാരം ഒരു അനുഭവസംസ്കാരമാണ്. തോമ്മാമാർഗം ഈ അനുഭവമാണ്.

**ഈശോയുടെയും തോമ്മായുടെയും പാർശ്വത്തിലെ മുറിവ്**

തോമ്മാ ഈശോയിലുള്ള വിശ്വാസത്തിന്റെ പേരിലാണു രക്തസാക്ഷിയായത്. കുന്തത്താൽ മുറിവേറ്റ ഈശോയുടെ പാർശ്വത്തിൽനിന്നാണ് രക്തവും ജലവും ഒഴുകിയത്. വിശുദ്ധ രഹസ്യങ്ങളിലേക്കാണ് അത് നമ്മെ എത്തിക്കുന്നത്. അവന്റെ പാർശ്വത്തിലെ മുറിപ്പാടുകൾ കണ്ടു സ്പർശിക്കുന്നതിനുവേണ്ടിയാണ് തോമ്മാ വാശിപിടിച്ചത്. മുറിവുകളിൽനിന്നാണ് ആഴമായ ബോധ്യങ്ങൾ വരുന്നത്. കൊറോണ, ലോകം മുഴുവനിലും മുറിവുകൾ സമ്മാനിച്ചു. പരിണതഫലം ദൈവത്തിങ്കലേക്കു നോക്കാനും തിരിയാനുമുള്ള ആഭിമുഖ്യമാകാം. തോമ്മായ്ക്കു കിട്ടിയതും ശൂലത്താൽ ഒരു കുത്താണ്. ഈശോയുടെ പാർശ്വത്തിലെ spearmark – മുറിപ്പാടുകൾ കാണാതെ സമ്മതിക്കില്ല എന്നു നിലപാട് എടുത്ത തോമ്മായ്ക്ക്, സാമ്യത്തിൽ ഈശോയെപ്പോലെ ഇരുന്ന തോമ്മയ്ക്ക്, ഈശോയില്ലാതെ ജീവിച്ചിരിക്കില്ല എന്നു പഠിപ്പിച്ച തോമ്മായ്ക്ക്, ഇതിൽപ്പരം എന്തു സാമ്യമാണ് ഈശോയുമായി ഈ ലോകത്തിൽ കിട്ടേണ്ടത്! ഈശോയിൽ ലയിക്കാൻ ആഗ്രഹിച്ച തോമ്മാ അവിടുത്തെ മുറിപ്പാടുകൾക്കുവേണ്ടി കേണപേക്ഷിച്ചു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന തിരുവചനത്തിൽ എല്ലാമുണ്ട്. പഴയ നിയമവും പുതിയ നിയമവും ഇവിടെ ഒരുമിച്ചുചേരുന്നു. രണ്ടിനും തോമ്മാ നൽകുന്ന വ്യാഖ്യാനവിശകലനമാണിത്. വളരെ ആഴമായ മൗതികദൈവശാസ്ത്രമാണ് ഇവിടെ നാം കാണുന്നത്. യോഹന്നാനിൽ മാത്രം കാണുന്ന പാരമ്പര്യത്തിന്റെ കലവറയാണ് ഈ തോമ്മാച്ചിത്രം. ഒന്നും നഷ്ടപ്പെടാതെ എല്ലാം സൂക്ഷിക്കണമെന്ന തിരുവെഴുത്ത് ഇവിടെ ഒരിക്കൽക്കൂടി പൂർത്തിയാകുന്നു. മറ്റു സുവിശേഷകന്മാർക്കു കിട്ടാത്ത തോമ്മാപാരമ്പര്യം യോഹന്നാനു ലഭിച്ചു.

യുക്തിയും ഭക്തിയും ഒരുമിച്ചുചേരുന്നത് തോമ്മായുടെ മാർ ഉവാലാഹിലാണ്. ഭൂതവും ഭാവിയും കൂടിക്കലരുന്നത് ഇവിടെയാണ്. വിശാലലോകത്തെ സുവിശേഷവത്കരിക്കാനും ഏറ്റവും കൂടുതൽ യാത്ര ചെയ്യാനും തോമ്മായെ ഒരുക്കിയത് ഈ മുറിപ്പാടുദർശനമാണ്. ദൈവഭക്തിയിൽ, മിശിഹാനുഭവത്തിൽ തോമ്മാ കത്തിജ്ജ്വലിക്കുന്നതാണ് 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്നത്. തോമ്മാ ഉത്ഥിതനെ സ്പർശിച്ചോ എന്നതിനെക്കാൾ ഉത്ഥിതൻ തോമ്മായെ സ്പർശിച്ചു എന്നതാണു സത്യം. ഈ ജ്വാലയാൽ അദ്ദേഹം കിഴക്കൻരാജ്യങ്ങളിൽ മിശിഹായുടെ പ്രഭ വിതറി. ഉത്ഥിതനുമായുള്ള കണ്ടുമുട്ടലിൽ തോമ്മാ ഒരു മിസ്റ്റിക്കായി മാറി. നിറഞ്ഞുകവിയുന്ന കൽഭരണിയായി തോമ്മാ മാറിക്കഴിഞ്ഞു. ദൈവികമായ ഒരു മാനുഷികതയിൽ തോമ്മാ നിറഞ്ഞു. ശക്തിയുള്ളവൻ എന്നതിനെക്കാൾ സ്വാധീനമുള്ളവനായി. മറ്റു ശിഷ്യന്മാർ വിശ്വാസികളായി മാറിയപ്പോൾ തോമ്മാ ദൃഢവിശ്വാസിയായി. ഈശോയുടെ തനിരൂപമായി മാറിയ ഒരു തോമ്മായെയാണ് നാം കാണുന്നത്. ഈശോ ഭാരതത്തിലിട്ട അഗ്നിയായിരുന്നു തോമ്മാ. ഇന്ന് അത് ലോകം മുഴുവനിലും കത്തിപ്പടർന്നു. മിശിഹാനുഭവത്തിൽ പൂർണമായും നിറയപ്പെട്ട ഒരു ആത്മീയബാറ്ററിയായി മാറി, ഹൈവോൾട്ടേജിൽ എത്തി. ദുക്റാന നമുക്ക് മേൽത്തരം നാർദീൻ തൈലംനിറഞ്ഞ വെൺകൽഭരണി തുറക്കുന്നതുപോലെയാണ്. അതിന്റെ സുഗന്ധം സീറോ മലബാർ സഭയിൽ ആകമാനം പരന്നിട്ടുണ്ട്. തോമ്മാ ഉത്ഥിതനിൽനിന്ന് അനന്യമായ പാഠം പഠിച്ചു. നമ്മളും പഠിക്കണം. ഈശോയിൽനിന്നു തോമ്മാ സ്വന്തമാക്കിയ മിശിഹാനുഭവത്തിന്റെ അടയാളവും സാക്ഷ്യപത്രവുമാണ് നസ്രാണികൾ – ഒരു തോമ്മാരാജ്യം തന്നെ. യുക്തിയും ഭക്തിയും ബുദ്ധിയും കൂട്ടിയിണക്കിക്കൊണ്ടു നടക്കുന്നവരാണ് നസ്രാണികൾ. ക്രൈസ്തവദാർശനികതയുടെയും ക്രൈസ്തവ ആത്മീയതയുടെയും ഐക്കണാണ് തോമ്മാശ്ലീഹാ. ഏറ്റവും നല്ല മിഷനറിയായിരുന്നു തോമ്മാ. ഈശോയുടെയും തോമ്മായുടെയും മുറിപ്പാടുകളിൽനിന്നു നിരന്തരം പാഠം പഠിക്കുന്നവരാകണം നമ്മൾ.

സംഗീതവും കഥകളും ഏതൊരു സമൂഹത്തിന്റെയും ജീവസ്രോതസ്സുകളാണ്, വൃക്കകളാണ്. പാട്ടുപാടുകയും കഥപറയുകയും ചെയ്യാത്ത സമൂഹത്തിനു ജീവനില്ല. ക്രൈസ്തവർക്ക് ഏറെ ചരിത്രവും കഥകളും പറയാനുണ്ട്. സുറിയാനിപാരമ്പര്യം മുഴുവനും തോമ്മായെക്കുറിച്ചുള്ള ചരിത്രവും പാട്ടുകളും കലകളും കഥകളുമാണ്. ഈ തോമ്മാചരിത്രം നാം നിരന്തരം കേൾപ്പിച്ചുകൊണ്ടിരിക്കണം. ദുക്റാന നമുക്കു നമ്മുടെ ശ്ലീഹായുടെ രക്തസാക്ഷിത്വവും, സഭയുടെ ലിറ്റർജിയും, ചരിത്രവും, ആരാധനഭാഷയും കൂടുതൽ പഠിച്ചെടുക്കാനുള്ള അവസരമായിരിക്കണം. നമ്മുടെ സഭയുടെ വിശ്വാസപ്രഖ്യാപനദിവസംകൂടിയാണിത്. 'ആപത്തിൽ ആലാഹ കൂടെയുണ്ട്. താപത്തിൽ തോമ്മായും കൂടെയുണ്ട്' എന്ന ചൊല്ലു മറക്കാതിരിക്കാം.

എസ്. ഗുപ്തൻനായരുടെ ആത്മകഥയുടെ പേരാണ് മനസാസ്മരാമി. മനസ്സുകൊണ്ട് സ്മരിക്കുന്നത് എന്നർത്ഥം. ദുക്റാന നമ്മുടെ മനസാസ്മരാമിയാണ്. സഭയുടെ മനസ്സിൽ നിക്ഷേപങ്ങളും ഓർമകളുമായിട്ടു കിടക്കുന്നതെല്ലാം നാം ഓർത്തെടുക്കുകയാണ്. എന്നും ഓർമകളുള്ള സഭയാണ് നമ്മുടേത്. മുറിവേറ്റ ഈശോയിലും തോമ്മായിലും അഭിമാനംകൊള്ളാം. നമ്മുടെ പിതാവായ തോമ്മായുടെ മാർഗത്തിൽ നടക്കാം. തോമ്മാമാർഗംമാത്രമാണ് നമുക്ക് ഒരിക്കലും തെറ്റാത്ത വഴി.

■

# നിഴലും വെളിച്ചവുമായി ക്ലബ് ഹൗസ്



ഫാ. ജീമോൻ
പനച്ചിക്കൽ കരോട്ട്

**ഐ**സലേഷൻ, ക്വാറന്റൈൻ, കണ്ടെയ്ൻമെന്റ് സോൺ, ലോക്ക്ഡൗൺ തുടങ്ങിയ പദങ്ങൾ നമുക്ക് സുപരിചിതമായിക്കഴിഞ്ഞു. ഈ അവസ്ഥകളിലൂടെ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. എന്നാൽ, സ്വൈരജീവിതത്തിനും സ്വാതന്ത്ര്യത്തിനും പൂട്ടുവീഴുന്ന കാലത്തും മനുഷ്യൻ ഏകനല്ലെന്നും, അവൻ സമൂഹജീവിയാണ് എന്നും സോഷ്യൽ മീഡിയ നമുക്ക് കാണിച്ചുതരുന്നു. ലോകത്തിന്റെ ഏതു കോണിലും ഇരുന്നുകൊണ്ട് മാസ്കും മേക്കപ്പും ഇല്ലാതെ വലിയൊരു സദസ്സിനോടു സംവദിക്കാനും അറിവു നേടാനും ആശയങ്ങൾ പങ്കുവയ്ക്കാനും അവസരം നൽകുന്ന സോഷ്യൽ മീഡിയരംഗത്തെ നവാഗതതാരമായ ക്ലബ് ഹൗസ് ആണ് ഒരു മാസത്തോളമായി മലയാളികളുടെ ശ്രദ്ധാകേന്ദ്രം. എന്താണീ ക്ലബ് ഹൗസ്?

വാട്സാപ്പും ഫേസ്ബുക്കും യൂറ്റ്യൂബും ഇൻസ്റ്റഗ്രാമും ടിറ്ററുമൊക്കെ നിറഞ്ഞാടുന്ന സോഷ്യൽ മീഡിയയുടെ ലോകത്തേക്ക് നമ്മുടെ ശ്രദ്ധയാകർഷിച്ച പുതിയ ആപ്ലിക്കേഷനാണ് ക്ലബ് ഹൗസ്. പോൾ ഡേവിസനും ഇന്ത്യൻ വംശജൻ രോഹൻ സേത്തും ചേർന്ന 'ആൽഫ എക്സ്പ്ലൊറേഷൻ കമ്പനി' 2019-ലാണ് അമേരിക്കയിൽ ഇതിനു തുടക്കമിട്ടത്.




2020 മാർച്ചിൽ ക്ലബ് ഹൗസ് ലോഞ്ച് ചെയ്തു. ഐഒഎസ് പ്ലാറ്റ്ഫോമിൽ മാത്രമായിരുന്ന ക്ലബ് ഹൗസ് ആൻഡ്രോയ്ഡ് ഉപഭോക്താക്കൾക്കും ലഭ്യമായതോടെ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ക്ലബ് ഹൗസിന്റെ പ്രചാരം ഉയർന്നു.

ഈ ആപ്ലിക്കേഷൻ നിലവിൽ ബീറ്റാ വേർഷനായതിനാൽ ക്ലബ് ഹൗസിൽ ഉള്ള ഒരാളുടെ ക്ഷണംവഴി മാത്രമേ പുതിയ ഒരാൾക്ക് ഇതിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. ഇൻവിറ്റേഷൻ ലഭിക്കുന്നതിലൂടെ പുതുതായി പ്രവേശിക്കുന്നയാൾക്ക് വേറേ അഞ്ചു പേർക്ക് ഇൻവിറ്റേഷൻ നല്കാൻ കഴിയും. ക്ലബ് ഹൗസിൽ പ്രവേശിക്കുന്ന വ്യക്തിക്ക് മറ്റു വ്യക്തികളെയും പതിവായി സംവാദങ്ങൾ സംഘടിപ്പിക്കുന്ന ക്ലബ്ബുകളെയും സേർച്ച് ചെയ്തു ഫോളോ ചെയ്യാനും സാധിക്കും. ക്ലബ് ഹൗസിൽ അംഗമായ ആർക്കും ഒരു റൂം തുടങ്ങാവുന്നതാണ്. റൂം രൂപീകരിച്ചാൽ മാത്രമേ രണ്ടോ അതിലധികമോ വ്യക്തികൾ തമ്മിൽ സംസാരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ ഒരു റൂമിൽ പരമാവധി 8002 അംഗങ്ങളെവരെയാണ് ഉൾപ്പെടുത്താൻ കഴിയുന്നത്.

**കടന്നുചെല്ലാം ക്ലബ് ഹൗസിലേക്ക്**

ക്ലബ് ഹൗസ് എന്നത് ചർച്ചകൾ നടക്കുന്ന റൂമുകളും, ഒരു വിഷയത്തിൽ താത്പര്യമുള്ളവർക്കു പതിവായി സംസാരിക്കാനുള്ള ഇടവുമാണ്. ഇങ്ങനെ മൂന്നു തരത്തിൽ റൂമുകൾ ഉണ്ടാക്കാം: ലോകത്തെവിടെയുമുള്ള ക്ലബ് ഹൗസ് അംഗങ്ങൾ ആർക്കും പങ്കുചേരാവുന്ന തുറന്ന റൂമുകൾ, റൂം രൂപീകരിച്ച വ്യക്തിയുടെ ഫോളോവേഴ്സിനു മാത്രം പങ്കെടുക്കാൻ സാധിക്കുന്ന സോഷ്യൽ റൂമുകൾ, അതുപോലെ തീർത്തും സ്വകാര്യമായുള്ള അടച്ചിട്ട റൂമുകൾ.

ചർച്ചകൾ സംഘടിപ്പിക്കുന്ന റൂമിൽ ആരാണു സംസാരിക്കേണ്ടത് എന്നു തീരുമാനിക്കുക മോഡറേറ്ററാണ്. ഒരു റൂമിൽ 'സ്പീക്കേഴ്സും' 'ലിസ്സനേഴ്സും' ഉണ്ടായിരിക്കും. അതായത്, ചർച്ചയിൽ സംസാരിക്കാൻ കഴിയുന്ന സ്റ്റേജിലുള്ളവരും, റൂമിൽ പറയുന്ന കാര്യങ്ങൾ കേൾക്കാൻ പറ്റുന്ന സദസ്സിലുള്ളവരും.

**സാധ്യതകൾ**

ഒത്തിരിയേറെ സാധ്യതകൾ തുറന്നിടുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം ആണ് ക്ലബ് ഹൗസ്. എവിടെ ഇരുന്നുകൊണ്ടും ഇഷ്ടമുള്ള വിഷയങ്ങളെക്കുറിച്ചു പറയാനും ചർച്ച ചെയ്യാനും സാധിക്കുന്ന ഒരിടംകൂടിയാണ് ക്ലബ് ഹൗസ്. സമാന ചിന്താഗതിക്കാരുമായി ചർച്ചകളിൽ പങ്കെടുക്കുകവഴി അറിവുകൾ നേടാനും നമ്മുടെ ആശയങ്ങൾ അവതരിപ്പിക്കാനും സാധിക്കുന്നു. സഭാകമ്പം ഇല്ലാതെ നമുക്കു സംസാരിക്കാം, കാരണം, ഇതിൽ വോയിസ് മാത്രമേ വരുന്നുള്ളൂ. മുഖാഭിമുഖസംഭാഷണം കൂടാതെ കാര്യങ്ങൾ അവതരിപ്പിക്കാം. പൊതുവായുള്ള ചർച്ചകളിൽ പങ്കെടുക്കുകവഴി ആശയവിനിമയത്തിനുള്ള കഴിവ് കൂടുന്നു. നമ്മൾ പറയുന്ന കാര്യങ്ങൾ കേൾക്കുവാനും അഭിപ്രായം പറയുവാനും കേൾവിക്കാരുടെ വലിയൊരു നിരതന്നെ ലഭിക്കുന്നു.

സോഷ്യൽ മീഡിയയിലേക്ക് ബന്ധങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുന്നു. ഓരോ വിഷയത്തിലും പാണ്ഡിത്യമുള്ള ആളുകളുമായി ചർച്ച ചെയ്യുന്നതുവഴി ഒരു സോഷ്യൽ മീഡിയപോലെയോ, ബ്രോഡ്കാസ്റ്റിങ് മീഡിയപോലെയോ റേഡിയോപോലുള്ള ഒരു മാസ് മീഡിയപോലെയോ ക്ലബ് ഹൗസ് ഉപയോഗിക്കാം. സംസാരിക്കാൻ കഴിവുള്ള ആളുകൾക്ക് അവരുടെ ആശയം അവതരിപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല ഒരു പ്ലാറ്റ്ഫോം കൂടിയാണ് ക്ലബ് ഹൗസ്.

**അപകടങ്ങളും വെല്ലുവിളികളും**

നിലവിലുള്ള സാമൂഹികമാധ്യമങ്ങളെപ്പോലെ ക്ലബ് ഹൗസും ഏറെ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. വ്യാജ ഐഡികളുടെ രംഗപ്രവേശം ആശങ്കയുണ്ടാക്കുന്ന ഒരു പ്രധാന കാര്യമാണ്. ആർക്കു വേണമെങ്കിലും ഏതു വിഷയത്തിലുമുള്ള ചർച്ചാറൂമുകൾ ഇവിടെ തുടങ്ങാവുന്നതാണ്. അതിനാൽത്തന്നെ പങ്കെടുക്കുന്ന വ്യക്തികളുടെ ആധികാരികത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഇങ്ങനെ ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ 'വ്യാജ വിദഗ്ദ്ധർ' തെറ്റുധാരണ സൃഷ്ടിക്കുന്ന വിവരങ്ങൾ വിദഗ്ധമായി പങ്കുവയ്ക്കുന്നു. പല വിഷയത്തെക്കുറിച്ചും തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിന് ഇത്തരം ക്ലബ് ഹൗസ് ചർച്ചകൾ കാരണമാകുന്നുണ്ട്എന്നതുംവാസ്തവമാണ്.

വ്യാജ ഐഡികൾവഴി പല ദുരുപയോഗങ്ങളും ക്ലബ് ഹൗസിലും നടക്കുന്നു. തീവ്രവാദസംഘങ്ങളും സെക്സ് റാക്കറ്റുകളും മയക്കുമരുന്ന് ഗ്രൂപ്പുകളും ക്ലബ് ഹൗസിൽ വ്യത്യസ്ത ചാറ്റ്റൂമുകൾ നടത്തുകയും വ്യാജ ഐഡികളിൽ മറഞ്ഞിരുന്ന് അവർക്കു വലയിലാക്കേണ്ടവരെ കണ്ടെത്തുകയും, ആവശ്യമായ വ്യക്തിവിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.

ക്ലബ് ഹൗസ് കേരളത്തിൽ പിറവിയെടുത്ത ആദ്യദിനങ്ങളിൽ വിവിധ വിഷയങ്ങളിൽ പ്രമുഖർ പങ്കെടുത്ത ആരോഗ്യകരമായ ചർച്ചകളാണ് കാണാൻ സാധിച്ചത്. എന്നാൽ, തുടർന്നുള്ള ദിവസങ്ങളിൽ ചർച്ചയുടെ ഗതിമാറി. ആരോഗ്യകരമായ ചർച്ചകളുടെ എണ്ണം കുറയുകയും ദുരുപയോഗത്തിനുള്ള ഇടങ്ങളായി ക്ലബ് ഹൗസ് മാറ്റപ്പെടുകയും ചെയ്തു.

ഇത്തരത്തിൽ ലൈവ് ആയി നടക്കുന്ന ചർച്ചകൾ റെക്കോർഡ് ചെയ്യാൻ സാധ്യമല്ല എന്ന് ക്ലബ് ഹൗസ് വ്യക്തമാക്കുന്നുണ്ടെങ്കിലും സ്മാർട്ട് ഫോണിൽ സ്ക്രീൻ റെക്കോർഡ് വഴി ഈ ചർച്ചകൾ റെക്കോർഡ് ചെയ്യാൻ സാധിക്കും. ഇത്തരത്തിൽ റെക്കോഡ് ചെയ്യപ്പെട്ട അശ്ലീലസംഭാഷണങ്ങൾ അടങ്ങിയ നിരവധി വീഡിയോകൾ വാട്സാപ്പിൽ പ്രചരിക്കുന്നുണ്ട്.

ക്ലബ് ഹൗസ് ചാറ്റ്റൂമുകളിലും അവിടുത്തെ ചർച്ചകളിലും പെട്ടുപോയി സമയം നഷ്ടപ്പെടുന്നു എന്നത് വലിയ ഒരു വെല്ലുവിളിയാണ്. ഒരു മണിക്കൂർ ഉദ്ദേശിച്ചാരംഭിച്ച പല ചർച്ചകളും എട്ടും പത്തും മണിക്കൂറുകളിലേക്കും നീണ്ട പോയത് ക്ലബ്ഹൗസ് ചർച്ചകളിൽ പങ്കുചേർന്ന പലരുടെയും അനുഭവമാണ്.

ക്ലബ് ഹൗസിലെ ചാറ്റ്റൂമുകൾക്കു സഭാവിശ്വാസികളെ ആകർഷിക്കത്തക്ക പേരുകൾ നൽകി അവിടെ സഭാവിരുദ്ധ ചർച്ചകളും സഭയെയും വിശ്വാസത്തെയും കളിയാക്കിയുള്ള ട്രോൾ ചർച്ചകളും നടത്തുന്നതിനും ഉപയോഗിക്കുന്നുണ്ട്. വൈദികരുടെയും സന്ന്യസ്തരുടെയും പേരും ഫോട്ടോയുമുള്ള വ്യാജപ്രൊഫൈലുകൾപോലും അവരെ അവഹേളിക്കാനും താഴ്ത്തിക്കെട്ടാനുമൊക്കെ ഉപയോഗിക്കുന്നു. സഭാവിരുദ്ധർ ഇത്തരം ചർച്ചകളിലൂടെ സഭയിലെ വ്യത്യസ്ത സംഘടനകൾക്കിടയിൽ ഭിന്നത സൃഷ്ടിക്കാനും ശ്രമിക്കുന്നു. പക്വതയോടെ സമീപിച്ചാൽ അറിവിന്റെ പുതിയ ചക്രവാളങ്ങളിലേക്കു നമ്മെ നയിക്കുകയും മറിച്ചായാൽ ദുരന്തങ്ങളിലേക്കു വീഴ്ത്തുകയും ചെയ്യുന്ന ഒരു മാധ്യമമാണ് ഈ ഓഡിയോ ചാറ്റ് ആപ്ലിക്കേഷൻ.

**വേണ്ടത് വിവേകവും ജാഗ്രതയും**

ദിനംപ്രതി ആഗതമാകുന്ന ഇത്തരം നവമാധ്യമങ്ങളെ ഭയത്തോടെ നോക്കിക്കാണാതെ അവയെ വിവേകത്തോടും മൂല്യബോധത്തോടുംകൂടി ഉപയോഗിക്കാൻ സ്വയം പരിശീലിക്കുകയും നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും ബോധവത്കരിക്കുകയുമാണ് വേണ്ടത്.

1. ക്ലബ് ഹൗസ് സമയപരിധി നിശ്ചയിച്ച് ഉപയോഗിക്കുക. അനാവശ്യമായി വരുന്ന നോട്ടിഫിക്കേഷൻ ഒഴിവാക്കാൻ ക്ലബ് ഹൗസ് സെറ്റിങ്സിൽ നോട്ടിഫിക്കേഷൻ പോസ് ചെയ്യുന്നത് നല്ലതായിരിക്കും.
2. ഒരു വിഷയത്തെക്കുറിച്ച് ആധികാരികമായ അറിവു ലഭിക്കുന്നതിനുവേണ്ടി ക്ലബ്ഹൗസിനെ ഒരിക്കലും ആശ്രയിക്കരുത്. വിമർശനബുദ്ധിയോടെ മാത്രമേ അവിടെ ചർച്ച ചെയ്യപ്പെടുന്ന കാര്യങ്ങൾ കേൾക്കുകയും വിവരങ്ങൾ സ്വീകരിക്കുകയും ചെയ്യാവൂ.
3. ചതിക്കെണികൾ ഒരുക്കി കാത്തിരിക്കുന്ന ചാറ്റ് റൂമുകൾ അനേകമുണ്ടെന്നു ജാഗ്രതയോടെ ഓർക്കേണ്ടതാണ്. ക്ലബ് ഹൗസിലെ റൂമുകളിൽ നമ്മുടെയോ മറ്റുള്ളവരുടെയോ വ്യക്തിപരമായ വിവരങ്ങൾ കൈമാറുന്നത് ബുദ്ധിശൂന്യതയാണ്.
4. ക്ലബ്ഹൗസ് റൂമുകൾ പൊതുവിടമാണ്. രഹസ്യമായി പറയുകയും, ചർച്ച ചെയ്യുകയും ചെയ്യേണ്ട കാര്യങ്ങൾ ഈ റൂമുകളിൽ സംസാരിക്കരുത്. അറിവുള്ളതിനെപ്പറ്റി മാത്രം അഭിപ്രായം പറയുക.

**സഭ ചെയ്യേണ്ടതെന്ത്?**

ക്രിസ്തീയമൂല്യങ്ങളെ നമ്മുടെ പുതിയ തലമുറകളിലേക്ക് എത്തിക്കാനും വചനം പങ്കുവയ്ക്കാനും വിശ്വാസപരിശീലനം നടത്താനുമുള്ള പുതിയ ഇടങ്ങളായി ഇതു മാറണം. വിശ്വാസികൾക്ക് അവരുടെ ആകുലതകൾ തുറന്നു പറയാനും വിശ്വാസസംബന്ധമായ സംശയങ്ങൾ തീർക്കാനുമുള്ള പുതിയ ഒരു ഇടം. നമ്മുടെ കുട്ടികളും യുവാക്കളും ഇപ്പോൾ കൂടുതൽ സമയം ആയിരിക്കുന്ന ഈ ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ നമുക്ക് പരിശ്രമിക്കാം. ഒളിഞ്ഞിരിക്കുന്ന ചതിയുടെയും വർഗീയതയുടെയും വഞ്ചനയുടെയും കാപട്യത്തിന്റെയും വിഷവായു നിറഞ്ഞ 'റൂമുകൾ' നമ്മുടെ യുവതലമുറയെ മാടിവിളിക്കുമ്പോൾ, ദൈവസ്നേഹത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും അറിവിന്റെയും ദൈവകരുണയുടെയും വചനപ്രഘോഷത്തിന്റെയും സൗരഭ്യം നിറഞ്ഞ അനേകായിരം 'റൂമുകൾ' തുറക്കുവാൻ ക്ലബ് ഹൗസ് അവസരം ഒരുക്കുന്നു. അതിനു സാധിക്കട്ടെ.

ദളം ഒന്ന്

# ഉണ്ണീരിയമ്മ പറഞ്ഞ കഥകൾ





മോബിൻ മോഹൻ

# ആനസമ്മാനം

മുത്തശ്ശിക്കഥ കേൾക്കാൻ ഇഷ്ടമില്ലാത്തവരായി ആരെങ്കിലുമുണ്ടോ? 'ഒരിടത്തൊരിടത്ത്' അല്ലെങ്കിൽ 'പണ്ടുപണ്ട്' എന്നു പറഞ്ഞുതുടങ്ങുന്ന മുത്തശ്ശിക്കഥകളിൽ കഥ മാത്രമല്ല കാര്യവുമുണ്ട്.

അങ്ങനെയൊരു മുത്തശ്ശി നമുക്കുമുണ്ട്. ഉണ്ണീരിമുത്തശ്ശി എന്ന ഉണ്ണീരിയമ്മ. എത്രയെത്ര കഥകളാണെന്നോ ഉണ്ണീരിയമ്മയ്ക്ക് അറിയാവുന്നത്. കഥകൾ മാത്രമല്ല ചരിത്രവും ശാസ്ത്രവും നാട്ടറിവുകളും കേട്ടറിവുകളും എല്ലാം



ഉണ്ണീരിയമ്മ പറഞ്ഞുതരും. കേരളപുരം സ്കൂളിലെ എല്ലാവർക്കും പ്രിയപ്പെട്ട ടീച്ചറമ്മയായിരുന്നു. ഗ്രാമത്തിലെ കുട്ടികളെ ആദ്യാക്ഷരം എഴുതിച്ചതും അറിവിന്റെ വെളിച്ചത്തിലേക്കു നയിച്ചതും ഉണ്ണീരിയമ്മതന്നെ.

ഉണ്ണീരിയമ്മയുടെ കഥകൾ കേൾക്കാൻ ആരൊക്കെയാണ് ഒത്തുചേരുന്നത് എന്നറിയേണ്ടേ?

പേരക്കുട്ടികളായ കുഞ്ഞുണ്ണിയും അമ്മാളുവും അവരുടെ ചങ്ങാതി ജോണിക്കുട്ടിയും പിന്നെ ഇട്ടിണ്ടാനും.

വലിയ കുട്ടിയായിട്ടും ഇപ്പോഴും നിക്കറിട്ട്, കുട്ടികൾക്കൊപ്പം കളിക്കാൻ കൂടുന്ന, കുഞ്ഞുമനസ്സും കുഞ്ഞുബുദ്ധിയുമുള്ള, ആർക്കുവേണമെങ്കിലും പെട്ടെന്നു പറ്റിക്കാവുന്ന, ഒരുപാട് സ്നേഹമുള്ള ഇട്ടിണ്ടാൻ.

ഒരു ദിവസം ഉണ്ണീരിയമ്മയുടെ ചുറ്റിനും കുട്ടിസംഘം ഒത്തുകൂടി. എവിടെ ഇട്ടിണ്ടാൻ? ഉണ്ണീരിയമ്മ ചോദിച്ചു.

കുട്ടികൾ പരസ്പരം നോക്കി ചിരിക്കാൻ തുടങ്ങി. "കുഞ്ഞുണ്ണി ഇട്ടിണ്ടാനെ പറ്റിച്ചു."

അമ്മാളു തുടർന്നു:

"കവലയിൽ ഒരു കച്ചവടക്കാരൻ ആളുകൾക്കു സമ്മാനമായി കുട്ടിയാനയെ കൊടുക്കുന്നുണ്ടെന്ന് കുഞ്ഞുണ്ണി പറഞ്ഞു. പാവം ഇട്ടിണ്ടാൻ അങ്ങോട്ടേക്ക് ഓടി."

"ഇട്ടിണ്ടാന്റെ ഒരു കാര്യം. ആരെങ്കിലും സമ്മാനമായി ആനയെ കൊടുക്കുമോ?"

ജോണിക്കുട്ടി പൊട്ടിച്ചിരിക്കാൻ തുടങ്ങി.

ഉണ്ണീരിയമ്മ അപ്പോൾ ഒരു കഥ പറഞ്ഞുതുടങ്ങി:

"ആനയെ സമ്മാനം കൊടുത്ത ഒരാളെപ്പറ്റിയാണ് ഇന്ന് ഞാൻ പറയാൻ പോകുന്നത്."

കുട്ടികൾ ഉത്സാഹത്തോടെ ഉണ്ണീരിയമ്മയുടെ മുഖത്തേക്കു നോക്കി.

"നമ്മുടെ രാജ്യത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രിയെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ?"

"ചാച്ചാജി... ചാച്ചാജി... നെഹ്റുജി."

കുട്ടികൾ ഉത്തരം പറഞ്ഞു.

ഉണ്ണീരിയമ്മ കഥ തുടങ്ങി:

"പൂക്കളെയും കുട്ടികളെയും അത്രമേൽ ഇഷ്ടപ്പെട്ടിരുന്ന പ്രധാനമന്ത്രിയായിരുന്നു ജവഹർലാൽ നെഹ്റു. എത്ര തിരക്കുണ്ടെങ്കിലും കുഞ്ഞുങ്ങളുമായി സംസാരിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് ഒരു കത്തു വന്നു. ജപ്പാനിലെ കുട്ടികൾ എഴുതിയ കത്തായിരുന്നു അത്. ഭാരതത്തിലെ മാത്രമല്ല, ലോകത്തുള്ള എല്ലാ കുട്ടികളുടെയും പ്രിയപ്പെട്ട ചാച്ചാജി ആയിരുന്നുവല്ലോ അദ്ദേഹം.

കത്തിൽ ഇതായിരുന്നു ആവശ്യം: രണ്ടാം ലോകമഹായുദ്ധം അവരുടെ ഉറ്റവരെയും ഉടയവരെയും മാത്രമല്ല നഗരങ്ങളെയും ഇല്ലാതാക്കി. ടോക്കിയോയിലെ മൃഗശാലയിൽ രണ്ട് ആനകളാണ് ഉണ്ടായിരുന്നത്, അണുബോംബ് രണ്ടിന്റെയും ജീവനെടുത്തു. ചാച്ചാജി അവർക്ക് ഒരു ആനയെ സമ്മാനമായി നൽകണം എന്നതായിരുന്നു അവരുടെ ആവശ്യം. കുട്ടികളുടെ ആവശ്യമല്ലേ, ചാച്ചാജിക്ക് ഒഴിവാക്കാനാകുമോ? ജപ്പാനിലെ കുട്ടികൾക്കുവണ്ടി അദ്ദേഹം ഒരു ആനയെ കണ്ടെത്തി. മൈസൂരിൽനിന്നു കൊണ്ടുവന്ന കുട്ടിയാനയ്ക്ക് അദ്ദേഹം തന്റെ മകളുടെ പേരു തന്നെ ഇട്ടു. ഇന്ദിര. ജപ്പാനിലെ കുട്ടികൾ കുട്ടിയാനയ്ക്കു ഗംഭീരമായ സ്വീകരണമാണ് ഒരുക്കിയത്. ജപ്പാനിലെ കുട്ടികളോടു നെഹ്റു പറഞ്ഞത് ഇത് താൻ തരുന്ന സമ്മാനമല്ല ഇന്ത്യയിലെ കുട്ടികൾ ജപ്പാനിലെ കുട്ടികൾക്കു നൽകുന്ന സ്നേഹസമ്മാനമാണ് എന്നാണ്. ഇന്ദിര എന്ന ആന രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദത്തിന്റെ പ്രതീകമായി മാറി. ജപ്പാനിലെ കുട്ടികൾക്കു കിട്ടിയ വ്യത്യസ്തമായ സമ്മാനത്തെപ്പറ്റി അറിഞ്ഞു മറ്റു രാജ്യങ്ങളിലെ കുട്ടികളും നെഹ്റുവിനു കത്തെഴുതി. അങ്ങനെ ജർമനിയിലേക്കും കാനഡയിലേക്കും തുർക്കിയിലേക്കും ചൈനയിലേക്കും സോവിയറ്റ് യൂണിയനിലേക്കുമൊക്കെ ഇന്ത്യയിൽനിന്ന് ആനസമ്മാനം എത്തി. ലോകത്തുള്ള എല്ലാ കുട്ടികളുടെയും പ്രിയപ്പെട്ട ആനയപ്പൂപ്പനായി അങ്ങനെ നെഹ്റു മാറി."

കഥ പറഞ്ഞു കഴിഞ്ഞപ്പോൾ അമ്മാളു പറഞ്ഞു:

"എങ്കിൽ ഞാനും ചാച്ചാജിക്ക് കത്ത് എഴുതുമല്ലോ?"

ഉണ്ണീരിയമ്മയും കുഞ്ഞുണ്ണിയും ജോണിക്കുട്ടിയും അമ്മാളുവിനെ നോക്കി ചിരിക്കുമ്പോൾ അങ്ങകലെനിന്ന് ഇളിഭ്യനായി ഇട്ടിണ്ടാൻ നടന്നുവരുന്നുണ്ടായിരുന്നു.

*(തുടരും)*

കവിത

ശങ്കരൻ കോറോം


## ശീലം

നാടേതു  
തന്നെയെന്നാകിലും  
പൂങ്കോഴി കൂവും പുലർച്ചെ.

മയിലുകൾ  
പീലിവിടർത്തും  
നർത്തനമാടിടും നീളെ.

പൂക്കളോ  
സുഗന്ധം പരത്തും  
ചിത്രശലഭത്തെയൂട്ടും.

മാനുഷർ  
പല രീതികൊള്ളും  
ഒന്നുമറിയാത്ത ഭാവമാടിടും!



# മലയാളുന്നോർ

7 പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

'ഉമ്മറക്കോലായിൽനിന്നും  
എടുത്തുവയ്ക്കാൻ മറന്നുപോയ  
കിണ്ടി കളവുപോയതുപോലെ  
പുലർച്ചേ വയലിനക്കരെയുള്ള  
ഒരു കുന്ന് കാണാതെ പോയി!...'

പി.പി. രാമചന്ദ്രൻമാഷിന്റെ ആനുകാലികപ്രസക്തിയുള്ള ഈ വരികളിൽ പങ്കുവയ്ക്കപ്പെടുന്നത് നഷ്ടവ്യഥയോടൊപ്പം നമ്മുടെ ഉത്തരവാദിത്വക്കുറവുകൂടിയാണ്. കരുതലും കാവലുമാകേണ്ടവരുടെ നിസ്സംഗതയാൽ ഓരോ പ്രഭാതത്തിലും നമുക്കു നഷ്ടമാകുന്നത് ആയിരക്കണക്കിനു വർഷങ്ങളിലൂടെ രൂപംകൊണ്ട, ദേശത്തിന്റെ സമൃദ്ധിയുടെയും സമ്പന്നതയുടെയും അടയാളങ്ങളായി ഉയർന്നുനിൽക്കുന്ന ജൈവഗോപുരങ്ങളായ കുന്നുകളാണ്, മലകളാണ്, പർവതങ്ങളാണ്.

ഐക്യരാഷ്ട്രസംഘടനയുടെ ദുരന്തപ്രത്യാഘാതനിവാരണവിഭാഗത്തിന്റെ തലവനായ ശ്രീ മുരളി തുമ്മാരുകുടി തന്റെ ഓൺലൈൻ സൈറ്റിൽ എഴുതിയ ഒരു ലേഖനം വായിക്കാനിടയായി: 'യുവർ ഓണർ: എന്റെ കക്ഷിയുടെ പേര് മല' എന്നാണിതിനിട്ട തലവാചകം. തന്റെ നാടായ കുന്നത്തുനാടിന്റെ ഐശ്വര്യമായിരുന്ന വെങ്ങോലമല ഇപ്പോൾ ഒരു കുഴിയായി ചുറ്റുമുള്ള കുറെയധികം കുടുംബങ്ങളെ ഉരുൾപൊട്ടലിന്റെ ഭീഷണിയിൽ നിർത്തുന്നതിനെക്കുറിച്ചുള്ള വേദന പങ്കുവയ്ക്കുകയാണ് ലേഖകൻ. ഇതേപോലുള്ള മലകൾ മറ്റു രാജ്യങ്ങളിൽ മനോഹരമായി സംരക്ഷിക്കപ്പെട്ട് ദീർഘകാലാടിസ്ഥാനത്തിൽ തൊഴിലവസരങ്ങൾക്കും, ധനാഗമത്തിനുമുള്ള മാർഗങ്ങളായി നിലകൊള്ളുന്നതെങ്ങനെയെന്നും അദ്ദേഹം വിശദീകരിക്കുന്നു. നമ്മുടെ രാജ്യത്ത് മലകൾ അതിഭീകരമാം വിധം നശിപ്പിക്കപ്പെടുന്നു. കേരളത്തിലെ ഒരു പ്രധാന നദിയായ മീനച്ചിലാറിന്റെ ഉദ്ഭവസ്ഥാനമായ വാഗമൺ മലനിരകൾ ഇക്കാലയളവിൽ ദ്രുതഗതിയിൽ തകർക്കപ്പെടുന്നുവെന്ന ഖേദം പങ്കുവയ്ക്കപ്പെടട്ടെ. അപൂർവസസ്യജന്തുസമ്പത്തുകളുടെ കലവറയായ മലനിരകൾ റിസോർട്ടുകൾക്കുവേണ്ടി തുണ്ടുകളായി വെട്ടിമുറിക്കപ്പെടുന്ന ദൃശ്യം ഹൃദയഭേദകമാണ്. ഹരിതാഭമായ കുന്നുകളുടെ അഗ്രഭാഗങ്ങളിൽ ഉയർന്നുനിൽക്കുന്ന മനുഷ്യനിർമിത കോൺക്രീറ്റ് കെട്ടിടങ്ങൾ പരിസരങ്ങൾക്കു നൽകുന്നത് ഭാവിയിൽ ശുഭകരമായ വാർത്തകളായിരിക്കില്ല. ഇപ്പോൾത്തന്നെ വേനൽക്കാലത്തുപോലും പ്രദേശത്ത് തങ്ങിനിന്നിരുന്ന മഞ്ഞും കുളിരും എങ്ങോ പോയിമറഞ്ഞു. അടുത്തുതന്നെ താഴ്വാരങ്ങളിലെ നീരും മൺമറഞ്ഞേക്കാം. മലകളുടെ ആരോഗ്യമാണ് താഴ്വാരങ്ങളുടെ സമ്പന്നത എന്ന ആപ്തവാക്യം നമ്മൾ മറന്നുപോകരുത്.

ലോകപൈതൃകപട്ടികയിൽ മുൻനിരസ്ഥാനമുള്ള, ജൈവവൈവിധ്യത്തിന്റെ 'ഹോട്സ്പോട്ട്' എന്നറിയപ്പെടുന്ന പശ്ചിമഘട്ട മലനിരകളിൽ വിവേചനരഹിതമായ വികസനപ്രവർത്തനങ്ങളും വൻതോതിലുള്ള നശീകരണപ്രവർത്തനങ്ങളുമാണ് നടക്കുന്നത്. പരിസ്ഥിതിലോലപ്രദേശങ്ങളിൽ നടക്കുന്ന ഇത്തരം കടന്നാക്രമണങ്ങൾക്കെതിരേ ശബ്ദമുയർത്തുന്നവരെ വികസനവിരോധികളായി മുദ്രകുത്തി അപമാനിക്കുന്നവരുടെ ലക്ഷ്യം ക്വാറി, വ്യവസായമാഫിയകൾക്കു കൂട്ടുനിന്ന് തങ്ങളുടെ സാമ്പത്തികരാഷ്ട്രീയതാത്പര്യങ്ങൾ സംരക്ഷിക്കുക എന്നതു മാത്രമാണ്. കർഷകസ്നേഹത്തിന്റെ പേരു പറഞ്ഞ് മുതലെടുപ്പു നടത്തുന്നവരെയും തിരിച്ചറിയണം. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരായ വാദങ്ങളിൽ പലതും സ്വാർത്ഥതാത്പര്യങ്ങൾ മുൻനിർത്തിയാണ് എന്നറിയണം. ചെയ്യേണ്ടതിതാണ്: പരിസ്ഥിതിദുർബലപ്രദേശങ്ങളിൽ ജീവിക്കുന്നവർക്ക്, സ്വാഭാവികമായി നിഷേധിക്കപ്പെടുന്ന, നഷ്ടപ്പെടുന്ന ജീവിതസാഹചര്യങ്ങൾക്കു പകരമായോ ആനുപാതികമായോ എല്ലാവിധത്തിലുമുള്ള ആനുകൂല്യങ്ങളും സഹായങ്ങളും സംരക്ഷണവും മറ്റു പ്രദേശങ്ങളിൽ ജീവിക്കുന്നവർ നൽകുക. ഈ കോമ്പൻസേഷൻ ഫോർമുല നിയമപരമായിത്തന്നെ ഉണ്ടാകുക എന്നത് പ്രധാനമാണ്.

ഇന്ത്യാമഹാരാജ്യത്തിന്റെ തിലകക്കുറിയായ ഹിമാലയപർവതം സംരക്ഷിക്കുവാൻ 4800 കിലോമീറ്ററോളം പദയാത്ര നടത്തി ശ്രദ്ധേയനായ ആളാണ് ചിപ്കോ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് സുന്ദർലാൽ ബഹുഗുണ! ഈയടുത്ത കാലത്തു മൺമറഞ്ഞുപോയ മഹാനായ ആ പരിസ്ഥിതിപ്രവർത്തകന്റെ സ്മരണയ്ക്കുമുമ്പിൽ ആദരവ് അർപ്പിക്കുന്നു. എന്തിന്റെ പേരിലായാലും കുന്നിടിക്കുന്ന മലയാളികളുടെ മനസ്സിൽ സൂക്ഷിച്ചു വയ്ക്കുവാൻ എസ്. ജോസഫിന്റെ ഒരു കവിതാശകലം ഓർമപ്പെടുത്തുന്നു.

കുന്നെടുത്തവൻ ഒരു  
കുഴിയായ് വെന്തുരുകണം  
മണ്ണുവിറ്റു നേടിയവ  
ഒരുപിടി മണ്ണാകണം  
മലയിടിക്കുന്ന മലയാളികൾ  
മലയാളികളല്ലല്ലോ? ■

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


**നമുക്കെതിരേ വരുന്ന ശത്രുക്കളെയും ലോകം മുഴുവനെത്തന്നെയും അംഗുലീചലനംകൊണ്ടു തറപറ്റിക്കാൻ കഴിയുന്ന സർവശക്തനായ ദൈവത്തിലാണു നമ്മുടെ പ്രത്യാശ.**

**2 മക്കബായർ 8:18**

**എഡിറ്റോറിയൽ**

## സ്ത്രീധനസമ്പ്രദായത്തെ ഉന്മൂലനം ചെയ്യണം

സ്ത്രീശക്തീകരണത്തിന്റെ ഈ യുഗത്തിലും സാക്ഷരകേരളത്തിന്റെ സാംസ്കാരികപ്പെരുമയ്ക്കു മുറിവേല്പിക്കുന്ന അതിഭീകരവും ലജ്ജാകരവുമായ വാർത്തകൾക്കാണ് ഈയടുത്ത ദിവസങ്ങളിൽ നാം സാക്ഷികളായത്. സ്ത്രീധനപീഡനവും ഗാർഹികപീഡനവും തുടർക്കഥകളാകുന്നു. വിവാഹവേളയിലും തുടർന്നും സ്ത്രീയുടെ മൂല്യം അളക്കപ്പെടുന്നത്, അവൾ കൊണ്ടുചെല്ലുന്ന പണത്തിന്റെയും പണ്ടത്തിന്റെയും പേരിലാകുമ്പോൾ, ഒരു വ്യക്തിയായല്ല 'വസ്തു'വായി മാത്രം അവൾ തരംതാഴ്ത്തപ്പെടുകയാണ്. നിയമപരിരക്ഷ ആവശ്യത്തിലേറെ ഉണ്ടായിട്ടും സ്ത്രീധനപ്പിശാചിനെ ആട്ടിപ്പുറത്താക്കാൻ വിദ്യാസമ്പന്നരെന്നു നാം വിളിക്കുന്നവർക്കുപോലുമാവുന്നില്ല എന്ന കറുത്ത സത്യം പ്രബുദ്ധ കേരളം ചർച്ച ചെയ്യേണ്ട കാലമാണിത്.

കൊല്ലം ശാസ്താംകോട്ടയിലെ ഭർത്തൃഭവനത്തിൽ പീഡനപർവങ്ങൾക്കൊടുവിൽ വിസ്മയ എന്ന യുവതിക്കുണ്ടായ ദാരുണാന്ത്യം പൊതുസമൂഹത്തെ ഞെട്ടിക്കുകയുണ്ടായി. തിരുവനന്തപുരം വിഴിഞ്ഞത്ത് പൊള്ളലേറ്റു മരിച്ച അർച്ചന, ആലപ്പുഴ വള്ളിക്കുന്നത്തു തൂങ്ങിമരിച്ച സുചിത്ര തുടങ്ങി എത്രയോ സഹോദരിമാരാണ് സ്ത്രീധനത്തിന്റെ പേരിൽ ക്രൂരതകളേറ്റുവാങ്ങിയത്.

രാജ്യത്ത് സ്ത്രീധനം നിയമംമൂലം നിരോധിച്ചിട്ട് ആറു പതിറ്റാണ്ടു കഴിഞ്ഞു. 1961 മേയ് ഒന്നിനാണ് ഇന്ത്യയിൽ സ്ത്രീധനനിരോധനനിയമം പ്രാബല്യത്തിലാവുന്നത്. വിവാഹത്തിനു തൊട്ടുമുമ്പോ ശേഷമോ വസ്തുവകകൾ, സ്ഥലം, പണം തുടങ്ങിയവ സ്ത്രീധനമായി നല്കുന്നതിന് നിയമംമൂലം നിരോധനമേർപ്പെടുത്തി. ഈ നിയമം എല്ലാ മതങ്ങൾക്കും ബാധകമാണ്. സ്ത്രീകൾക്കു കൂടുതൽ സംരക്ഷണം നല്കാൻ 1985 ൽ ഇന്ത്യൻ ശിക്ഷാനിയമത്തിൽ 498 (എ) എന്ന വകുപ്പുകൂടി നിലവിൽ വന്നു. സ്ത്രീധനം ആവശ്യപ്പെട്ടു പീഡിപ്പിച്ചാൽ മൂന്നു കൊല്ലം വരെ തടവും പിഴയുമാണു ശിക്ഷ. സ്ത്രീധനപീഡനമരണത്തിന് ഏഴു കൊല്ലം തടവാണു ശിക്ഷ. സ്വന്തം വീട്ടിൽ സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന പീഡനങ്ങൾ തടയാനുള്ള ഗാർഹികപീഡനനിരോധനനിയമവും 2005 മുതൽ ശക്തമാണ്. പക്ഷേ, ഇത്ര കർക്കശമായ നിയമങ്ങളുണ്ടായിട്ടും രാജ്യത്തു സ്ത്രീധനപീഡനങ്ങളും ഗാർഹികപീഡനങ്ങളും ദിവസേന പെരുകിക്കൊണ്ടിരിക്കുന്നുവെന്നത് ലജ്ജാകരമാണ്.

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സംസ്ഥാനത്ത് 66 സ്ത്രീധനപീഡനമരണങ്ങളുണ്ടായി എന്നാണു കണക്ക്. ഇക്കാലയളവിൽ പതിനയ്യായിരത്തിലേറെ സ്ത്രീധനപീഡനക്കേസുകളും രജിസ്റ്റർ ചെയ്യപ്പെട്ടു. പോലീസ്സ്റ്റേഷനിൽ പരാതി പറയാൻ പേടിച്ചും മടിച്ചും ലജ്ജിച്ചും കഴിയുന്ന, ഏതെങ്കിലും ഔദ്യോഗികഫോറങ്ങളിൽ മനസ്സു തുറന്നൊന്നു കരയാൻപോലുമാവാതെ നിസ്സഹായരായി വേദന ഉള്ളിലൊതുക്കി നിശ്ശബ്ദമായി പീഡയേൽക്കുന്ന പെൺമനസ്സുകളുടെ രോദനകഥകൾ എത്രയിരട്ടിയായിരിക്കും!? എല്ലാ നിയമപരിരക്ഷയും ഉണ്ടായിരിക്കത്തന്നെ, നിയമം നടപ്പാക്കുന്നതിൽ കേരളം വൻപരാജയമാണെന്ന് ഭരണപരിഷ്കാരക്കമ്മീഷൻ 2018 ൽ റിപ്പോർട്ട് നല്കിയിരുന്നു.

സ്ത്രീധനം നിയമംമൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പല ഓമനപ്പേരുകളിൽ ആ സമ്പ്രദായത്തെ നിലനിർത്താൻ പാടുപെടുന്നവരുടെ സമൂഹത്തിലാണു നാം ജീവിക്കുന്നത് എന്ന വസ്തുതയും വിസ്മരിച്ചുകൂടാ. പെൺകുട്ടിക്കു കുടുംബസ്വത്തിലുള്ള ഓഹരിയായും, അച്ഛന്റെ വക സമ്മാനമായും, ഭാവിയിലേക്കുള്ള സുരക്ഷയായുമൊക്കെ സ്ത്രീധനത്തെ നാം വാഴ്ത്തിത്താലോലിക്കുമ്പോൾ, ഈ ദുർവ്യവസ്ഥിതിയുടെ അവശേഷിപ്പുകൾ തിരുശേഷിപ്പുകളായിത്തന്നെ പൂജിക്കപ്പെടുകയാണു ചെയ്യുന്നത്. സ്ത്രീധനം നല്കാൻ പാടില്ലെന്നു നിയമമുള്ളപ്പോഴും വിവാഹവേളയിൽ 'സമ്മാനം' എന്ന നിലയ്ക്ക് മകൾക്ക് പൊന്നും പണവുമൊക്കെ നല്കാമെന്നൊരു വൈരുധ്യവും നിയമത്തിലുണ്ട്. ആയതിനാൽ, നിയമത്തിൽത്തന്നെ സ്ത്രീധനത്തിന് പുനർനിർവചനമുണ്ടായെങ്കിലേ തെറ്റായ ഈ സമ്പ്രദായത്തിനു മാറ്റമുണ്ടാകൂ.

വിവാഹാലോചനകൾ വിലപേശലിലേക്കെത്തുമ്പോൾത്തന്നെ വിവേകപൂർവം നിലപാടെടുക്കാനുള്ള വിവരം രക്ഷിതാക്കൾക്കുണ്ടാകണം. പൊന്നിന്റെയും പണത്തിന്റെയും പേരിൽ ഒരു പെൺകുട്ടിയെ വിലപേശുന്നതും അതിനു രക്ഷാകർത്താക്കൾത്തന്നെ പലപ്പോഴും കരാറിലേർപ്പെടുന്നതും എത്രയോ പ്രാകൃതവും പൈശാചികവുമാണ്. സ്ത്രീതന്നെയാണു ധനം എന്നു സമൂഹം തിരിച്ചറിയുന്നിടത്തേ, സ്ത്രീധനത്തിന്റെ പേരിലുള്ള വിവേചനവും അതിക്രമവും അവസാനിക്കുകയുള്ളൂ.

സ്ത്രീധനപീഡനങ്ങൾക്കറുതി വരണമെങ്കിൽ സമൂഹത്തിന്റെ മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാവണം. ആൺകുട്ടിയോടൊപ്പം തുല്യ വ്യക്തിത്വവും അന്തസ്സും അഭിപ്രായസ്വാതന്ത്ര്യവുമുള്ള വ്യക്തിയാണ് പെൺകുട്ടി എന്ന യാഥാർത്ഥ്യം കുടുംബവും സമൂഹവും അംഗീകരിക്കണം. ഇത്തരത്തിലുള്ള പ്രബോധനങ്ങളും തിരിച്ചറിവുകളും കൊടുക്കാൻ നമ്മുടെ വിദ്യാഭ്യാസമേഖലയിലും സിലബസിലും സംവിധാനങ്ങളും സൗകര്യങ്ങളുമുണ്ടാവണം. സ്ത്രീധനം ചോദിക്കുകയോ വാങ്ങുകയോ ഇച്ഛിക്കുകയോ പോലുമില്ലെന്ന് നമ്മുടെ യുവാക്കൾ ധീരമായ നിലപാടെടുക്കണം. മക്കളെ കച്ചവടച്ചരക്കാക്കാതിരിക്കാനും അങ്ങനെയുള്ള കരാറുകൾ വിവാഹാലോചനയുടെ ആദ്യനാളുകളിൽത്തന്നെ അവസാനിപ്പിക്കാനും മാതാപിതാക്കൾ ആർജ്ജവമുള്ളവരാകണം. സ്ത്രീധനത്തിന്റെ പേരിലുള്ള ക്രൂരതകൾ അവസാനിപ്പിക്കാനുള്ള കരുത്തും നിശ്ചയദാർഢ്യവും പൊതുസമൂഹത്തിൽ എല്ലായിടത്തും എല്ലാവർക്കുമുണ്ടാകട്ടെ. ■

# എസ്.ബി. കോളജ് ശതാബ്ദിനിറവിൽ

■ **ഡാലിയ**



*ചങ്ങനാശേരി എസ്.ബി. കോളജിന്റെ ശതാബ്ദിയാഘോഷങ്ങൾ ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.*

പഴക്കം, പാരമ്പര്യം, പ്രൗഢി, നൈപുണ്യം തുടങ്ങി എടുത്തു പറയത്തക്ക സവിശേഷതകളുള്ള ഒരു മഹാവിദ്യാലയമാണ് ചങ്ങനാശേരി സെന്റ് ബെർക്കുമാൻസ് കോളജ്. ഇരുപത്തിരണ്ടു വയസ്സുമാത്രം ജീവിച്ച, പുണ്യപുരുഷനായി കത്തോലിക്കാസഭയിൽ ആദരിക്കപ്പെടുന്ന ജോൺ ബെർക്കുമാൻസിന്റെ നാമധേയത്തിൽ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് എസ്.ബി. കോളജ്.

1922 ൽ സ്ഥാപിതമായ എസ്.ബി. കോളജിനു പ്രായം ഒരു നൂറ്റാണ്ടാകുന്നു. തിളക്കമാർന്ന ചരിത്രമാണത്. ജൂൺ 19 ന് റവ. ഡോ. തോമസ് കുര്യാളശേരി തറക്കല്ലിട്ടു. മദ്രാസ് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത് 125 വിദ്യാർത്ഥികളുമായി പാറേൽ പള്ളി പഴയ സെമിനാരിക്കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. ആ ദിവസം വായനദിനമായി 1996 മുതൽ ആചരിച്ചുവരുന്നു എന്നത് കേവലം യാദൃച്ഛികമാകാമെങ്കിലും അതിന്റെ പ്രസക്തി ധ്വന്യാത്മകമാണ്.

മൂവായിരത്തോളം കുട്ടികൾ, എണ്ണൂറ് ഹോസ്റ്റൽ വിദ്യാർത്ഥികൾ, റഗുലർ സെൽഫ് ഫിനാൻസ് ധാരകളിലായി ഡിഗ്രി-പി.ജി. തലങ്ങളിൽ അറുപതോളം വ്യത്യസ്തകോഴ്സുകൾ, പ്രഗല്ഭരായ അധ്യാപകർ, ശാസ്ത്രസാഹിത്യ ഗവേഷണഡിപ്പാർട്ട്മെന്റുകൾ, കേരളത്തിലെ ഏറ്റവും മികച്ച ലൈബ്രറികളിലൊന്ന് എന്നിവയെല്ലാം എസ്.ബിയുടേ പ്രത്യേകതകളാണ്.

സയന്റിസ്റ്റുകൾ, അക്കാദമിക് പണ്ഡിതർ, രാഷ്ട്രീയ-സാമൂഹികസാമുദായികനേതാക്കൾ സാഹിത്യകലാമേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുള്ളവർ... എസ്.ബി.യുടെ സംഭാവനകൾ വലുതാണ്.


എസ്.ബി. കോളജിന്റെ നൂറാമത് സ്ഥാപകദിനാഘോഷവും ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദിയാഘോഷങ്ങളുടെ ഉദ്ഘാടനവും ജൂൺ 21 തിങ്കളാഴ്ച നടന്നു. ചാൾസ് ലവീഞ്ഞ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം യോഗത്തിൽ അധ്യക്ഷത വഹിച്ചു. അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. എസ്.ബി. കോളജ് രൂപകല്പന ചെയ്ത മൊബൈൽ ആപ്ലിക്കേഷൻ, ശതാബ്ദിയോടനുബന്ധിച്ച് അന്തർവൈജ്ഞാനികഗവേഷണകേന്ദ്രം എന്നിവ പ്രവർത്തനമാരംഭിച്ചു. കോളജ് മാനേജർ മോൺ. തോമസ് പാടിയത്ത്, കോളജ് പ്രിൻസിപ്പൽ ഫാ. റെജി പി. കുര്യൻ പ്ലാത്തോട്ടം, കൊടിക്കുന്നിൽ സുരേഷ് എം.പി., മുനിസിപ്പൽ ചെയർപേഴ്സൺ സന്ധ്യാ മനോജ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. ■

# ഗാനലോകത്തെ പൂവസന്തം

**ഒരു കാലഘട്ടം നീളെ മലയാള ചലച്ചിത്രഗാനശാഖയ്ക്ക് അവിസ്മരണീയ സംഭാവനകളർപ്പിച്ച പൂവച്ചൽ ഖാദർ ജൂൺ 22 ന് നമ്മെ കടന്നുപോയി. 'നീയെന്റെ പ്രാർത്ഥന കേട്ടു, നീയെന്റെ മാനസം കണ്ടു' എന്ന അതിപ്രശസ്തമായ ഭക്തിഗാനത്തിന്റെ രചയിതാവാണ് പൂവച്ചൽ ഖാദർ.**

നിനു പി. രാജു

പ്രണയവും ഭക്തിയും സമന്വയിക്കുന്ന മനോഹര ഗാനങ്ങളുടെ ശില്പിയായിരുന്നു കൊവിഡ് മഹാമാരിയുടെ മറ്റൊരു ഇരയായി കഴിഞ്ഞ ദിവസം മലയാള കലാസാഹിത്യവേദിക വിട്ടുപോയ പ്രിയ ഗാനരചയിതാവ് പൂവച്ചൽ ഖാദർ. മുന്നൂറ്റിയമ്പതു സിനിമകൾക്കായി ആയിരത്തിലേറെ ഗാനങ്ങളും ഒട്ടേറെ ലളിതഗാനങ്ങളും നാടകഗാനങ്ങളും അദ്ദേഹം മലയാളിക്കു സമ്മാനിച്ചു.



തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ എന്ന ഗ്രാമത്തിൽ 1948 ഡിസംബർ 25 ന് അബൂബക്കർ പിള്ളയുടെയും റാബിയത്തുൽ അദബിയാബീവിയുടെയും പുത്രനായി ജനിച്ചു. മൂന്നു സഹോദരിമാരുടെയും, രണ്ടു സഹോദരന്മാരുടെയും ഇടയിൽ അഞ്ചാമനായിരുന്നു ഖാദർ. ആര്യനാട് ഗവൺമെന്റ് ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം തൃശൂർ വലപ്പാട് പോളിടെക്നിക്കിൽ ചേർന്നു. തിരുവനന്തപുരം എഞ്ചിനീയറിങ് കോളജിലെ തുടർപഠനശേഷം പൊതുമരാമത്തുവകുപ്പിൽ ഉദ്യോഗസ്ഥനായി.

വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ സാഹിത്യവാസന പ്രകടിപ്പിച്ചിരുന്ന ഖാദർ ധാരാളം നാടകങ്ങൾക്കുവേണ്ടിയും ആകാശവാണിക്കുവേണ്ടിയും ഗാനങ്ങൾ രചിച്ചു.

1972ൽ 'കവിത' എന്ന ചിത്രത്തിൽ കവിതകൾ എഴുതിയാണ് ചലച്ചിത്രരംഗത്തെത്തുന്നത്. ആദ്യ ചിത്രം 'കാറ്റുവിതച്ചവൻ' ആയിരുന്നെങ്കിലും ആദ്യം പുറത്തിറങ്ങിയ ചിത്രം 'ചുഴി' ആണ്. റവ. സുവി എന്ന പുരോഹിതൻ സംവിധാനം ചെയ്ത 'കാറ്റുവിതച്ചവൻ' എന്ന ചിത്രത്തിൽ പൂവച്ചൽ ഖാദർ എഴുതി പീറ്റർ റൂബൻ ഈണമിട്ട 'നീയെന്റെ പ്രാർത്ഥന കേട്ടു', 'മഴവില്ലിനജ്ഞാതവാസം' തുടങ്ങിയ ഗാനങ്ങൾ വളരെയധികം ശ്രദ്ധിക്കപ്പെട്ടു. മേരി ഷൈലയും കൂട്ടരും ആലപിച്ച 'നീയെന്റെ പ്രാർത്ഥന കേട്ടു' എന്ന ഗാനം കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി ലോകമെങ്ങുമുള്ള ക്രൈസ്തവഭക്തിഗാനസദസ്സുകളിൽ നിറഞ്ഞുനിൽക്കുന്നു.

പിന്നീട് കവിത കിനിയുന്ന ആയിരത്തിലേറെ നിത്യഹരിതഗാനങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്നു പിറന്നുവീണു. 1975 ൽ പുറത്തിറങ്ങിയ ഉത്സവം എന്ന സിനിമയ്ക്കുവേണ്ടി അദ്ദേഹം എഴുതി എ.ടി. ഉമ്മർ ഈണമിട്ട 'ആദ്യസമാഗമലജ്ജയിൽ...', 'ഏകാന്തതയുടെ കടവിൽ...' തുടങ്ങിയ ഗാനങ്ങൾ ഹിറ്റുകളായിരുന്നു. 1978 ൽ കായലും കയറും എന്ന സിനിമയ്ക്കുവേണ്ടി കെ.വി. മഹാദേവന്റെ സംഗീതത്തിൽ എഴുതിയ 'ശരറാന്തൽ തിരി താഴും മുകിലിൻ കുടിലിൽ' എന്ന ഗാനമടക്കം ആ സിനിമയിലെ ഗാനങ്ങളെല്ലാം സൂപ്പർ ഹിറ്റായതോടെ തിരക്കുള്ള ഗാനരചയിതാവായി മാറി. ജോലിയിൽനിന്ന് അവധിയെടുത്ത് ഗാനരചനയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പിന്നീടുള്ള പല വർഷങ്ങളിലും മലയാളത്തിൽ ഏറ്റവും കൂടുതൽ ഗാനങ്ങൾ രചിച്ച ഗാനരചയിതാവും അദ്ദേഹമായിരുന്നു. അനുരാഗിണീ ഇതാ എൻ...(ഒരു കുടക്കീഴിൽ), ഏതോ ജന്മകല്പനയിൽ (പാളങ്ങൾ), ഹൃദയം ഒരു വീണയായ്, ഇത്തിരി നാണം പെണ്ണിൻ കവിളിൽ... (തമ്മിൽ തമ്മിൽ), പൂമാനമേ ഒരു രാഗമേഘം (നിറക്കൂട്ട്), മന്ദാരച്ചെപ്പുണ്ടോ (ദശരഥം), കുടയോളം ഭൂമി (തകര), നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ (ചാമരം) മോഹൻലാലിന്റെ ഹിറ്റുചിത്രമായ താളവട്ടത്തിലെ എല്ലാ ഗാനങ്ങളും - അങ്ങനെ പോകുന്നു പൂവച്ചൽ ഖാദറിന്റെ ഗാനസപര്യ.

സിനിമാഗാനങ്ങൾക്കു പുറമേ, വളരെ ശ്രദ്ധിക്കപ്പെട്ട, ഇന്നും എല്ലാവരും പാടിനടക്കുന്ന ധാരാളം ലളിതഗാനങ്ങളും അദ്ദേഹത്തിന്റെ സൃഷ്ടിയാണ്. ധാരാളം ആൽബം ഗാനങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. 'കളിവീണ', 'പാടുവാൻ പഠിക്കുവാൻ' എന്നീ കവിതാസമാഹാരങ്ങൾ പ്രസിദ്ധീകൃതമായുണ്ട്. പിൽക്കാലത്ത് തിരികെ ജോലിയിൽ പ്രവേശിച്ചതോടെ പാട്ടെഴുത്തിൽ സജീവമല്ലാതായി.

ഫിലിം ക്രിട്ടിക്സ് അവാർഡ് (ചാമരം- 1980), കേരള സംഗീതനാടക അക്കാദമി അവാർഡ് (ലളിതഗാനശാഖ - 2006), ഓൾ കേരള മാപ്പിള സംഗീത അക്കാദമിയുടെ 'പി. ഭാസ്കരൻ' പുരസ്കാരം (2008) തുടങ്ങി പല പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തുകയുണ്ടായി. ഭാര്യ അമീന. മക്കൾ തുഷാര, പ്രസൂന. മലയാളചലച്ചിത്രഗാനശാഖ ആകെ പരിശോഷണത്തിന്റെ അവസ്ഥയിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ സർഗസൗകുമാര്യം തുളുമ്പി വീണ വരികളുടെ സൗന്ദര്യമാണ് പൂവച്ചൽ ഖാദറിന്റെ നിര്യാണത്തോടെ നഷ്ടമായത്. ■






ജോയിഷ് ജോസ്

# ഈസോപ്പുകഥകൾ കുട്ടികൾക്ക്

അവധിക്കാലം പണ്ടൊക്കെ വായനയുടെ പൂക്കാലമായിരുന്നു. പക്ഷേ, ഇന്നിപ്പോൾ അങ്ങനെയാണെന്നു കരുതാനാകില്ല. കാരണം, വളരെക്കുറച്ചു കൊല്ലങ്ങൾക്കിടയിൽ ലോകം ഏറെ മാറിപ്പോയിട്ടുണ്ട്. ടെലിവിഷൻ, അതിൽ മിന്നിമായുന്ന ഇഷ്ടാനുസരണ ചാനലുകൾ, കാർട്ടൂൺ സിനിമകൾ, ഹാരി പോട്ടർ, അനുദിനം വർദ്ധിച്ചുവരുന്ന പഠനഭാരം, വേലികളെപ്പോലെ പൊളിച്ചോ നൂണ്ടോ കടക്കാനാവാത്ത മതിലുകളുടെ അതിപ്രസരം, 'ഇട്ടാവട്ടം' വീടുകളും മുറ്റമില്ലാവീടുകളും ആകാശംമുട്ടുന്ന വീടുകളും കൂട്ടില്ലാത്ത, കളിയില്ലാത്ത ചുറ്റുവട്ടം... അങ്ങനെയങ്ങനെ കുട്ടികളെ ഏതെങ്കിലും വിധത്തിൽ സഹായിക്കാനോ അഴിച്ചുവിടാനോ ഒന്നും പറ്റാത്ത അവസ്ഥ. വായനയിലേക്കെന്നല്ല, ഒന്നിലേക്കും അവരെ വഴിനടത്താനാവില്ല. അവരെ മാത്രമല്ല, ആരെയും. വല്ലാത്തൊരു ജീവിതകാലം. പക്ഷേ, മാതാപിതാക്കൾ ചില പുസ്തകങ്ങൾ വായിച്ചിരിക്കുന്നതും അത് കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതും നല്ലതാണ്. അത്തരത്തിലൊരു പുസ്തകമാണ് ഈസോപ്പുകഥകൾ.

ലോകത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള കഥകളിൽ മുൻപന്തിയിലാണ് ഈസോപ്പുകഥകൾ. ഈസോപ്പുകഥകൾക്കു തുല്യമായ കഥകൾ പല ലോക ഭാഷകളിലും കാണാമെങ്കിലും ഇവയ്ക്ക് സ്വീകാര്യതയ്ക്കു കുറവില്ല. ഒട്ടുമിക്ക ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുള്ള ഇവ പ്രായദേശകാലഭേദമില്ലാതെ എല്ലാവരും ഒരേപോലെ ആസ്വദിക്കുന്നവയാണ്. മലയാളത്തിലേക്കും ഈസോപ്പു കഥകൾ പല കാലഘട്ടങ്ങളിൽ പലർ വിവർത്തനം ചെയ്തിട്ടുണ്ട്. വിശ്വസാഹിത്യത്തിലെ കഥാപാരമ്പര്യത്തിന്റെ അതിപുരാതനമായ ശേഖരങ്ങളായ ഈ കഥകൾ ബിസി 620 നും 560 നും മധ്യേ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഈസോപ്പ് എഴുതിയതാണ്.




ഈസോപ്പിന്റെ കഥകളൊന്നും കഥാകൃത്ത് ലിഖിതരൂപത്തിലാക്കാൻ സാധ്യതയില്ലെന്നും വാമൊഴിയായി പ്രചരിച്ച ഈ കഥകൾക്ക് പിൽക്കാലത്ത് പുസ്തകരൂപം നല്കിയതാണെന്നുമാണ് പണ്ഡിതരുടെ അഭിപ്രായം. ഇക്കാര്യത്തിലെല്ലാം വിരുദ്ധാഭിപ്രായങ്ങളുണ്ടെങ്കിലും കഥകളുടെ മൂല്യത്തെ സംബന്ധിച്ചു തർക്കമില്ല.

കൊച്ചുകൊച്ചു കഥകളിലൂടെ സാരോപദേശത്തിന്റെ വലിയ ലോകം കാട്ടിത്തരുന്നതാണ് ഈ കഥകൾ. മൃഗങ്ങളും പക്ഷികളും മനുഷ്യരും മറ്റു ചരാചരങ്ങളും നിറഞ്ഞ ഈ രസകരമായ കഥകളിലൂടെ നന്മയും തിന്മയും ശരിയും തെറ്റും ധർമവും അധർമവും എന്താണെന്ന് ലളിതമായി അവതരിപ്പിക്കുന്നു. ■

# മനസ്സുണർത്താൻ വന്ന മധുരവാണി

## പാറശാല ബി. പൊന്നമ്മാൾ ഓർമയായി

ഡാലിയ വിജയകുമാർ

പാറശാല ബി. പൊന്നമ്മാളിന്റെ നിര്യാണത്തോടുകൂടി കർണാടകസംഗീതത്തിന്റെ പാരമ്പര്യം കാത്തുസൂക്ഷിച്ചിരുന്ന ഇരുത്തംവന്ന ഒരു സംഗീതപ്രതിഭയെയാണ് കലാകേരളത്തിനു നഷ്ടമായിരിക്കുന്നത്.

1924 ൽ തിരുവനന്തപുരം ജില്ലയിലെ പാറശാലയിൽ മഹാദേവ അയ്യരുടെയും പാർവതിയുടെയും മകളായി ജനിച്ചു. ബാല്യത്തിൽത്തന്നെ സംഗീതപഠനം ആരംഭിച്ചു. പ്രശസ്ത സംഗീതവിദ്വാന്മാരായിരുന്ന ശെമ്മാങ്കുടി ശ്രീനിവാസയ്യർ, കെ.എസ്. നാരായണസ്വാമി തുടങ്ങിയവരായിരുന്നു ഗുരുക്കന്മാർ.

തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീതകോളജിലെ വിദ്യാർത്ഥികളിൽ ആദ്യത്തെ പെൺകുട്ടിയായിരുന്നു പൊന്നമ്മാൾ. നിർബന്ധിച്ച് കോളജിൽ ചേർത്തത് അന്നു പ്രിൻസിപ്പലായിരുന്ന മുത്തയ്യ ഭാഗവതരാണ്. ദിവത്സര 'ഗായിക' കോഴ്സിന്റെ ആദ്യവർഷത്തെ പഠനത്തിനായി മൂന്നു ദിവസം മാത്രമേ ക്ലാസിലിരിക്കേണ്ടിവന്നുള്ളു. പ്രതിഭയ്ക്കുള്ള അംഗീകാരമായി രണ്ടാം വർഷക്ലാസ്സിലേക്കു പ്രവേശനം കിട്ടി. തുടർന്ന്, ഗാനപ്രവീണ, ഗാനഭൂഷണം കോഴ്സുകളും ഒന്നാം റാങ്കോടെ വിജയിച്ചു. അതോടെ പഠിച്ച കോളജിൽത്തന്നെ ആദ്യവനിത അധ്യാപികയുമായി. തിരുവനന്തപുരം നവരാത്രി സംഗീതമണ്ഡപത്തിൽ കച്ചേരി നടത്തിയ ആദ്യവനിതയായിരുന്നു പൊന്നമ്മാൾ.



സിനിമയിൽ പാടാൻ അവസരം ലഭിച്ചിട്ടും അവിടെ തുടരാൻ പൊന്നമ്മാൾ താത്പര്യപ്പെട്ടില്ല. ആകാശവാണിയുടെ ആരംഭകാലംമുതൽ സ്ഥിരസാന്നിധ്യമായിരുന്നു പൊന്നമ്മാളിന്റെ ശബ്ദം. ഇന്ത്യയിലാകമാനം ആയിരക്കണക്കിനു വേദികളിൽ കച്ചേരികളവതരിപ്പിച്ചു. കർണാടകസംഗീതത്തിലെ 'ശെമ്മാങ്കുടി ബാണി' എന്ന ആലാപനശൈലിയുടെ പ്രചാരികയായിരുന്നു പൊന്നമ്മാൾ.

1980 ൽ തൃപ്പൂണിത്തുറ ആർ.എൽ.വി. സംഗീതകോളജിലെ പ്രിൻസിപ്പലായാണ് ഔദ്യോഗികരംഗത്തുനിന്നു വിരമിച്ചത്.

2017 ൽ രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ചു. ഗായകരത്നം അവാർഡ്, കേന്ദ്രസംഗീതനാടക അക്കാദമി അവാർഡ്, ചെമ്പൈ ഗുരുവായൂരപ്പൻ പുരസ്കാരം, മദ്രാസ് മ്യൂസിക് അക്കാദമി അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

# ന്യൂനപക്ഷവനിതകൾക്ക് നേതൃത്വപരിശീലനം

**രാജ്യത്തെ മതന്യൂനപക്ഷസമൂഹങ്ങളുടെ മുന്നേറ്റത്തിനായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കുന്ന വിവിധ പദ്ധതികളെ പരിചയപ്പെടുത്തുകയാണിവിടെ. ക്രിസ്ത്യൻ, മുസ്ലീം, ബുദ്ധ, ജൈന, പാഴ്സി, സിഖ് മതവിഭാഗങ്ങളാണ് രാജ്യത്ത് മതന്യൂനപക്ഷങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്.**



ബെന്നി കോച്ചേരി

## ന്യൂനപക്ഷങ്ങൾക്കായി ക്ഷേമപദ്ധതികൾ

(കഴിഞ്ഞ ലക്കം തുടർച്ച)

### II. കേന്ദ്രന്യൂനപക്ഷമന്ത്രാലയത്തിന്റെ സാമ്പത്തികസഹായത്താൽ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ.

**മൾട്ടി സെക്ടറൽ ഡെലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി.)**

ജസ്റ്റീസ് രജീന്ദർ സച്ചാർ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ, കേന്ദ്രന്യൂനപക്ഷമന്ത്രാലയം സംസ്ഥാനസർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതിയാണ് മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി.). പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 90 ന്യൂനപക്ഷകേന്ദ്രീകൃതജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. അടിസ്ഥാനസൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷകേന്ദ്രീകൃതപ്രദേശങ്ങളിൽ കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പശ്ചാത്തലസൗകര്യം ഒരുക്കുക എന്നതാണ് പ്രധാനമായും ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നത്.

പുനരാവിഷ്കൃത എം.എസ്.ഡി.പി., 12 ാം പദ്ധതിയിൽ ഘടനാപരമായി മാറ്റങ്ങൾ വരുത്തിയാണ് നടപ്പിലാക്കിവരുന്നത്. പതിനൊന്നാം പദ്ധതിയിൽ ജില്ല ഒരു യൂണിറ്റ് എന്ന രീതിയിൽ പരിഗണിച്ചപ്പോൾ പന്ത്രണ്ടാം പദ്ധതിക്കാലത്ത് ന്യൂനപക്ഷകേന്ദ്രീകൃത ബ്ലോക്ക്/ടൗൺ ഒരു യൂണിറ്റായി കണക്കാക്കി ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അടിസ്ഥാനസൗകര്യവികസനപരിപാടികൾ നടപ്പിലാക്കിവരുന്നു. ഇതിലേക്കായി വയനാട് ജില്ലയിലെ പനമരം, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയും ഉൾപ്പെടുത്തി. പ്രസ്തുത ബ്ലോക്ക്/ടൗൺ പ്രദേശത്ത് - വിദ്യാഭ്യാസ-ആരോഗ്യപദ്ധതികളുടെ വികസനത്തിനായി 52 കോടി രൂപയുടെ നിർമാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

### III. കേന്ദ്രന്യൂനപക്ഷമന്ത്രാലയം നേരിട്ട് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ

**1. ന്യൂനപക്ഷവനിതകൾക്ക് നേതൃത്വപരിശീലനം - നയ്റോശ്നി**

ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വനിതകളുടെ നേതൃത്വപരിശീലനത്തിനായി കേന്ദ്രന്യൂനപക്ഷമന്ത്രാലയം വിവിധ സന്നദ്ധസംഘടനകളുടെ സഹകരണത്താൽ 2012-13 വർഷംമുതൽ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് നയ്റോശ്നി. വനിതകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിലൂടെ സ്ത്രീശക്തീകരണമാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. സ്ത്രീകളുടെ അവകാശങ്ങൾ, സ്ത്രീവിദ്യാഭ്യാസവും തൊഴിലും, ആരോഗ്യം, ശുചിത്വം, പോഷകാഹാരം, രോഗപ്രതിരോധം, കുടുംബാസൂത്രണം പഞ്ചായത്ത് രാജ്/നഗരപാലിക നിയമവും സ്ത്രീകളും, ജീവിതനിപുണത തുടങ്ങിയ വിഷയങ്ങളിലായിരിക്കും മുഖ്യപരിശീലനം. 25 ലക്ഷം രൂപ വരുമാനപരിധിയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പരിശീലനക്ലാസിൽ മുൻഗണന നൽകും. കൂടുതൽ വിവരങ്ങൾക്ക് www.minorityaffairs.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**2. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം (സീക്കോ ഓർ കമാഓ)**

ന്യൂനപക്ഷ യുവജനങ്ങളുടെ പരമ്പരാഗത കഴിവുകളെ പരിപോഷിപ്പിച്ച് അവരെ തൊഴിലിനു പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**3. പഠോ പർദേശ്**

വിദേശത്തു പഠിക്കാൻ ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസലോണുകൾക്ക് സബ്സിഡി നൽകുകയാണ് ഉദ്ദേശ്യം.

**4. നയി മൻസിൽ**

സ്കൂൾ വിദ്യാഭ്യാസം പാതിവഴിയിൽ നിന്നുപോയ ന്യൂനപക്ഷവിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും അവരെ അനുയോജ്യമായ തൊഴിൽ നേടുന്നതിനും പ്രാപ്തരാക്കുന്ന പദ്ധതി.

**5. ഉസ്താദ്**

പരമ്പരാഗത കലാകാരന്മാരുടെയും കരകൗശലപ്പണിക്കാരുടെയും വികസനത്തിനുള്ള പരിശീലനത്തിനും നൈപുണ്യവികസനത്തിനുമുള്ള പദ്ധതി. 100 ശതമാനം കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**6. ഹമാരി ധരോഹർ**

ഇന്ത്യൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ന്യൂനപക്ഷജനവിഭാഗങ്ങളുടെ സാംസ്കാരിക - പൈതൃകം കാത്തുസംരക്ഷിക്കുന്നതിനു സാംസ്കാരികവകുപ്പുമായി ചേർന്നു സംഘടിപ്പിക്കുന്ന പദ്ധതി.




**7. നയി ഉഡാൻ**

യു.പി.എസ്.സി., എസ്.എസ്.സി. എസ്.പി.എസ്.സി. മുതലായവ സംഘടിപ്പിക്കുന്ന മത്സരപ്പരീക്ഷകളുടെ പ്രിലിമിനറി പാസാകുന്ന ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിന്റെ ധനസഹായം.

**8. മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ്**

എം.ഫിൽ, പി.എച്ച്.ഡി. എന്നിവയ്ക്കു പഠിക്കുന്ന ഗവേഷണവിദ്യാർത്ഥികൾക്ക് 5 വർഷം സമഗ്രഫെല്ലോഷിപ്പ് നൽകുന്ന പദ്ധതിയാണിത്.

**9. ഫ്രീ കോച്ചിങ് ആൻഡ് അലൈഡ് സ്കീം**

ന്യൂനപക്ഷമതവിഭാഗങ്ങൾക്ക് മത്സരപ്പരീക്ഷകൾക്കും തൊഴിലധിഷ്ഠിത കോഴ്സുകൾക്കും സൗജന്യ കോച്ചിങ്.

### IV. ന്യൂനപക്ഷക്ഷേമവകുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ

സംസ്ഥാന ന്യൂനപക്ഷവകുപ്പിനൊപ്പം സംസ്ഥാന ന്യൂനപക്ഷക്ഷേമകമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷക്ഷേമധനകാര്യകോർപ്പറേഷൻ എന്നിവ മറ്റു പദ്ധതികളും വായ്പകളടക്കമുള്ള സാമ്പത്തികസഹായങ്ങളും നൽകുന്നുണ്ട്. കൂടുതൽ വിവരങ്ങൾ ഈ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

http://www.kscminorities.org
http://www.ksmdfc.org
http://www.minoritywelfare.kerala.gov.in

■

# പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു

അത്യാധുനികസൗകര്യങ്ങളുമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ ബ്ലോക്ക് പ്രവർത്തനമാരംഭിച്ചു. നൂറ്റിമുപ്പതോളം മുറികളുള്ള ഈ ബ്ലോക്കിൽ എസി, നോൺ എസി, ഡീലക്സ് വിഭാഗങ്ങളിൽ മുറികൾ ലഭ്യമാണ്. ലോകോത്തരനിലവാരത്തിലുള്ള സൗകര്യങ്ങളോടുകൂടി നേഴ്സസ് കോൾ സിസ്റ്റം, എല്ലാ മുറികളിലും അഞ്ച് function motorised ബെഡ്ഡുകൾ, പൊള്ളലിന്റെ ചികിത്സയ്ക്കായി അത്യാധുനിക സജ്ജീകരണങ്ങളുള്ള ബേൺ ഐസിയു, അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കായുള്ള ട്രാൻസ്പ്ലാന്റ് ഐസിയു തുടങ്ങിയവ ഇവിടെ സജ്ജീകരിച്ചിരിക്കുന്നു.

കേരളത്തിലെ മികച്ച ടെർഷ്യറി കെയർ ഹോസ്പിറ്റലായ മാർ സ്ലീവാ മെഡിസിറ്റിയിൽ ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ അവരുടെ ആവശ്യങ്ങൾ സാധിച്ചുകിട്ടാൻ സഹായിക്കുന്ന മറ്റൊരു ബ്ലോക്കുകൂടി ഇതോടൊപ്പം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇൻഷുറൻസ്, പബ്ലിക് റിലേഷൻസ്, രോഗികളുടെ അഡ്മിഷൻ തുടങ്ങി നിരവധി ഡിപ്പാർട്ടുമെന്റുകൾ ഇവിടെ ക്രമീകരിച്ചിരിക്കുന്നു.

ഐപി ഫാർമസി, ഐപി ഫാർമസി കൺസ്യൂമബിൾ സ്റ്റോർ, മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, കോൾസെന്റർ, ഇന്റർവ്യൂ റൂം തുടങ്ങിയ വിഭാഗങ്ങൾ പുനഃക്രമീകരിച്ചു. ഐപി ഫാർമസി, ഐപി ഫാർമസി കൺസ്യൂമബിൾ സ്റ്റോർ എന്നിവ ആശുപത്രിയുടെ നാലാം നിലയിലും മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ അഞ്ചാം നിലയിലുമാണ്. ഇവയ്ക്കു പുറമെ 24×7 പ്രവർത്തിക്കുന്ന കോൾസെന്റർ ഗ്രൗണ്ട്ഫ്ളോറിലും ആശുപത്രിയിലേക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന്റെ ഭാഗമായുള്ള ഇന്റർവ്യൂ റൂം അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലുമാണ് ഇനിമുതൽ പ്രവർത്തിക്കുന്നത്.



*പാലാ മാർ സ്ലീവാ മെഡിസിറ്റിയോടനുബന്ധിച്ച് പുതുതായി നിർമിച്ച ബ്ലോക്കിന്റെ ആശീർവാദകർമം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.*

# ലഹരിയിൽ മുങ്ങിത്താഴുന്ന ജീവിതങ്ങൾ



അഡ്വ. ചാർളി പോൾ

**ജൂൺ 26 : അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം**

**2021**-ലെ അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണത്തിന്റെ പ്രമേയം Share facts on drugs, Save lives (ലഹരിയുടെ വസ്തുതകൾ പങ്കുവയ്ക്കാം, ജീവിതങ്ങളെ രക്ഷിക്കാം) എന്നതാണ്. ലഹരിയുപയോഗത്തിന് മാനവചരിത്രത്തോളം പഴക്കമുണ്ട്. ലഹരിയുപയോഗത്തെ മതങ്ങളും മനുഷ്യസ്നേഹികളും ചരിത്രാതീതകാലം മുതൽ വിലക്കിയിട്ടുമുണ്ട്. എന്നിട്ടും ലഹരിയുപയോഗം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. കാലഘട്ടം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ലഹരിയുപയോഗംതന്നെയാണ്. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം ലക്ഷ്യം വയ്ക്കുന്നത് ലഹരിയുപയോഗത്തിന്റെ പരിണതഫലങ്ങൾ ബോധ്യപ്പെടുത്തുകയും അതിൽനിന്നു പിന്മാറാൻ ജനങ്ങളെ പ്രേരിപ്പിക്കുകയുമാണ്.

ലഹരിയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നാടിന്റെ പ്രതീക്ഷകളിൽ ഇരുൾ പരത്തുകയാണ്.



ലോകവ്യാപകമായി പ്രതിവർഷം 50,000 കോടി ഡോളറിന്റെ മയക്കുമരുന്നുവ്യാപാരമാണ് നടക്കുന്നത്. അന്താരാഷ്ട്രവിപണിയിൽ ആയുധവ്യാപാരം കഴിഞ്ഞാൽ രണ്ടാംസ്ഥാനം മയക്കുമരുന്നുവ്യാപാരത്തിനാണ്. 269 ദശലക്ഷം ആളുകൾ ലോകത്ത് ലഹരിയുപയോഗിക്കുന്നു. ഇന്ത്യയിൽ 16 കോടി. ഏകദേശം 40,000 കോടി ഡോളറിന്റെ മദ്യക്കച്ചവടമാണ് ലോകത്ത് നടക്കുന്നത്. ലോകത്ത് 120 കോടി ജനങ്ങൾ പുകവലിശീലമുള്ളവരാണ്. പുകയിലയുപയോഗം മൂലം 50 ലക്ഷം ആളുകൾ പ്രതിവർഷം അകാലമൃത്യു വരിക്കുന്നു. ലഹരിയുപയോഗിക്കുന്ന തുകയുണ്ടെങ്കിൽ മാനവജനതയ്ക്ക് ഇന്നുള്ളതിനേക്കാൾ പത്തിരട്ടി ആഹാരവും വസ്ത്രവും പാർപ്പിടവും നൽകുവാൻ സാധിക്കും.

ആസ്വാദനം, അനുകരണം, ജിജ്ഞാസയും പരീക്ഷണവും, പരപ്രേരണ, തമാശയ്ക്കുവേണ്ടി, ഉന്മാദത്തിനായി, മാനസിക-സാമൂഹികപ്രശ്നത്തിൽനിന്നുള്ള മോചനം, വീട്ടിലെ പ്രശ്നങ്ങൾ, പ്രേമപരാജയങ്ങൾ, പഠനബുദ്ധിമുട്ട്, സമൂഹത്തിൽ മാന്യത കിട്ടാൻ, പണലഭ്യത, മിഥ്യാധാരണകൾ, ലഹരിദോഷത്തെക്കുറിച്ചുള്ള അജ്ഞത, സുലഭമായ ലഭ്യത, മാനസികസംഘർഷം, ജീവിതസാഹചര്യം, നെഗറ്റീവ് പിയർഗ്രൂപ്പ് സ്വാധീനം, വിവേചനം തുടങ്ങി നിരവധി കാരണങ്ങൾ ഒരുവനെ ലഹരിയിലേക്കു നയിക്കുന്നുണ്ട്. ലഹരിയാസക്തി ഒരു രോഗമാണ്. തലച്ചോറിനെ ബാധിക്കുന്ന രോഗമാണ് മയക്കുമരുന്നാസക്തി. ചിന്തകളെ, പെരുമാറ്റത്തെ, ഇന്ദ്രിയാനുഭൂതികളെ, വികാരങ്ങളെ എല്ലാം ലഹരിയാസക്തി ബാധിക്കുന്നു. ശാരീരിക-മാനസിക-കുടുംബ-സാമൂഹികതലങ്ങളിലെല്ലാം ലഹരിയാസക്തി പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കും.

വളരെ ചെറുപ്പത്തിൽ ലഹരിയുപയോഗിച്ചു തുടങ്ങുന്നവർ, ബുദ്ധിപരമായി പിന്നിൽ നിൽക്കുന്നവർ, കുടുംബത്തിൽ ആസക്തിരോഗമുള്ളവർ, പഠനവൈകല്യമുള്ളവർ, വ്യക്തിത്വവൈകല്യമുള്ളവർ, കുട്ടിക്കാല-കൗമാര പ്രശ്നങ്ങളുള്ളവർ, തകർന്ന കുടുംബങ്ങളിൽനിന്നു വരുന്നവർ എന്നീ വിഭാഗത്തിൽപെട്ടവർ ലഹരിയാസക്തിയിലേക്കു പെട്ടെന്നു വഴുതിവീഴാനിടയുണ്ട്. കൗമാരത്തിൽ ലഹരിയുപയോഗിച്ചു തുടങ്ങുന്നവർ ലഹരിയാസക്തരാകാനുള്ള സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് നാലു മടങ്ങാണ്. മാനസികപ്രശ്നങ്ങളിൽനിന്നു മോചനം ലഭിക്കുമെന്ന തെറ്റുധാരണയും യുവതലമുറയെ ലഹരിയിലേക്കു നയിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ആത്മഹത്യയ്ക്കു പിന്നിലെ വലിയ കാരണവും മദ്യമയക്കുമരുന്നുപയോഗമാണ്. വിദ്യാർത്ഥികളുടെ ലഹരിയുപയോഗം തുടങ്ങിയിരുന്നത് പുകയിലയുത്പന്നങ്ങളിലൂടെയായിരുന്നു. ഇന്ന് ഏതു മാർഗവും പരീക്ഷിച്ചുനോക്കാനുള്ള വ്യഗ്രതയാണവർ കാട്ടുന്നത്.

ചുവന്ന കണ്ണുകൾ, മുഷിഞ്ഞ വസ്ത്രം, നടക്കാൻ പ്രയാസം, അമിതസംസാരം, അലക്ഷ്യമായ നോട്ടം, ഉറക്കക്കുറവ്, വിശപ്പുകുറവ്, അമിതഭക്ഷണം, ഭയം, അമിതാഹ്ലാദം, ഉത്സാഹക്കൂടുതൽ, ശരീരഭാഗങ്ങളിൽ കുത്തിവച്ച പാട്, നുണപറയൽ തുടങ്ങിയ ലക്ഷണങ്ങളിൽനിന്ന് ലഹരിയുപയോഗിക്കുന്നവരെ തിരിച്ചറിയാം. ലഹരിയാസക്തി ഒരു രോഗമായതിനാൽ ചികിത്സയിലൂടെ മാത്രമേ പരിഹാരം സാധ്യമാകൂ. മെഡിക്കൽ ചികിത്സ, മാനസികചികിത്സ, കൗൺസെലിംഗ്, വിവിധതരം തെറാപ്പികൾ എല്ലാം ലഹരിവിമുക്തിക്കായി വേണ്ടിവരും.

ജനിതക സിദ്ധാന്തമനുസരിച്ച് ലഹരിക്കടിമയായ ഒരു വ്യക്തിയുടെ മക്കളോ പേരക്കിടാങ്ങളോ എളുപ്പത്തിൽ ലഹരിപദാർത്ഥങ്ങളിലേക്കു വഴുതിവീഴാം. മദ്യപരുടെ മക്കളുടെ ബ്രെയിൻ കെമിസ്ട്രിയിൽ മദ്യാസക്തിയുടെ പ്രേരക ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. പത്തുപേരിൽ രണ്ടുപേർ മദ്യാസക്തരാകുന്നുവെങ്കിൽ ആ രണ്ടുപേർ മദ്യപരുടെ മക്കളാകും. മദ്യപരുടെ മക്കൾ മദ്യപകരാകാനുള്ള സാധ്യത 60 ശതമാനമാണ്. പാരമ്പര്യഘടന കഴിഞ്ഞാൽ കുടുംബസംഘർഷങ്ങളാണ് ഒരുവനെ ലഹരിയുടെ വഴി തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നത്. പ്രശസ്ത മനോരോഗവിദഗ്ദ്ധൻ ഡോ. ഇ.എം. ഹോച്ചിന്റെ അഭിപ്രായത്തിൽ, ലഹരിശീലംമൂലം മനോരോഗികളായിത്തീരുന്നവരുടെ എണ്ണം ഇന്ത്യയിലും കേരളത്തിലും വർദ്ധിച്ചുവരികയാണ്. 100 ലഹരിയാസക്തരുടെ കുടുംബം എടുത്താൽ അതിൽ 7 കുടുംബങ്ങളിൽ മനോവൈകല്യമുള്ളവർ ജനിക്കുന്നു.

ലഹരിയാസക്തി വ്യക്തി-കുടുംബ-സാമൂഹികതലങ്ങളിൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുന്നുവെന്നു തിരിച്ചറിയുക. ഒരു നന്മയും ലഹരികൾ പ്രദാനം ചെയ്യുന്നില്ല. സന്തോഷം തേടിയാണ് ലഹരിവഴികൾ തേടുന്നത്. അവസാനം ലഹരിജീവിതം ദുരന്തമാണു സമ്മാനിക്കുക. ജീവിതത്തിൽ സന്തോഷവഴികൾ ഒട്ടേറെയുണ്ട്. കുടുംബം, വ്യക്തിബന്ധങ്ങൾ, വിനോദങ്ങൾ, നല്ല ഭക്ഷണം, നല്ല ജോലി, വ്യായാമം, സൗഹൃദങ്ങൾ എല്ലാം സന്തോഷം പ്രദാനം ചെയ്യും. സ്വന്തം സന്തോഷവഴികൾ സ്വയം കണ്ടെത്തുക. ജീവിതമാണ് ലഹരിയെന്നു തിരിച്ചറിയുക, സമൂഹത്തെ കാർന്നുതിന്നുന്ന ലഹരിക്കെതിരേ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രസ്ഥാനങ്ങളും മതങ്ങളും പ്രത്യേകം ജാഗ്രത പുലർത്തണം. ലഹരിക്കടിമയായവരെ തിരികെക്കൊണ്ടുവരാൻ ശ്രമങ്ങളുണ്ടാകണം. ഇനിയാരും ലഹരിവഴികൾ തേടാതിരിക്കാനുള്ള നിതാന്തപരിശ്രമങ്ങൾ സർക്കാരിന്റെയും മറ്റുള്ളവരുടെയും ഭാഗത്തുനിന്നുണ്ടാകണം. അങ്ങനെ ലഹരിക്കെതിരേ ഒറ്റക്കെട്ടായി കൈകൾ കോർത്ത മുന്നേറാം.

■

# ചക്കരമാവ്

**കഥ**

**സത്യൻ താന്നിപ്പുഴ**

**വേ**ണു പത്താംക്ലാസ് വിദ്യാർത്ഥിയാണ്. വേണുവിന്റെ വീട്ടുമുറ്റത്ത് ഒരു മാവുണ്ട്. വളർന്നു പന്തലിച്ചു നിൽക്കുന്ന മാവ്. എല്ലാ വർഷവും മാവുനിറയെ മാങ്ങയുണ്ടാകും.

മാങ്ങ പഴുത്തു വീണു തുടങ്ങിയാൽ അയൽപക്കത്തെ കുട്ടികളെല്ലാം മാവിന്റെ ചുവട്ടിൽ വരും. നല്ല ചക്കരമാമ്പഴമാണ്. മാവിന്റെ ചുവട്ടിൽ കളിയും ചിരിയും അട്ടഹാസം. മാമ്പഴം വീഴുമ്പോൾ എടുക്കാൻ മത്സരിച്ച് ഓട്ടമാണ്.

മാവിന്റെ ഇല മുറ്റം നിറയെ വീണുകിടക്കും. ദിവസവും കാലത്തും വൈകുന്നേരവും മുറ്റമടിക്കണം. വേണുവിന്റെ അമ്മയ്ക്ക് മുറ്റമടിക്കാൻ പ്രയാസമായി. നടുവേദനയാണ്. മാവ് വെട്ടിക്കളയാൻ ഭർത്താവിനോട് നിത്യവും പറയും: “എന്നെക്കൊണ്ടു മുറ്റമടിക്കാൻ പറ്റില്ല. നിങ്ങൾ ഈ മാവ് വെട്ടിമാറ്റ്.”

മാവ് വെട്ടിമാറ്റാൻ വേണുവിന്റെ അമ്മ പറയുന്നതു കേട്ട് മാവ് സങ്കടപ്പെട്ടു. കുട്ടികളോട് മാവ് പറഞ്ഞു: “എന്നെ വെട്ടിമാറ്റാൻ പോകയാണ്. എങ്ങനെ നിങ്ങൾ ചക്കരമാമ്പഴം തിന്നും?”

മാവ് പറഞ്ഞതു കേട്ട് കുട്ടികൾ സങ്കടപ്പെട്ടു. അവർ എല്ലാവരുംകൂടി ഒരു തീരുമാനമെടുത്തു. വേണുവിന്റെ അച്ഛന്റെ അടുത്തുചെന്ന് മാവ് വെട്ടരുതെന്ന് അപേക്ഷിച്ചു.

കുട്ടികളുടെ സംസാരം കേട്ടപ്പോൾ അമ്മ ഇടപെട്ടു: “നിങ്ങൾ എന്തു പറഞ്ഞാലും മാവ് വെട്ടാതെ പറ്റില്ല. മാവിന്റെ കരിയില അടിച്ച് എന്റെ നടു ഒടിഞ്ഞു. മുറ്റമടിക്കാൻ എനിക്കു വയ്യ.”

അമ്മയുടെ സംസാരം കേട്ടപ്പോൾ വേണു പറഞ്ഞു: “മുറ്റം ഞാൻ അടിച്ചുവാരിക്കൊള്ളാം.”

കുട്ടികൾ മാവിനോടു പറഞ്ഞു: “തത്കാലം മാവ് വെട്ടുന്നില്ല. നാളെത്തുടങ്ങി മുറ്റം വേണു അടിക്കും.” അങ്ങനെ ആ പ്രശ്നം പരിഹരിച്ചു. വിവരം കേട്ടപ്പോൾ മാവ് സന്തോഷിച്ചു. നിങ്ങൾ എന്റെ ജീവൻ രക്ഷിച്ചു എന്നു പറഞ്ഞു.

വേണു പത്താം ക്ലാസ് ജയിച്ച് കോളജിൽ ചേർന്നു. കോളജിൽ പോകാൻ ഒരു സൈക്കിൾ ആവശ്യമായി വന്നു. സൈക്കിൾ വാങ്ങാൻ അച്ഛന്റെ കൈയിൽ രൂപയുണ്ടായിരുന്നില്ല. കോളജിലെ ഫീസടച്ച് പുസ്തകങ്ങളും വാങ്ങിക്കഴിഞ്ഞപ്പോൾ രൂപ തീർന്നു.

സൈക്കിൾ വാങ്ങാൻ മാവ് കച്ചവടക്കാർക്കു വിൽക്കാൻ വേണുവിന്റെ അച്ഛൻ തീരുമാനിച്ചു. രൂപയ്ക്ക് വേറേ വഴിയുണ്ടായിരുന്നില്ല. മാവ് വിറ്റ് സൈക്കിൾ മേടിച്ചു.





സൈക്കിൾ വാങ്ങി മാവിന്റെ വെട്ടിയ കുറ്റിയുടെ അടുത്തു ചെന്ന് വേണു പറഞ്ഞു: ‘വേറെ ഒരു മാർഗവുമില്ലാതിരുന്നതുകൊണ്ടാണ് മാവ് മുറിച്ചത്. എന്നോടു ക്ഷമിക്കുക.”

മാവിന്റെ കുറ്റി പറഞ്ഞു: “വിഷമിക്കേണ്ട. സൈക്കിൾ വാങ്ങാൻ എന്റെ തടി പ്രയോജനപ്പെട്ടില്ലേ? ഞാൻ സന്തോഷിക്കുന്നു. മറ്റുള്ളവരുടെ സുഖമാണ് എന്റെ ലക്ഷ്യം.”

പ്രകൃതി എല്ലായ്പ്പോഴും സകലതും നമുക്കു തരുന്നു. പക്ഷേ, പ്രകൃതിയോട് നാം നീതി പുലർത്തുന്നുണ്ടോ?


■

## ഊഞ്ഞാലാട്ടം

**നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്**

ലോകം തിരിഞ്ഞുകൊണ്ടിരിക്കുന്നു എന്നു പറയുന്നതിൽ പുതുമയില്ല. പക്ഷേ, ലോകം ഊഞ്ഞാലാടുകയാണെന്നു പറഞ്ഞാൽ ആരും ചിരിച്ചുപോകും.


എന്നുവച്ച് സത്യം സത്യമല്ലാതാകുമോ? ഒരിക്കലുമില്ല. ഈ കാലം ഇ-കാലം. ഓൺലൈനിൽ തൂങ്ങി ഊഞ്ഞാലാടുകയാണ് ലോകം.






എല്ലാ മാസവും ആദ്യത്തെ ആഴ്ച

ദീപനാളം കുട്ടികളോടൊപ്പം



## കൂട്ടുകാരേ, കേട്ടോളിൻ...

കഥകളും കവിതകളും ലേഖനങ്ങളും വായിക്കുമ്പോൾ, ചിത്രങ്ങൾ കാണുമ്പോൾ നിങ്ങൾക്കും എഴുതണമെന്നും വരയ്ക്കണമെന്നും തോന്നാറില്ലേ? എങ്കിൽ മടികൂടാതെ എഴുതിയും വരച്ചും 'പ്രതിഭ'യിലേക്ക് അയയ്ക്കൂ. തിരഞ്ഞെടുക്കുന്നവ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, പാഠ്യപാഠ്യേതര മേഖലകളിൽ മികവു തെളിയിക്കുന്ന പ്രതിഭാശാലികളെ പരിചയപ്പെടുത്താനും ദീപനാളം അവസരമൊരുക്കുന്നു.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575

# വിജയവഴികളിൽ മീനാക്ഷിക്കുട്ടി

**ബിജോ രാജു ഗ്രേഷ്യസ്**

ഓമനത്തം തുളുമ്പുന്ന മുഖഭാവങ്ങളോടെ മലയാളസിനിമാപ്രേക്ഷകരുടെ മനസ്സിലേക്കു കടന്നുവന്ന ബാലതാരമാണ് മീനാക്ഷി.

പ്രേക്ഷകലക്ഷങ്ങളുടെ മനസ്സിലെ വിങ്ങുന്ന നൊമ്പരമായി മാറിയ 'അമർ അക്ബർ ആന്റണി'യിലെ ഫാത്തിമയും, അനാഥബാല്യത്തിന്റെ നിശ്ശബ്ദമായ തേങ്ങലുകളെ അനാവരണം ചെയ്ത സൂപ്പർഹിറ്റ് സിനിമയായ 'ഒപ്പ'ത്തിലെ നന്ദിനിക്കുട്ടിയും തുടങ്ങി മലയാളികൾ എന്നും ഓർത്തിരിക്കുന്ന ഒരുപിടി കഥാപാത്രങ്ങളിലൂടെ മികവുറ്റ പ്രകടനങ്ങൾ നടത്തിയാണ് മീനാക്ഷിക്കുട്ടി തന്റെ ജൈത്രയാത്ര തുടരുന്നത്.

ലോവർ പ്രൈമറി സ്കൂൾതലം കഴിയുംമുമ്പേ അഭിനയത്തിലും നൃത്തത്തിലും പ്രതിഭ തെളിയിച്ച മീനാക്ഷിക്കുട്ടി നാട്ടുകാരായ ചിലർ നിർമിച്ച ഷോർട്ട് ഫിലിമുകളിലാണ് ആദ്യം അഭിനയിക്കുന്നത്.

2014 ൽ അരുൺകുമാർ അരവിന്ദ്, ഫഹദ് ഫാസിലിനെ നായകനാക്കി സംവിധാനം ചെയ്ത 'വൺ ബൈ ടു' എന്ന ചിത്രത്തിലൂടെയാണ് മീനാക്ഷി സിനിമയിലെത്തുന്നത്. മീനാക്ഷി അഭിനയിച്ച സീനുകൾക്ക് ആ സിനിമയിൽ ഇടം കിട്ടാതെ വന്നതിനാൽ പ്രഥമസിനിമയിലെ പ്രകടനം പ്രേക്ഷകർക്കു കാണാനായില്ല. 2015–ൽ '1000 ഒരു നോട്ട് പറഞ്ഞ കഥ', 'ആന മയിൽ ഒട്ടകം,' അമർ അക്ബർ ആന്റണി' 'ജമ്ന പ്യാരി' എന്നീ ചിത്രങ്ങളിൽ അഭിനയിച്ചു. ഇതിൽ നാദിർഷാ സംവിധാനം ചെയ്ത 'അമർ അക്ബർ ആന്റണി'യിലെ ഫാത്തിമ എന്ന കഥാപാത്രമാണ് മീനാക്ഷിയുടെ കരിയറിൽ വലിയ വഴിത്തിരിവായത്. കാലികപ്രസക്തമായ ആ സിനിമയിൽ ഒരു നരാധമന്റെ പീഡനത്തിനിരയായി അപമൃത്യു വരിക്കുന്ന ഫാത്തിമയെന്ന കഥാപാത്രം പ്രേക്ഷകരെ കണ്ണീരിലാഴ്ത്തി.

തൊട്ടടുത്ത വർഷമാണ് ഹിറ്റ്മേക്കർ പ്രിയദർശൻ സംവിധാനം ചെയ്ത 'ഒപ്പം' എന്ന സൂപ്പർഹിറ്റ് സിനിമയിൽ സൂപ്പർതാരം മോഹൻലാലിനൊപ്പം അഭിനയിക്കുവാനുള്ള അസുലഭാവസരം മീനാക്ഷിക്കു കൈവരുന്നത്. അന്ധതയുടെ വലിയ പരിമിതികളെ ആത്മധൈര്യംകൊണ്ട് അതിജീവിക്കുന്ന മോഹൻലാലിന്റെ കഥാപാത്രത്തിനൊപ്പം മികച്ച പ്രകടനത്തിലൂടെ പ്രേക്ഷകരുടെ മനം കവരാൻ അനാഥബാല്യത്തിന്റെ തേങ്ങലുകൾ അടക്കിപ്പിടിച്ച് കണ്ണീരിനിടയിലും കൊഞ്ചിച്ചിരിക്കുന്ന നന്ദിനിക്കുട്ടിയെന്ന കഥാപാത്രത്തിനു കഴിഞ്ഞു. 'മിനുങ്ങും മിന്നാമിനുങ്ങേ..' എന്ന ഗാനം മാത്രം കണ്ടവർക്കു പോലും നന്ദിനിക്കുട്ടിയെ മറക്കാൻ കഴിയാത്ത വിധം പ്രേക്ഷകർ ഏറ്റെടുത്ത സിനിമയായിരുന്നു 'ഒപ്പം'. കൂടാതെ 'ഒരു മുത്തശ്ശി ഗദ', 'മറുപടി', 'പോളേട്ടന്റെ വീട്', 'കോലുമിഠായി' എന്നീ സിനിമകളിലൂടെ ആ വർഷംതന്നെ മികച്ച വേഷങ്ങൾ മീനാക്ഷിയെ തേടിയെത്തി.

'സദൃശ്യവാക്യം 24:29', 'സഖറിയാ പോത്തൻ ജീവിച്ചിരിപ്പുണ്ട്' 'മോഹൻലാൽ', 'ക്വീൻ' എന്നീ സിനിമകളിൽ അഭിനയിക്കുന്നത് തൊട്ടടുത്ത വർഷങ്ങളിലാണ്. 'ഒപ്പം'സിനിമയുടെ കന്നട റീമേക്കായി ജി.വി.ആർ. വാസു സംവിധാനം ചെയ്ത 'കവച'യിലും നന്ദിനിക്കുട്ടിയായി മീനാക്ഷി തകർപ്പൻ പ്രകടനമാണ് കാഴ്ചവച്ചത്. 'കവച'കന്നടയിൽ സൂപ്പർ ഡ്യൂപ്പർ ഹിറ്റായിരുന്നു. റിയാസ് മുഹമ്മദ് സംവിധാനം ചെയ്ത് ഒടിടിയിൽ റിലീസായ അമീറയാണ് മീനാക്ഷിയുടെ പുതിയ സിനിമ. ഇതിൽ കേന്ദ്രകഥാപാത്രമായ അമീറയെയാണ് മീനാക്ഷി അവതരിപ്പിക്കുന്നത്. ആ സിനിമയുടെ കഥ മീനാക്ഷിയുടെ അച്ഛൻ ആർ. അനൂപിന്റേതായിരുന്നു. മാത്രമല്ല, മീനാക്ഷിയുടെ അനിയൻ ആരിഷ് എന്ന അമ്പാടി തന്നെയാണ് അതിൽ മീനാക്ഷിയുടെ അനിയനായി അഭിനയിച്ചത്. ഗ്രാന്റ് ഫാദർ, പതിനെട്ടാം പടി, രണം, കളഷൂട്ടിങ് പുരോഗമിക്കുന്ന ഷാജികൈലാസ് ചിത്രമായ 'കടുവ' എന്നിവയിലും അമ്പാടി മികച്ച വേഷങ്ങളിലെത്തുന്നുണ്ട്. വിജീഷ് മണി സംവിധാനം ചെയ്യുന്ന 'പുഴയമ്മ', 'മീസാൻ', 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്നിവയാണ് മീനാക്ഷിയുടേതായി വരാനിരിക്കുന്ന സിനിമകൾ.



മലയാള ടെലിവിഷൻ റിയാലിറ്റി ഷോകളുടെ ചരിത്രം മാറ്റിയെഴുതിയ, ഫ്ളവേഴ്സ് ചാനലിലെ ടോപ് സിംഗർ എന്ന സംഗീത മത്സരപരിപാടിയുടെ അവതാരിക എന്ന നിലയിലാണ് മീനാക്ഷി ലോകമെങ്ങുമുള്ള പ്രേക്ഷകരുടെ പ്രിയങ്കരിയായി മാറിയത്.

കോട്ടയം ജില്ലയിൽ അയർക്കുന്നത്തിനടുത്ത് പാദുവാ സ്വദേശിയായ ആർ. അനൂപിന്റെയും രമ്യയുടെയും മകളാണ് മീനാക്ഷി. യഥാർത്ഥ പേര് അനുനയ അനൂപ്. കിടങ്ങൂർ എൻ.എസ്.എസ്. ഹൈസ്കൂളിൽ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ് മീനാക്ഷി. ആരിഷ്, ആദിഷ് എന്നിവരാണ് സഹോദരന്മാർ.

ഈ ചെറിയ പ്രായത്തിനുള്ളിൽ പ്രതിഭാധനരായ കലാകാരന്മാർക്കൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് വിസ്മയത്തോടെ മാത്രം വിലയിരുത്തുന്ന മീനാക്ഷി, അതിന് തന്നെ പ്രാപ്തയാക്കിയത് കഠിനാധ്വാനവും പ്രിയപ്പെട്ടവരുടെ പ്രോത്സാഹനവും പ്രാർത്ഥനയും ഭാഗ്യവുമൊക്കെയാണെന്നു കരുതുന്നു. വിജയത്തിന്റെ പടികൾ കയറുമ്പോഴും തെല്ലും താരജാഡകൾ ബാധിക്കാതെ, നമുക്കൊപ്പംനിന്ന് നിഷ്കളങ്കയായി ചിരിച്ച്, നിറഞ്ഞ സ്നേഹത്തോടെ സംസാരിച്ച് വിസ്മയം തീർക്കുകയാണ് നമ്മുടെ സ്വന്തം മീനാക്ഷിക്കുട്ടി.

# താമരക്കുട്ടിയും ഞാനും



പൊന്നു തൃശൂർ
St. Anns CGHS, Thrissur

ഒരിക്കൽ പരിസ്ഥിതിദിനത്തിന്റെ അന്ന് സ്കൂളിൽ പോയപ്പോൾ അവിടെ ഞാൻ കുറെ ചെടികൾ നട്ടു. സ്കൂൾ വിട്ട് തിരിച്ചുവരുമ്പോൾ ടീച്ചർ എനിക്ക് ഒരു പ്ലാവിൻ തൈ വീട്ടിൽ നടാനായിത്തന്നു. ഞാൻ അത് സന്തോഷത്തോടെ വീട്ടിൽ കൊണ്ടുപോയി. വീട്ടിലുള്ള എല്ലാവർക്കും കാണിച്ചു കൊടുത്തു. ഞാൻ വീടിന്റെ മുറ്റത്ത് അത് നട്ടു. എല്ലാ ദിവസവും രണ്ടു നേരം എന്റെ പ്ലാവിന് വെള്ളം കൊടുക്കുമായിരുന്നു. എന്റെ പ്ലാവ് കുറച്ചുകുറച്ചായി വളർന്നുതുടങ്ങി. അപ്പോൾ ഞാൻ വിചാരിച്ചു, പ്ലാവിന് ഒരു പേരിട്ടാലോന്ന്. ഞാൻ എല്ലാവരുടെയും അടുത്തു ചോദിച്ച് ഒരു പേര് കണ്ടുപിടിച്ചു. താമര എന്നാണു പേരിട്ടത്.

താമരക്കുട്ടി വളർന്നു വലിയ മരമായി. ഞാൻ പഠിക്കുകയാണെങ്കിലും, കളിക്കുകയാണെങ്കിലും താമരക്കുട്ടിയുടെ ചുവട്ടിൽ വന്നിരിക്കും. എന്തു രസമാണെന്നോ, ആ തണലും കൊണ്ടിരിക്കാൻ. നല്ല സുഖമാണ്. പിന്നെ താമരക്കുട്ടി എനിക്ക് നല്ല മധുരമുള്ള ചക്കപ്പഴം തരും. അത് ഒരു പാത്രത്തിൽ ഇട്ടിട്ട് താമരക്കുട്ടിയുടെ താഴെ വന്നിരുന്ന് കഴിക്കും.

ഒരുദിവസം ഞാൻ നോക്കുമ്പോൾ എന്റെ താമരക്കുട്ടിയുടെമേൽ ഒരു അണ്ണാൻ കുഞ്ഞും അമ്മയും. ഞാൻ ആദ്യം കണ്ടപ്പോൾ വിചാരിച്ചു, അതിനെ ഓടിച്ചാലോന്ന്. പക്ഷേ, അമ്മ പറഞ്ഞു: വേണ്ട മോളേ, അത് അവിടെ ഇരുന്നോട്ടെ. പിന്നെ കുറച്ചുനേരം കഴിഞ്ഞ് ഞാൻ താമരക്കുട്ടിയെ നോക്കുമ്പോൾ അതാ, ഒരു കിളിക്കൂടും താമരക്കുട്ടിയുടെമേൽ ഇരിക്കുന്നു. അപ്പോൾ എനിക്ക് സന്തോഷമായി, കാരണം, ഞാൻ സ്കൂളിൽ പോകുമ്പോൾ താമരക്കുട്ടിക്ക് ബോറടിക്കില്ലല്ലോ. അവൾക്ക് ഇപ്പോൾ കുറെ കൂട്ടുകാരുമായി...

## നിങ്ങൾക്കറിയാമോ? കൊവിഡ് ക്വിസ്

1. ഇന്ത്യയിൽ അംഗീകാരം നേടിയ ആദ്യ കൊവിഡ് വാക്സിൻ?
2. കൊവിഡ് വാക്സിൻ കുത്തിവയ്ക്കുന്നത് ഇടതുകൈയുടെ തോളിലെ പേശികളിലാണല്ലോ. ആ പേശികളുടെ പേരു പറയാമോ?
3. രാജ്യത്ത് രണ്ടാം കൊവിഡ് വ്യാപനത്തിനു കാരണമായി കണക്കാക്കുന്ന ഡെൽറ്റ വകഭേദം ആദ്യം കണ്ടെത്തിയത് എവിടെയാണ്?
4. സംസ്ഥാനത്ത് ആദ്യമായി ഡെൽറ്റ പ്ലസ് റിപ്പോർട്ടു ചെയ്തിട്ടുള്ളത് എവിടെ?
5. ഡെൽറ്റ പ്ലസ് എന്ന് ഇപ്പോൾ വിശേഷിപ്പിക്കുന്ന ജനിതകമാറ്റത്തിന് ഗവേഷകർ നല്കിയ പേര്?

**ഉത്തരങ്ങൾ**

1. കൊവിഷീൽഡ്
2. ഡെൽറ്റോയ്ഡ്
3. മഹാരാഷ്ട്രയിലെ അമരാവതി ജില്ലയിൽ
4. പത്തനംതിട്ടയിലെ കടപ്രയിൽ
5. കെ 417

# ഇടിയൻ ചക്ക വിന്താലു



സെനോ സുനിൽ
B.Tech Student
Karunya Institute of Technology and Science, Coimbatore



### വേണ്ട ചേരുവകൾ

| | |
|---|---|
| ഇടിയൻ ചക്ക | – 750 ഗ്രാം. |
| വെളുത്തുള്ളി | – 4 അല്ലി |
| ജീരകം | – ഒരു ടീ. |
| ഏലക്ക | – 5 |
| മഞ്ഞൾപ്പൊടി | – കാൽ ടീ. |
| കാശ്മീരി മുളകുപൊടി | – 4 ടീ. |
| മല്ലിപ്പൊടി | – ഒന്നര ടീ. |
| കുരുമുളക് | – ഒന്നര ടീ. |
| കടുക് | – ഒന്നര ടീ. |
| വിനാഗിരി | – മൂന്നര ടീ. |
| സബോള | |
| ഇഞ്ചി ഒരു വലിയ കഷണം | |
| ഗ്രാമ്പു | – 5 |
| കറുവപ്പട്ട ഒരു വലിയ കഷണം | |
| ഉപ്പ് | |
| വെളിച്ചെണ്ണ | |
| കറിവേപ്പില | |

### ഉണ്ടാക്കുന്ന വിധം

ഇടിയൻ ചക്ക മുള്ളു കളഞ്ഞ് വൃത്തിയാക്കി കഴുകി ചെറുതായി സ്ലൈസ് ചെയ്തു വയ്ക്കുക. മുളകുപൊടി, മഞ്ഞൾപ്പൊടി, മല്ലിപ്പൊടി, ഇഞ്ചി, ഗ്രാമ്പൂ, കറുവാപ്പട്ട എന്നിവ വിനാഗിരി ചേർത്ത് അരയ്ക്കുക. ആവശ്യമെങ്കിൽ വെള്ളം ചേർക്കാം.

ഒരു പാനിൽ വെളിച്ചെണ്ണ ഒഴിച്ച് ചൂടായിക്കഴിയുമ്പോൾ സബോള, കറിവേപ്പില എന്നിവ ഇടുക. ആവശ്യത്തിന് ഉപ്പ് ചേർത്തു ചെറിയ ചുവപ്പുകളർ വരുന്നതുവരെ വഴറ്റുക. വഴന്നുകഴിയുമ്പോൾ അരച്ചുവച്ചിരിക്കുന്ന അരപ്പ് ചേർക്കുക. എണ്ണ ആവശ്യമെങ്കിൽ ഒഴിക്കുക. അരപ്പിൽ എണ്ണ തെളിഞ്ഞുവരുമ്പോൾ ആവശ്യത്തിനുള്ള ഗ്രേവിക്കുവേണ്ട ചൂടുവെള്ളം ഒഴിക്കുക. പുളി കുറവെങ്കിൽ വിനാഗിരി ചേർക്കാം. ഇതിൽ ഇടിയൻചക്ക ചേർക്കുക. തിളച്ചു കഴിയുമ്പോൾ 10 മിനിറ്റ് മൂടിവച്ച് ചെറുതീയിൽ വേവിക്കുക.

# സഹായഹസ്തങ്ങളെ തിരിച്ചറിയണം



ഫിലിപ്പ് എസ്. വാലൂക്കാരൻ
BA English
St. Thomas College, Pala

ജീവിതത്തിൽ നമുക്ക് വിജയിക്കാനും ലക്ഷ്യത്തിലെത്താനും ധാരാളം വഴികളുണ്ട്. പലപ്പോഴും അവ തിരിച്ചറിയാനും ഉപയോഗപ്പെടുത്താനും നമുക്കു സാധിക്കാതെ പോകുന്നു.

ഒരു അച്ഛനും മകനും കാട്ടിലൂടെ നടന്നുപോവുകയായിരുന്നു. വഴിയിൽ താഴ്ന്നു നിൽക്കുന്ന ഒരു മരച്ചില്ല കുട്ടിയുടെ കണ്ണിൽ പെട്ടു. അവനത് ഒടിക്കണമെന്നു തോന്നി. കുട്ടി അച്ഛനോടു പറഞ്ഞു: അച്ഛാ, ''എനിക്ക് ആ മരക്കൊമ്പ് ഒടിച്ചാൽ കൊള്ളാമെന്നുണ്ട്. ഞാനൊന്നു ശ്രമിക്കട്ടേ?'' ഇതുകേട്ട അച്ഛൻ പറയുന്നത്: ''അതിനെന്താ മോനേ, നീ ഒടിച്ചോളൂ. നിന്നെക്കൊണ്ടു സാധിക്കും.'' അവനു സന്തോഷം തോന്നി. അവനെക്കാൾ ഉയരത്തിലാണ് മരക്കൊമ്പ്.

കുട്ടി മരക്കൊമ്പു പിടിക്കാനായി ചാടി. അവൻ പരാജയപ്പെട്ടു. അവൻ വീണ്ടും ശ്രമിച്ചു. വിജയിച്ചില്ല. കുട്ടിക്കു സങ്കടമായി. ഇതുകണ്ട് അച്ഛൻ പറഞ്ഞു: ''നിന്റെ പൂർണശക്തിയും ഉപയോഗിക്കൂ മകനേ.'' ഇതുകേട്ടതേ മകന്റെ അത്മവിശ്വാസം വർധിച്ചു. അവൻ വീണ്ടും വീണ്ടും ചാടി. ഒടുവിൽ കുട്ടി കൊമ്പിൽ പിടിച്ചു. എന്നാൽ ആ കൊമ്പ് ഒടിക്കാൻ കുട്ടിക്കു സാധിച്ചില്ല. അവൻ അച്ഛനോടു പറഞ്ഞു: ''എനിക്ക് ഈ ചില്ല ഒടിക്കാൻ സാധിക്കുന്നില്ല.'' അച്ഛൻ വീണ്ടും അവനോടു പറഞ്ഞു: ''നിന്റെ സർവശക്തിയും ഉപയോഗിച്ചാൽ സാധിക്കും.'' കുട്ടി വീണ്ടും ഒടിക്കാൻ ശ്രമിച്ചെങ്കിലും പരാജയമായിരുന്നു ഫലം.

അവൻ കരഞ്ഞുകൊണ്ട് അച്ഛനോടു പറഞ്ഞു ''എന്നെ പറ്റിക്കുകയായിരുന്നല്ലേ, ഇത് ഒടിക്കാൻ എനിക്കാവില്ല. എനിക്കതിനുള്ള ആരോഗ്യമില്ല.'' അച്ഛൻ അവനെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു: ''നിന്റെ സർവശക്തിയും ഉപയോഗിക്കാനാണു ഞാൻ പറഞ്ഞത്. നിന്റെ അച്ഛനായ ഞാൻ നിന്റെ ശക്തിയല്ലേ. നീ ആവശ്യപ്പെട്ടിരുന്നെങ്കിൽ ഞാൻ നിന്നെ സഹായിക്കുമായിരുന്നു. നമ്മളൊരുമിച്ച് അത് ഒടിക്കുമായിരുന്നു. പക്ഷേ, നീ എന്നോട് ആവശ്യപ്പെട്ടില്ല.''

പലപ്പോഴും നമുക്കു ചുറ്റുമുള്ള സഹായഹസ്തങ്ങളെ നമ്മൾ തിരിച്ചറിയാതെപോകും. എനിക്കതു ചെയ്യാൻ കഴിവില്ലെന്നു പറഞ്ഞു മാറിനിൽക്കാനാണു പലർക്കും താത്പര്യം. എന്നാൽ മുന്നോട്ടു കുതിക്കാൻ ആവശ്യമായ സഹായഹസ്തങ്ങൾ നമുക്കു ചുറ്റുമുണ്ട്. അങ്ങനെ കൂടെയുള്ളവർ നമ്മുടെ കരുത്താണ് എന്നു തിരിച്ചറിയണം. വിജയവഴികളെ ഫലപ്രദമായി ഉപയോഗിക്കുന്നതിലാണ് മിടുക്ക്.





**ആൻ മരിയ തോമസ്**
Class : XI
St. Mary's HSS, Pala



# ഉൾക്കണ്ണു തെളിയിച്ച അമ്മ

ഒരിക്കൽ ഒരു ചെറുകഥ വായിക്കാനിടയായി. കഥയിലെ കഥാപാത്രങ്ങൾ ഒരു അമ്മയും മകനുമാണ്. അച്ഛന്റെ മരണശേഷം മകൻ അമ്മയെ ഒരു വൃദ്ധസദനത്തിലാക്കുന്നു. മകൻ സാധിക്കുമ്പോഴെല്ലാം അമ്മയെ സന്ദർശിക്കുകയും ചെയ്തുപോന്നു.

നാളുകൾ കുറേ കഴിഞ്ഞു: 'താങ്കളുടെ അമ്മയ്ക്കു തീരെ സുഖമില്ല; വന്നു സന്ദർശിക്കണം' എന്നൊരു ഫോൺ കോൾ മകനെ തേടിയെത്തി. ശോഷിച്ച ശരീരത്തിലെ ജരാനരകളുടെ സമ്പുഷ്ടത അവൻ കണ്ടു. മരണത്തിന്റെ വക്കിലെത്തിനില്ക്കുന്ന തന്റെ അമ്മയെ ആ മകൻ നോക്കിനിന്നു. അവന്റെ കണ്ണുകൾ അമ്മയുടെ കണ്ണുകളിലുടക്കി. അത് വൈരംപോലെ തിളങ്ങുന്നതായി അവനു തോന്നി.

മകൻ ചോദിച്ചു: ''അമ്മയ്ക്കുവേണ്ടി എന്താണു ഞാൻ ചെയ്യേണ്ടത്?'' അവർ പറഞ്ഞു: കഴിയുമെങ്കിൽ ഈ വൃദ്ധസദനത്തിൽ ആവശ്യത്തിന് ഫാൻ പിടിപ്പിക്കണം. ഇവിടെ ഒന്നുപോലുമില്ല. ഒപ്പം, ഭക്ഷണം പഴകാതിരിക്കാൻ ഒരു ഫ്രിഡ്ജും. കാരണം, പല രാത്രികളിലും എനിക്കു വിശന്നു കിടക്കേണ്ടി വന്നിട്ടുണ്ട്.''

മകൻ ആശ്ചര്യത്തോടെ അമ്മയെ നോക്കിക്കൊണ്ടു ചോദിച്ചു: ''ഇത്രയും നാൾ അമ്മ ഇവിടെ ഉണ്ടായിരുന്നിട്ട് എന്തേ ഒരു പരിഭവവും എന്നോടു പറഞ്ഞില്ല. ഇപ്പോൾ ഈ കുറവുകൾ എന്നെ അറിയിക്കുന്നതെന്തിന്?''

അമ്മ പറഞ്ഞു: ''അതു സാരമില്ല, മോനെ. വിശപ്പും ചൂടും വേദനയും എനിക്കു ശീലമായിക്കഴിഞ്ഞിരിക്കുന്നു. ഞാൻ അവയോടു പൊരുത്തപ്പെട്ടു. പക്ഷേ, നാളെ, എന്റെ കൊച്ചുമക്കൾ നിന്നെ ഇവിടെയാക്കുമ്പോൾ ഞാൻ സഹിച്ചവയോട് നിനക്കു പൊരുത്തപ്പെടാൻ സാധിക്കില്ലെന്ന പേടി എന്നെ വല്ലാതെ അലട്ടുന്നു.'' ഇത്രയും പറഞ്ഞിട്ട് ഏതാനും നിമിഷങ്ങൾക്കുശേഷം ആ അമ്മ ശാന്തമായി മരണത്തിലേക്കു നീങ്ങി.

അവൻ കണ്ടത് കാരുണ്യത്തിന്റെ തിളക്കമായിരുന്നു. അവനു നഷ്ടമായത് ഈ മായാലോകത്തിലെ ഒരേയൊരു യാഥാർത്ഥ്യത്തെയും. അവനിലെ ഉൾക്കണ്ണുകൾക്കു കാഴ്ച നൽകുവാൻ ആ അമ്മയുടെ കണ്ണുകൾക്ക് എന്നന്നേക്കുമായി അടയേണ്ടിവന്നു.

ജെയിംസ് റെസൽ ലോവൽ പറഞ്ഞതുപോലെ, അമ്മയുടെ മടിത്തട്ടിനെക്കാൾ ശ്രേഷ്ഠമായൊരു സർവകലാശാല വേറേയില്ല ഭൂമിയിൽ.

# ജനാധിപത്യമര്യാദകൾ ലംഘിക്കപ്പെടുമ്പോൾ





**ആൽബിൻ ജിജോ**
B Sc Maths,
St. Thomas College, Pala

മനുഷ്യത്വത്തെക്കാൾ കച്ചവടതാത്പര്യങ്ങൾക്കു സ്തുതി പാടുന്ന ഒരു വ്യവസ്ഥിതിയുടെ ഇരകളാണ് നാം. ജീവനും നീതിയും രണ്ടാംതരമായോ മൂന്നാംതരമായോ ഗണിക്കപ്പെടുമ്പോൾ, ധനമോഹികളായ കുത്തകമുതലാളിമാരുടെ നിർദ്ദയമായ നയങ്ങളെ ഒരു തലമുറ ചുമലിലേറ്റേണ്ടതായി വരുന്നു.

സാമൂഹികസുരക്ഷയ്ക്കും ജീവനും ഭീഷണിയായ മദ്യത്തിന് രാഷ്ട്രീയ രംഗത്ത് മുഖ്യസ്ഥാനമാണുള്ളത്. ലോക്ഡൗൺ ഇളവുകൾ വന്നതിനു ശേഷവും ആരാധനാലയങ്ങൾ അടച്ചിടുകയും മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിക്കാൻ സർക്കാർ അനുമതി നല്കുകയും ചെയ്തത് മേൽപ്പറഞ്ഞ വ്യവസ്ഥിതിയുടെ ഉദാഹരണമാണ്.

പൗരന്റെ സമഗ്രമായ പുരോഗതി ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. ശാരീരികമായ സുസ്ഥിതിക്കുവേണ്ടിയാണ് കൊറോണ വ്യാപനം തടയാനുള്ള നടപടികൾ കൈക്കൊള്ളുന്നത്. ഇതേസമയം മാനസികവും ആത്മീയവുമായ ആവശ്യങ്ങളെ അവഗണിക്കുന്നത് അനീതിയാണ്.

കൊവിഡ് പ്രോട്ടോക്കോൾ പൂർണമായി പാലിക്കുകയും കൊവിഡ് നിയന്ത്രണങ്ങളോടു സഹകരിക്കുകയും ചെയ്ത വിശ്വാസിസമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കുവാൻ സർക്കാർ തയ്യാറാവാത്തത് എന്തുകൊണ്ടാണ്? സർക്കാർ ഖജനാവിലേക്കു വരവുലഭിക്കുന്ന കേന്ദ്രങ്ങളിൽ ഈ പ്രോട്ടോക്കോളുകളൊന്നും ബാധകമല്ല എന്നത് അധികാരദുർവിനിയോഗം തന്നെയാണ്.

രാഷ്ട്രീയതാത്പര്യമുള്ള പരിപാടികൾക്ക് പ്രത്യക്ഷത്തിൽത്തന്നെ അപകടമായ നിലപാടുകൾ സ്വീകരിക്കുകയും പൊതുജനത്തിന്റെ അത്യാവശ്യങ്ങളെപ്പോലും നിയമസംവിധാനങ്ങളുപയോഗിച്ചു കൂച്ചുവിലങ്ങിടുകയും ചെയ്യുന്നു. ഇത്തരുണത്തിൽ, ജനാധിപത്യ മര്യാദകൾ ലംഘിച്ചുകൊണ്ട് സാധാരണക്കാരെ ദുരിതത്തിലാക്കുന്ന ഒരു വ്യവസ്ഥിതിയെ ചോദ്യം ചെയ്യുമ്പോൾ, ഉന്നയിക്കപ്പെടുന്ന ന്യായവാദങ്ങൾ തീർത്തും ബലിശവും അധികാരകേന്ദ്രീകൃതവുമാണ്. ന്യായമായ അവകാശങ്ങളെ നിഷേധിക്കുന്നത് സർക്കാർ ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടേ?

# ഫോട്ടോ ഗാലറി



## സൂക്ഷ്മലോകത്തെ വിസ്മയക്കാഴ്ചകൾ













**ആദർശ് പി. ബിജു**
BA English
St. Thomas College, Pala

# അനേകർക്കായി ജീവൻ സമർപ്പിച്ച പുണ്യാത്മാവ്



ആഷിൻ അനിൽ
Class : XI
OLL HSS
Uzhavoor

പല കാലങ്ങളിലും മനുഷ്യവംശത്തെ ഭീതിയുടെ മുൾമുനയിൽ നിർത്തിയിട്ടുണ്ട്, മഹാമാരികൾ. വസൂരി, പ്ലേഗ്, പോളിയോ തുടങ്ങി ഇന്നിതാ കൊവിഡ് -19 മഹാമാരിയും. ആരോഗ്യപ്രവർത്തകർ സ്വന്തം സുരക്ഷപോലും പരിഗണിക്കാതെ ഇങ്ങനെയുള്ള അവസരങ്ങളിൽ കർമനിരതരാകുന്നു.

ഇതുപോലെ നിസ്വാർത്ഥമായി സേവനം ചെയ്യുന്ന ആളുകൾ എല്ലാ മഹാമാരിക്കാലത്തും ഉണ്ടായിരുന്നു. അവരുടെ നാമം ആരും ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ശുശ്രൂഷിക്കപ്പെടുന്ന രോഗികൾപോലും പിന്നീട് അവരെക്കുറിച്ച് ഓർക്കാറില്ല.

ആ ഗണത്തിൽ പെടുന്ന ഒരു മഹാത്യാഗിയാണ് റവ. ഫാ. ഫ്രാൻസീസ് ഇട്ടിയേക്കാട്ട്. മധ്യതിരുവിതാംകൂറിലെ മരങ്ങാട്ടുപിള്ളി എന്ന ഗ്രാമത്തിൽ 1837 ഒക്ടോബർ 17-ാം തീയതി ഇട്ടിയേക്കാട്ട് തൊമ്മൻ -മർത്ത ദമ്പതികളുടെ മകനായി അദ്ദേഹം ജനിച്ചു.




ഒരു കർഷകകുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. കൗമാരകാലത്തുതന്നെ സന്ന്യസ്തജീവിതമാണ് തന്റെ നിയോഗമെന്ന് അദ്ദേഹം മനസ്സിലാക്കി. പതിനഞ്ചാമത്തെ വയസ്സിൽ അദ്ദേഹം കാന്റി സെമിനാരിയിൽ ചേർന്നു. വൈദികപഠനത്തിനുശേഷം 1861ൽ കുറവിലങ്ങാട്ട് മർത്ത്മറിയം പള്ളിയിൽവച്ച് പുത്തൻകുർബാന ചൊല്ലി വൈദികനായി. അന്ന് മരങ്ങാട്ടുപിള്ളി ഉൾപ്പെടെയുള്ള പ്രദേശം കുറവിലങ്ങാട് ഇടവകയിൽപ്പെട്ടതാണ്.

വൈദികനായതിനുശേഷം അദ്ദേഹം നിരവധി ഇടവകകളിൽ സേവനമനുഷ്ഠിച്ചു. അവയിൽ പലതും ഇന്ന് എറണാകുളം രൂപതയുടെയും തൃശ്ശൂർ രൂപതയുടെയും പരിധിയിലാണ്. മരങ്ങാട്ടുപിള്ളിയിലെ വിശ്വാസികൾ ആത്മീയകാര്യങ്ങൾ നിറവേറ്റുന്നതിന് അക്കാലം കുറവിലങ്ങാടുപള്ളിയെയാണ് ആശ്രയിച്ചിരുന്നത്. ഫാ. ഫ്രാൻസീസ് ഇട്ടിയേക്കാട്ട് മരങ്ങാട്ടുപിള്ളിയിൽ തിരിച്ചെത്തിയതോടെ അദ്ദേഹത്തിനു പത്രമേനിയായി ലഭിച്ച സ്ഥലം പള്ളിക്കു കൊടുത്ത് അവിടെ വി. ഫ്രാൻസീസ് അസ്സീസിയുടെ പേരിൽ ഒരു പള്ളി പണിതു. അങ്ങനെ കുറവിലങ്ങാട് ചെല്ലാതെതന്നെ ആളുകൾക്ക് കുർബാന കൂടാനും മറ്റ് ആത്മീയകാര്യങ്ങൾ നിർവഹിക്കാനും സൗകര്യമൊരുക്കി.

സ്വച്ഛശാന്തമായി കാലം മുന്നോട്ടു പോകുന്നതിനിടയിൽ നിർഭാഗ്യമെന്നു പറയട്ടെ, 1894 ഓടുകൂടി ഈ പ്രദേശങ്ങളിൽ വസൂരി പിടിപെട്ടു. സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള രോഗമാണ് വസൂരിയെങ്കിലും അത് മധ്യതിരുവിതാംകൂറിലേക്ക് 17-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് എത്തിപ്പെട്ടത്. പല അന്ധവിശ്വാസങ്ങളും അതിന്റെ പേരിൽ നിലനിന്നിരുന്നു. രോഗം പിടിപ്പെട്ടാൽ അവരെ ഒരു കൂര കെട്ടി മാറ്റിത്താമസിപ്പിക്കുന്നതായിരുന്നു പതിവ്. അവരിൽ പലരും പിന്നീട് ആ കൂരയ്ക്കപ്പുറം കണ്ടിട്ടില്ല. വസൂരി ബാധിച്ചവർക്ക് പലപ്പോഴും ഭക്ഷണംപോലും ലഭിച്ചിരുന്നില്ല. ഈ രോഗം ബാധിച്ചവരുടെ ശരീരം മുഴുവൻ വ്രണം ബാധിക്കുമായിരുന്നു. രോഗം പിടിപെടുന്നവരിൽ പലരും മരണത്തിനു കീഴടങ്ങി. അപൂർവമായി അതിജീവിച്ചവർക്കാകട്ടെ കാഴ്ച നഷ്ടപ്പെട്ടു. ഇങ്ങനെയൊരു സാഹചര്യത്തിലാണ് ഫാ. ഫ്രാൻസീസിന്റെ രംഗപ്രവേശം. അദ്ദേഹം അവർക്കു വേണ്ട സഹായങ്ങൾ നല്കി. രോഗികളെ ജീവിതത്തിലേക്കുക്കൊണ്ടുവരാൻ എന്തൊക്കെ ചെയ്യാമോ അതെല്ലാം അദ്ദേഹം ചെയ്തു. സഹായിക്കാൻ ആരും ഉണ്ടായിരുന്നില്ല. രോഗികളെ ശുശ്രൂഷിക്കുക മാത്രമല്ല അവർക്കുവേണ്ട ആത്മീയകാര്യങ്ങളും അദ്ദേഹം നിറവേറ്റിക്കൊടുത്തു.

തനിക്കും വസൂരി ബാധിക്കും എന്ന ഉത്തമബോധ്യത്തോടെയായിരുന്നു അദ്ദേഹം ഈ ശുശ്രൂഷകളെല്ലാം നടത്തിയത്. സ്വന്തം ആരോഗ്യത്തെ അദ്ദേഹം അവഗണിച്ചു. എല്ലാ ജാതിയിലുംപെട്ടവരെ അദ്ദേഹം ശുശ്രൂഷിച്ചു. ഇതിനിടെ, കടുത്തുരുത്തിയിൽ വസൂരി ബാധിച്ച ഒരു വ്യക്തിയുടെ വീട് വെഞ്ചരിക്കുന്നതിനായി ആളുകൾ ഇട്ടിയേക്കാട്ടിലച്ചനെ സമീപിച്ചു. മടിയൊന്നുമില്ലാതെ അദ്ദേഹം അവിടെച്ചെന്നു. അവിടെ വച്ചാണ് അദ്ദേഹത്തിനു രോഗം ബാധിക്കുന്നത്. രോഗബാധിതനായ അദ്ദേഹം പള്ളിയിൽത്തന്നെ കഴിച്ചുകൂട്ടി. പല പ്രതിസന്ധികളും ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടതായിവന്നു. എന്നിരുന്നാലും പ്രാർത്ഥനയിൽ അദ്ദേഹം ആശ്വാസം കണ്ടെത്തി. രോഗം മൂർച്ഛിച്ച ഒരു ദിവസം ഭക്ഷണം കൊടുക്കാനായി ചെന്നവർ കണ്ടത് മുട്ടുകുത്തി കർത്താവിങ്കലേക്കു കൈകൾ ഉയർത്തിപ്പിടിച്ച് പ്രാർത്ഥിക്കുന്ന ഫാ. ഫ്രാൻസീസ് ഇട്ടിയേക്കാട്ടിനെയാണ്. 1894 മേയ് ആറിന് അദ്ദേഹം ലോകത്തോടു വിട പറഞ്ഞു. താൻ പണിത പള്ളിയിൽത്തന്നെ അദ്ദേഹത്തെ സംസ്കരിച്ചു. ഫാ. ഫ്രാൻസീസ് ഇട്ടിയേക്കാട്ട് മരിച്ചതിന്റെപിറ്റേവർഷം മുതൽ മേയ് ആറ് കഴിഞ്ഞു വരുന്ന ഞായറാഴ്ച എല്ലാ വർഷവും ശ്രാദ്ധം നടത്തിവരുന്നു. ആളുകൾ അദ്ദേഹത്തെ ഒരു വിശുദ്ധനായാണ് കണ്ടത്. ആ വിശുദ്ധിയിലൂടെ ഫാ. ഫ്രാൻസീസ് ഇട്ടിയേക്കാട്ട് എന്ന നാമം ഓർമിക്കപ്പെടുന്നു.

# പത്താം പിറന്നാളിന്റെ മധുരവുമായി പൂഞ്ഞാർ അന്റോണിയൻ ക്ലബ്

കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കിയാണ് പത്തു വർഷംമുമ്പുള്ള ഒരു മധ്യവേനൽ അവധിക്കാലത്ത് പൂഞ്ഞാർ സെന്റ് ആന്റണീസ് സ്കൂളിൽ അന്റോണിയൻ ക്ലബ് രൂപീകരിച്ചത്. വ്യക്തിത്വവികസനം, സാമൂഹികസേവനം, പരിസ്ഥിതിസംരക്ഷണം എന്നീ ലക്ഷ്യങ്ങളോടെ ഓരോ വർഷവും നിരവധി മികവാർന്ന പ്രവർത്തനങ്ങളാണ് ക്ലബ് കാഴ്ചവച്ചത്. മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകുന്ന പുരസ്കാരത്തിനായി കേരളത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ഏക ജലശ്രീ ക്ലബ് എന്ന ബഹുമതി കഴിഞ്ഞ വർഷം ലഭിച്ചതോടെ അന്റോണിയൻ ക്ലബിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ദേശീയതലത്തിലും ശ്രദ്ധ നേടിയിരിക്കുകയാണ്.



അന്റോണിയൻ ക്ലബിന്റെ ഗ്രീൻ ടീം അറ്റ് സ്കൂൾ പ്രൊജക്ട് ഉദ്ഘാടന വേളയിൽ സിനിമാ താരം അനൂപ് ചന്ദ്രൻ, ക്ലബ് കോ-ഓർഡിനേറ്റർ ടോണി തോമസ് എന്നിവർക്കൊപ്പം ക്ലബ് അംഗങ്ങൾ. (ഫയൽ ചിത്രം)

നദീസംരക്ഷണപ്രവർത്തനങ്ങൾ, മീനച്ചിലാർ ശുചീകരണം, പ്രളയാനന്തര സന്നദ്ധപ്രവർത്തനങ്ങൾ, പഞ്ചായത്ത് തലത്തിൽ നടത്തിയ കുടിവെള്ളശുദ്ധി പരിശോധന, പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച 'കൃഷിപാഠം', 'ഇലയറിവ്' സമ്മേളനങ്ങൾ, കുട്ടികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി നടത്തിയ വിവിധ പ്രദർശനങ്ങൾ, മത്സരങ്ങൾ, ബോധവത്കരണപരിപാടികൾ, ഗ്രീൻ ടീം അറ്റ് സ്കൂൾ പ്രൊജക്ട്, കൃഷിഭവനുമായി സഹകരിച്ച് 'എന്റെ കൃഷി... എന്റെ ഭക്ഷണം' എന്നപേരിൽ പ്രദേശത്തെ ആയിരത്തിയൊന്ന് വീടുകളിൽ തുടങ്ങിയ ജൈവ അടുക്കളത്തോട്ടം, സെമിനാറുകൾ, റാലികൾ, കൈയെഴുത്തു മാസിക, ജലശ്രീ കോർണർ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ ജനശ്രദ്ധ ആകർഷിച്ചിരുന്നു.

'ഉറവകൾക്കായ്' എന്നപേരിൽ ക്ലബ് നിർമിച്ച ഷോർട്ട് ഫിലിം, ജലനിധിയുടെ സംസ്ഥാനത്തെ മികച്ച ജലസംരക്ഷണ ഡോക്യുമെന്ററികളിൽ ഒന്നായി തിരഞ്ഞെടുക്കപ്പെട്ടു. ക്ലബിന്റെ മറ്റൊരു ഷോർട്ട് ഫിലിമായ 'ദി ഫാളൻ ക്യാം' ദൂരദർശനിൽ സംപ്രേഷണം ചെയ്യുകയും ശുചിത്വ മിഷൻ സംസ്ഥാനതല ഹ്രസ്വചിത്ര മത്സരത്തിന്റെ ഫൈനലിൽ പ്രവേശിക്കുകയും ചെയ്തു.

പ്രഥമശുശ്രൂഷയിൽ ശാസ്ത്രീയ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആറു വർഷംമുമ്പ് 'ഫസ്റ്റ് റെസ്പോണ്ടർ കോഴ്സ്' പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ സംഘടിപ്പിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവീസിലെ വിദഗ്ദ്ധരുടെ സഹകരണത്തോടെ ആദ്യം അന്റോണിയൻ ക്ലബ് അംഗങ്ങൾക്കും തുടർന്ന് പഞ്ചായത്തിലെ എല്ലാ വാർഡുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകർക്കും പരിശീലനം നൽകി.

കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും സഹായകരമാകുന്ന വിവരങ്ങൾ പങ്കുവയ്ക്കാനായി അന്റോണിയൻ ക്ലബ് തുടങ്ങിയ ഓൺലൈൻ ന്യൂസ് ബ്ലോഗായ 'പൂഞ്ഞാർ ബ്ലോഗ്', പ്രദേശത്തെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിവരങ്ങൾകൂടി നൽകിവരുന്നു. കഴിഞ്ഞ പത്തു വർഷമായി ഈരാറ്റുപേട്ട ഉപജില്ലയിലെ വിവിധ സ്കൂൾ മേളകളുടെ റിസൽട്ടുകൾ അതത് സമയങ്ങളിൽ ബ്ലോഗിലൂടെ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇപ്പോൾ, കൊവിഡ് 19 പകർച്ചവ്യാധിക്കെതിരേ ബോധവത്കരണം നടത്തുകയും കൊവിഡ് സംബന്ധിച്ച പ്രാദേശിക അറിയിപ്പുകളും ഔദ്യോഗികവിവരങ്ങളും ശേഖരിച്ചു നൽകുകയും ചെയ്യുന്നു. പൂഞ്ഞാർ ബ്ലോഗിന്റെ ഫേസ്ബുക്ക് പേജാണ് ഇതിനായി കൂടുതൽ ഉപയോഗിക്കുന്നത്.

കുട്ടികളുടെ വ്യക്തിത്വവികസനത്തിനായി സഹവാസക്യാമ്പുകൾ, സെമിനാറുകൾ, പ്രസംഗപരിശീലനം, അഭിനയക്കളരി, ഷോർട്ട് ഫിലിം നിർമാണം, ലൈംഗികവിദ്യാഭ്യാസം, പഠനയാത്രകൾ, അനാഥാലയ - അഗതിമന്ദിരസന്ദർശനം തുടങ്ങിയവയും അന്റോണിയൻ ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. ലോക്ഡൗൺകാലത്തെ വിരസത അകറ്റാനും കഴിവുകൾ കണ്ടെത്തി വികസിപ്പിക്കാനും നിരവധി ഓൺലൈൻ പരിപാടികളും മത്സരങ്ങളും സെമിനാറുകളും നടത്തിയിരുന്നു. അന്റോണിയൻ ന്യൂസ് എന്ന പേരിൽ കുട്ടികൾതന്നെ അവതാരകരായ ഒരു യൂട്യൂബ് ചാനലും ആരംഭിച്ചുകഴിഞ്ഞു.

അന്റോണിയൻ ക്ലബിനു തുടക്കമിട്ടതും കഴിഞ്ഞ പത്തു വർഷമായി കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നതും സ്കൂളിലെ അധ്യാപകനായ ടോണി തോമസ് പുതിയാപറമ്പിലാണ്. സ്കൂൾ മാനേജർ ഫാ. ചാണ്ടി കിഴക്കയിൽ സി.എം.ഐ., പ്രിൻസിപ്പാൾ ബെന്നി തോമസ്, ഹെഡ്മാസ്റ്റർ റ്റോം കെ.എ., പി.റ്റി.എ. പ്രസിഡന്റ് എം.സി. വർക്കി മുതിരേന്തിക്കൽ തുടങ്ങിയവർ ക്ലബ് പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നു.



ലക്ഷദ്വീപ് വിശേഷങ്ങൾ 2

മാത്യൂസ് പ്ലാക്കൻ

# കടലോരക്കാഴ്ചകളിൽ മതിമറന്ന്

**ല**ക്ഷദ്വീപിലെ റിസോർട്ടിലെത്തിയ ഞങ്ങളെ ഇളനീർ നല്കി സ്വീകരിച്ചു. റിസോർട്ടിന്റെ അങ്കണത്തോടു ചേർന്നുകിടക്കുന്ന കടലിലായിരുന്നു ഞങ്ങളുടെ കണ്ണുകൾ. പതിനേഴംഗസംഘത്തിൽ രണ്ടുപേരൊഴിച്ചുള്ളവർ മുതിർന്ന പൗരന്മാർ, ഏഴു സ്ത്രീകളുൾപ്പെടെ.

ഒറ്റമുറി കോൺക്രീറ്റ്കോട്ടേജുകളുടെ നിര. ബാത്അറ്റാച്ച്ഡ്. ഒരു കോട്ടേജിൽ രണ്ടുപേർ വീതം താമസം. ഞാനുൾപ്പെടെ ചിലർ കടലിൽ കുളിച്ചു. തീരത്തു ചിലയിടങ്ങളിൽ കടലാക്രമണം തടയാനായി തടയണയായി കരിങ്കല്ലുകൾ നിരത്തിയിട്ടിരിക്കുന്നു.

കടൽ ഏതാണ്ടു ശാന്തം. ലക്ഷദ്വീപ് ആകെക്കൂടി 32 ചതുരശ്രകിലോമീറ്റർ ചുറ്റളവുള്ള, മനോഹരപ്രകൃതിയോടുകൂടിയ കരഭൂമിയാണെങ്കിലും ലക്ഷദ്വീപിന്റെ കടലിനാണ് കരയെക്കാൾ പതിന്മടങ്ങ് ഭംഗി! ആഴംകുറഞ്ഞ കടലിൽ മിക്കയിടത്തും തെളിഞ്ഞ വെള്ളത്തിനടിയിൽ സമുദ്രമൊരുക്കുന്ന പവിഴപ്പുറ്റുകളും പകിട്ടാർന്ന കടൽച്ചെടികളും ചേർന്നൊരുക്കുന്ന പൂവാടി!...

ലക്ഷം ദ്വീപുകളില്ലാത്ത ലക്ഷദ്വീപ്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറായി കിടക്കുന്ന മാലിദ്വീപുസമൂഹത്തെയും ലക്ഷദ്വീപ് സമൂഹത്തെയും ഒരുമിച്ചു ചേർത്തു ലക്ഷം ദ്വീപുണ്ടെന്ന വിശ്വാസത്തിലെടുത്തു പ്രാചീനസഞ്ചാരികൾ കൊടുത്ത വിളിപ്പേരാണ് ലക്ഷദ്വീപെന്നൊരു ഐതിഹ്യമുണ്ട്.

മുപ്പത്താറു ദ്വീപുകളുണ്ടെങ്കിലും പത്തെണ്ണത്തിൽമാത്രമേ ആൾത്താമസമുള്ളൂ. കവരത്തി, അഗത്തി, അമിനി, കടമത്ത്, കിൽത്തൻ, ചെത്‌ലത്, ബിത്ര, കൽപേനി, ആന്ത്രോത്ത്, മിനിക്കോയ് എന്നിങ്ങനെ ആ പത്തു ദ്വീപുകൾ. ബിത്ര ദ്വീപാണ് ഇവയിൽ ഏറ്റവും ചെറുത്. നാനൂറിൽത്താഴെയാണ് അവിടത്തെ സ്ഥിരതാമസക്കാർ. വീതികുറഞ്ഞ് നീളത്തിലാണ് ഒട്ടുമിക്ക ദ്വീപുകളുടെയും കിടപ്പ്. ഏറ്റവും ഉയരമുള്ള ഭാഗത്തിനു സമുദ്രനിരപ്പിൽനിന്ന് 30 അടിവരെ മാത്രമേ ഉയരംകാണൂ. ഏറ്റവും വലിപ്പമുള്ളത് ആന്ത്രോത്ത് ദ്വീപിനാണ്. ഏതാണ്ട് അഞ്ചു ചതുരശ്ര കിലോമീറ്റർ മാത്രമാണ് അതിന്റെ വിസ്തീർണം.

രണ്ടു വാഹനങ്ങളിലായി ഞങ്ങൾ അഗത്തിദ്വീപിലെ പോലീസ് സ്റ്റേഷനിലെത്തി. അവിടെ കൊടുക്കേണ്ട പേപ്പറുകൾ നേരത്തേ എത്തിച്ചു, ക്രമീകരണം നടത്തിയിരുന്നു. ഓരോരുത്തരായി അവിടുത്തെ രജിസ്റ്ററിൽ ഒപ്പിട്ടു മടങ്ങി. അപ്പോഴേക്കും ഉച്ചവെയിൽ നെറുകയിലെത്തി. ഇനി ഉച്ചഭക്ഷണം കഴിച്ചിട്ട് അഗത്തി ദ്വീപിലൂടെ സവാരി.

ലക്ഷദ്വീപിലെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 64,429 ആണ്. ജനസാന്ദ്രത ച. കിലോമീറ്ററിൽ 2013. ഭരണകേന്ദ്രവും തലസ്ഥാനവും കവരത്തി. താപനില കൂടിയത് 32 ഡിഗ്രി സെൽഷ്യസ്. കുറഞ്ഞത് 28 ഡിഗ്രി സെൽഷ്യസും. ലക്ഷദ്വീപുകളിലെ 90 ശതമാനം പേരും പരമ്പരാഗതമായി അവിടെത്തന്നെ താമസിച്ചുവരുന്നവരാണ്. ബഹുഭൂരിപക്ഷം ആൾക്കാരും മുസ്ലീംമതവിഭാഗത്തിൽപ്പെട്ടവരാണ്. മലയാളമാണ് സംസാരഭാഷ. മിനിക്കോയി ദ്വീപിൽ മാത്രം മഹൽ എന്ന ഭാഷയാണ് സംസാരിക്കുക. മാലിദ്വീപിന്റെ സംസാരഭാഷയാണത്. മിനിക്കോയ് ദ്വീപ് മാലിദ്വീപിനോടടുത്തുകിടക്കുന്നതിനാലാണ് മഹിൽഭാഷ അവിടെ കുടിയേറിയത്.

പട്ടിണിയില്ലാത്ത, യാചകരില്ലാത്ത സമാധാനപ്രേമികളായ പാവപ്പെട്ട ജനങ്ങളുടെ ഭൂമിക! ഒറ്റനോട്ടത്തിൽ ലക്ഷദ്വീപിന്റെ മുഖം അതാണ്. കടൽ വേർതിരിക്കുന്നുവെങ്കിലും കേരളീയരുടെ അയൽക്കാരാണ് ലക്ഷദ്വീപുകാർ. കേരളത്തിൽനിന്നു കുടിയേറിപ്പാർത്ത മലയാളം സംസാരിക്കുന്ന സഹോദരങ്ങൾ.

കടൽത്തീരത്തു ക്രമീകരിച്ച പ്ലാസ്റ്റിക് ഡൈനിങ് ടേബിളുകൾ, കസേരകൾ. അങ്ങോട്ട് റിസോർട്ട് കിച്ചണിൽനിന്നു ഭക്ഷണമെത്തി. വെള്ളച്ചോറും മീൻകറിയും മീൻവറുത്തതുമൊക്കെയുണ്ട്. വെജ് വേണ്ടവർക്ക് അതും. മീൻ ടൂണ. കേരയുടെയും ചൂരയുടെയും വർഗത്തിൽപ്പെടുന്ന മേൽത്തരം ടൂണയുടെ നാടുകൂടിയാണ് ലക്ഷദ്വീപ്. കറികൾക്കു മലബാറിച്ചുവയുള്ളതുപോലെ.

ഭക്ഷണവും അല്പം വിശ്രമവും കഴിഞ്ഞ് യാത്രാസംഘം രണ്ടു വാഹനങ്ങളിലായി പുറപ്പെട്ടു. അഗത്തിദ്വീപ് വിസ്തരിച്ചൊന്നു കാണാൻ.

(തുടരും)



# മായുകില്ലീ കാവ്യസുഗന്ധം

**മലയാളത്തിന്റെ ഗാനരചയിതാവ് എസ്.രമേശൻ നായർ ഇനി ജ്വലിക്കുന്ന ഓർമ**

രാഖി നാരായണൻ



**കാ**വ്യഗന്ധമാർന്ന ഗാനങ്ങൾ മലയാളിക്കു സമ്മാനിച്ച എസ്.രമേശൻ നായർ വിടവാങ്ങുമ്പോൾ ശുദ്ധസംഗീതത്തിനു നഷ്ടമാകുന്നത് പകരം വയ്ക്കാനാവാത്ത പ്രതിഭാശാലിയെയാണ്. സംഹാരതാണ്ഡവമാടിയ കൊവിഡുകാലം നമ്മളിൽനിന്നടർത്തിയെടുത്ത മഹാരഥൻമാരിൽ പ്രഥമസ്ഥാനത്താണ് എസ് രമേശൻ നായർ.

കേൾവിക്കാരന്റെ കാതുകളിലല്ല, ഹൃദയത്തിലിടം പിടിക്കുന്ന വരികളായിരുന്നു അദ്ദേഹത്തിന്റെ തൂലികയിൽനിന്നു പിറവിയെടുത്തിരുന്നത്. സൗഹൃദത്തിനും പ്രണയത്തിനും മാനുഷികബന്ധത്തിനുമെല്ലാം പുതുനിറങ്ങൾ ചാലിച്ച നിരവധി ഗാനങ്ങളാണ് അദ്ദേഹം മലയാളികൾക്കായി സമ്മാനിച്ചത്. ...പൂമുഖവാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളും പ്രണയവർണ്ണങ്ങൾ വാരിവിതറിയ ഓ... പ്രിയേ എന്നു തുടങ്ങുന്ന ഗാനവുമെല്ലാം ഇന്നും മലയാളികളുടെ ചുണ്ടിലുണ്ട്.

1985 ൽ പുറത്തിറങ്ങിയ പത്താമുദയം എന്ന ചിത്രത്തിനു ഗാനം രചിച്ചുകൊണ്ടാണ് മലയാളചലച്ചിത്രരംഗത്തേക്ക് അദ്ദേഹം കടന്നുവരുന്നത്. പിന്നീട് നിരവധി ചിത്രങ്ങൾക്ക് പാട്ടുകൾ എഴുതി. ഗുരു, അനിയത്തിപ്രാവ്, പഞ്ചാബി ഹൗസ്, മയിൽപ്പീലിക്കാവ് തുടങ്ങിയവയിലെ പാട്ടുകൾ മെഗാഹിറ്റുകളായി.

ചലച്ചിത്രരംഗത്തേക്കു കടന്നുവരുന്നതിനുമുമ്പ് ആകാശവാണിക്കും ദൂരദർശനുംവേണ്ടി അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമേ മുന്നൂറിലധികം ഗാനങ്ങൾ അമ്പതിൽപ്പരം കാസെറ്റുകളിലൂടെ, യേശുദാസിന്റെയും ജയചന്ദ്രന്റെയും സ്വരമാധുരിയിലൂടെ മലയാളി ആസ്വദിച്ചു. ഭക്തിഗാനശാഖയ്ക്കും അദ്ദേഹം നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്.

ഗാനരചനയ്ക്കു പുറമേ, ഹൃദയവീണ, പാമ്പാട്ടി, ഉർവശീപൂജ, ദുഃഖത്തിന്റെ നിറം, കസ്തൂരിഗന്ധി, അഗ്രേപശ്യാമി, ജന്മപുരാണം, കളിപ്പാട്ടങ്ങൾ, ചരിത്രത്തിനു പറയാനുള്ളത് തുടങ്ങിയ ഗദ്യ കൃതികളും തിരുക്കുറൽ, ചിലപ്പതികാരം എന്നീ തമിഴ്കൃതികളുടെ വിവർത്തനവും അദ്ദേഹത്തിന്റേതായുണ്ട്. സ്വാതിമേഘം, അളകനന്ദ, ശതാഭിഷേകം, വികടവൃത്തം തുടങ്ങിയ നാടകങ്ങളും രചിച്ചിട്ടുണ്ട്.

ഗുരുപൗർണ്ണമി എന്ന കാവ്യസമാഹാരത്തിനു 2018 ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. 2010 ൽ കേരളസാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം, ആറാം വെണ്ണിക്കുളസ്മാരകപുരസ്കാരം, ഇടശ്ശേരി അവാർഡ്, കേരള പാണിനി പുരസ്കാരം, ആശാൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സബ് എഡിറ്ററായും ആകാശവാണിയിൽ നിർമാതാവായും സേവനമനുഷ്ഠിച്ചു.

1948 മേയ് മൂന്നിന് കന്യാകുമാരിയിലെ കുമാരപുരത്ത് ഷഡാനൻ തമ്പിയുടെയും പാർവതിയമ്മയുടെയും മകനായി ജനിച്ചു. എഴുത്തുകാരിയും റിട്ട.അധ്യാപികയുമായ പി. രമയാണു ഭാര്യ. ഏക മകനായ മനു രമേശൻ സംഗീതസംവിധായകനാണ്.

ഒരു രാജമല്ലി വിടരുന്നതിന്റെ മനോഹാരിത മലയാളിയുടെ മനസ്സിൽ കോറിയിട്ട എസ്. രമേശൻ നായർ മൺമറഞ്ഞാലും ഉദിച്ച ചന്ദ്രനായി മലയാളത്തിൽ നിറഞ്ഞുനിൽക്കും.

പ്രണയപാഠാവലി



85

ഡോ. ആന്റണി ജോസ്

# വൈകാരികതയുടെ രീതിശാസ്ത്രം

പ്രണയം അതിന്റെ സമസ്തദളങ്ങളോടുംകൂടി സജ്ജമാകുമ്പോൾ പ്രണയിയും പ്രണയിനിയും അന്യോന്യം ആകർഷിക്കപ്പെടുകയായി. അവർ ഒന്നായി മാറുന്നു. സ്ത്രീക്കും പുരുഷനും ഒന്നുപോലെ ബാധകമായ കാര്യമാണിത്. എന്നാൽ, രതിജന്യമായ സന്തോഷം ഇരുവർക്കും വ്യത്യസ്തമായ ഉൾക്കാഴ്ചയാണ്, അനുഭൂതിയാണ്.



പുരുഷലൈംഗികതയെക്കുറിച്ചാകാം ആദ്യാന്വേഷണം.

കാരുണ്യം, കരുതൽ, അംഗീകാരം, വിശ്വസ്തത, സാമീപ്യം, ലൈംഗികത എന്നിങ്ങനെയാകുന്നു കുടുംബകേന്ദ്രീകൃത, ധർമാനുസാരിയായ ലൈംഗികതയിലേക്കുള്ള വികാസക്രമം. പ്രണയദളങ്ങളിൽ സാമീപ്യമാണ് ലൈംഗികതയിലേക്കുള്ള പാലം ഇപ്രകാരം വിശദീകരണത്തിനു വേണ്ടിവരുന്ന താത്ത്വികഭാരമൊന്നും റിയാലിറ്റിക്കില്ല. ആണിന് ഇക്കാര്യത്തിൽ കുറുക്കുവഴികളുണ്ട്. അയാളുടെ രതിസാക്ഷാത്കാരത്തിന് പ്രണയം അവശ്യഘടകമേയല്ല!

ഇന്ദ്രിയോദ്ദീപനം സാധ്യമാകുന്നത്, ഒട്ടുംതന്നെ അസാധാരണത്വം അവകാശപ്പെടാനില്ലാത്ത പ്രേരകങ്ങളിലൂടെയാകാം. കാഴ്ച, കേൾവി, ഗന്ധം, സ്പർശം, ഓർമ, ഭാവന ഇതൊക്കെ രതിയുടെ നിഴലേൽക്കുന്ന മാത്രയിൽ ഉണർത്തുപാട്ടാകുന്നു.

ഇവിടെ പ്രണയം ഓപ്ഷണലാകുന്നതു കാണാം. വേണമെങ്കിൽ അതിന് ഐന്ദ്രികതയുമായി ചേർന്നുപോകാം. ഇല്ലെങ്കിലും വിരോധമൊന്നുമില്ല. എങ്ങനെയാണെങ്കിലും വൈകാരികതയുടെ തടിത്പ്രവാഹങ്ങൾ രതിസാഗരത്തിൽ എത്തിച്ചേർന്നിരിക്കും; ഊനമില്ലാത്ത സംതൃപ്തിയോടെ. സെക്സിനുവേണ്ടി മാത്രം സ്ത്രീകളെ ലക്ഷ്യമിടുന്ന പുരുഷന്മാർ ഒരു പുതിയ സംഭവമൊന്നുമല്ല. മാന്യതയുടെ മൂടുപടത്തിനുള്ളിലും അത്തരം നീചജന്മങ്ങൾ പതിയിരിപ്പില്ലേ എന്ന് അന്വേഷിക്കുന്നു നല്ലതാണ്. എന്നാൽ, 'വിഷയാസക്തി'യോടെ ആണുങ്ങൾക്കുവേണ്ടി വലവിരിക്കുന്ന സ്ത്രീകളോ? അത്തരമൊരു സ്ഥിതിവിവരക്കണക്കിന് സാധ്യതയോ സാധുതയോ ഉണ്ടോ? അന്വേഷണം, ഒരു കാലത്ത് പൈങ്കിളിവാരികകൾക്ക് ചൂടും ചൂരും പകർന്ന പ്രേതകഥകളിലെ, യക്ഷിക്കഥാപാത്രങ്ങളിൽ ചെന്നെത്താനാണ് സാധ്യത. യക്ഷികൾക്കു വേണ്ടത് പുരുഷനെയാണല്ലോ.

ആണിന്റെ ലൈംഗികപ്രതികരണങ്ങൾ ഏറെക്കുറെ ഹ്രസ്വവും അതേസമയം തീക്ഷ്ണവുമായ ഒരു സ്ഫുലിംഗം കണക്കേയാണെന്നു പറയാം. അതിന് ജീവശാസ്ത്രപരമായ കാരണങ്ങളുണ്ട്. പുരുഷപ്രത്യുത്പാദനവ്യൂഹത്തിന്റെ ധർമം, അണ്ഡത്തിലേക്കു ബീജത്തെ വിക്ഷേപിക്കുകയാണല്ലോ. അത് സ്ഖലനമെന്ന മുഖാന്തരത്തോടു കൂടിയതാകുന്നു. സ്ഖലനപര്യന്തമാണ് അയാളുടെ ലൈംഗികപ്രതികരണങ്ങൾ അഥവാ ലൈംഗികസ്വത്വബോധത്തിന്റെ അസ്തമയം. ഉദായസ്തമയങ്ങൾക്കിടയിൽ, തന്റേകൂടി ഭാഗധേയത്തിൽ ഉരുവംകൊള്ളുന്ന ഒരു ശിശുവിന്റെ ഓമനമുഖം അയാൾക്കു സങ്കല്പിക്കാനാവുമോ?

സ്ഖലനം നാഡീവ്യവസ്ഥയുടെ ഒരു റിഫ്ളക്സ് ധർമമാണ്. ചുമ, തുമ്മൽ തുടങ്ങിയ ശാരീരികപ്രതികരണങ്ങൾപോലെ. സ്ഖലനാനുബന്ധിയായ സന്തോഷം അയാളെ വല്ലാതെ മോഹിപ്പിക്കുന്നു. രതിപൂർവലീലകൾ ഈ മോഹസാക്ഷാത്കാരത്തിലേക്ക് തിരതല്ലിയൊഴുകുന്ന ചിറ്റോളങ്ങളും. രതിപൂർവ്വലീലകളാകട്ടെ, ഭാവനയുടെ ശിഖരങ്ങളിൽനിന്നും മുളയെടുക്കുന്നു. പുരുഷ കാല്പനികതയിൽ അന്തർലീനമായിരിക്കുന്ന ലക്ഷ്യങ്ങൾ നിരവധിയാണ്. അത് കേവലം സന്താനോത്പാദനത്തിൽ പരിമിതപ്പെടുന്നതല്ല. ലൈംഗികാഭിമുഖ്യം സൃഷ്ടിക്കുന്ന ആവേഗങ്ങൾ വൈവിധ്യമുള്ളവയാകുന്നു: സ്നേഹം പങ്കുവയ്ക്കൽ, പ്രകടിപ്പിക്കൽ, വൈകാരിക അടുപ്പം, സന്താനനിവൃത്തി എന്നിവ ലൈംഗികതയ്ക്കുള്ള അങ്ങേയറ്റം മാതൃകാപരവും ആദർശനിഷ്ഠവുമായ പ്രചോദനങ്ങളാണ്. എന്നാൽ, തമസ്കരിക്കപ്പെട്ടതും ഒരു ദേശത്തിന്റെ സാംസ്കാരികാപചയം തുറന്നുകാട്ടുന്നതുമായ ഉൾപ്രേരണകളെ കണ്ടില്ലെന്നുവയ്ക്കാൻ കഴിയില്ല. അധിനിവേശം, പ്രതികാരം, ചതി, സ്വാർഥത, സുഖലോലുപത എന്നിവ ഈ കരിമ്പട്ടികയിൽപ്പെടുന്നു. ചിലർക്ക് ആത്മസംഘർഷത്തിൽനിന്നു കരകയറാനുള്ള കച്ചിത്തുരുമ്പായും സെക്സ് മാറുന്നു. കടുത്ത അപകർഷത, ഭയം, ഉത്കണ്ഠ ഇവയ്ക്ക് താത്കാലിക വിരാമമിടാൻ അവർക്കായേക്കാം. കൗതുകം, ജിജ്ഞാസ ഇവ സെക്സിൽ പരീക്ഷണങ്ങൾ നടത്താൻ പ്രചോദനമാകാം. അതുപോലെതന്നെയാണ് പുതുമയ്ക്കുവേണ്ടിയുള്ള അഭിനിവേശവും. ഇവർ ഒരിടത്തുതന്നെ ഒതുങ്ങിക്കൂടത്തക്കവിധം ചിട്ടയും അടക്കവുമുള്ളവരാകണമെന്നില്ല.

ഒരു കാര്യം വ്യക്തമാകുന്നു. നാണയത്തിന്റെ ഇരുവശങ്ങൾപോലെയാകുന്നില്ല പുരുഷനിലെ പ്രണയ-രതി മേളനം. വെറുക്കുന്ന സ്ത്രീയുടെ ലൈംഗികത ആസ്വദിക്കാനും അയാൾക്കു സാധിക്കും. ലൈംഗികാതിക്രമങ്ങളുടെ പിറവി ഇങ്ങനെയാണല്ലോ.

സ്നേഹം, പങ്കിടൽ, സന്താനോത്പാദനം തുടങ്ങിയ ഉദാത്ത പ്രേരണകൾ മാറ്റി നിറുത്തിയാൽ ബാക്കിയുള്ളതെല്ലാംതന്നെ മാനവീയതയിൽനിന്നുള്ള അപഭ്രംശങ്ങളാണ്. അല്ലെങ്കിൽ, കലയുടെയും സാഹിത്യത്തിന്റെയും ഹിംസാത്മകരാഷ്ട്രീയത്തിന്റെയും ഭൂമികയിൽ മഹത്ത്വീകരിക്കപ്പെട്ടു കൂടായ്കയുമില്ല. എങ്ങനെയായാലും വ്യക്തിത്വവികാസത്തിന്റെ ധന്യമായ അവസ്ഥകളിൽ ഏൽക്കേണ്ടിവന്ന പരിക്കുകൾ ഇത്തരം വ്യതിയാനങ്ങൾക്കു കാരണമായിട്ടുണ്ട്.

പുരുഷലൈംഗിക പ്രതികരണം, ഏറെക്കുറെ 'ഖണ്ഡിത'മാണെന്നു പറയാം. കാലസൂചികയിൽ അതിന് നൈരന്തര്യം അവകാശപ്പെടാനില്ല. അതൊരു വികാസക്രമത്തിന്റെ ഭാഗവുമല്ല. ഉദയാസ്തമയങ്ങൾക്കിടയിൽ ചിതറിവീഴുന്ന ചില ഖണ്ഡങ്ങൾ; അത്രമാത്രം. ദീർഘകാലാനുസന്ധിയും, മാനവീയതയെ പ്രതിഫലിപ്പിക്കുന്നതുമായ, ഒരു സ്വത്വബോധത്തെ അവതരിപ്പിക്കാൻ, ഇനിയും കാലമേറെ വേണ്ടിവരും.

ദാമ്പത്യജീവിതത്തിൽ, രതികർമം പ്രദാനം ചെയ്യുന്ന താത്കാലികാനുഭൂതി അവന്റെ സ്വപ്നങ്ങൾക്ക് കിന്നരം മീട്ടുന്നു... വികീർണ്ണതയോ അദ്വൈതത്തിലെത്തിക്കുന്നു... സന്മാർഗ്ഗ - നൈതികാഹ്വാനങ്ങൾക്ക് അവൻ സമ്മതം മൂളുന്നു; ശ്രമകരമാണെങ്കിൽകൂടി. എന്നാൽ, പ്രണയമാകട്ടെ, അവന്റെ ഉദ്യമങ്ങളെ ഊഞ്ഞാലാട്ടുകതന്നെ ചെയ്യും. കുതിച്ചുപായുന്ന മോഹാശ്വങ്ങളെ തളയ്ക്കാൻ അപ്പോഴാണു കഴിയുക.

പ്രണയം വിഭക്തമായിരിക്കെ, കേവലം ഐന്ദ്രികതയെ ഉപാസിക്കുന്നവന്റെ രീതിശാസ്ത്രം മറ്റൊന്നാണ്. സമാഗമങ്ങൾ മാത്രമാണ് അജണ്ട. സ്ഥലകാലനിഷ്ഠകളോ, വ്യവസ്ഥാപിതമായ തയ്യാറെടുപ്പുകളോ അവനെ അലട്ടുന്നില്ല. ഹൃദയങ്ങളുടെ ലയം, ആർക്കാണ് നിർബന്ധം! കാലങ്ങളായി കൊണ്ടുനടക്കുന്ന, ലാവണ്യത്തിന്റെ വാർപ്പുമാതൃകകൾപോലും വലിച്ചെറിഞ്ഞ്, കണ്ടതിനെയൊക്കെ ആശ്ലേഷിക്കാൻ കഴിയുന്നതതുകൊണ്ടല്ലേ?

ഇനി പങ്കാളിതന്നെയും വേണമെന്ന് ആർക്കാണു ശാഠ്യം? ഇല്ലെങ്കിൽ വേണ്ട; ഉള്ളതുകൊണ്ടോണംപോലെ. വേണ്ടതൊക്കെ കാല്പനികതയിൽ സ്ഫുടം ചെയ്തെടുക്കാൻ വശമുള്ളവനാണവൻ. രതികാമനയുടെ ശരവേഗങ്ങളെ ആവാഹിച്ചിരുത്തുവാൻ സജീവവും ഒപ്പം നിർജീവവുമായ ഉപാധികൾ മതിയാവോളമുണ്ട്. 'വ്യതിയാനങ്ങൾ' എന്നു വിളിച്ച് അധിക്ഷേപിച്ചാലും അത്ര മോശമാണെന്നു കരുതാൻ അവനു സാധിക്കാറില്ല. ഫാന്റസിയുടെ നയനാനന്ദകരമായ ശില്പചാരുതയ്ക്കു മുമ്പിൽ ആത്മപൂജ നടത്തുമ്പോഴും ഇതുതന്നെ സംഭവിക്കുന്നു.

സ്ത്രീപുരുഷബന്ധത്തെ, ലാഘവബുദ്ധിയോടെ, അല്ലെങ്കിൽ സോപാധികമായി കാണാൻ പുരുഷനെ പ്രേരിപ്പിക്കുന്നതെന്തായിരിക്കും സന്താനോത്പാദനത്തിനുള്ള, ലൈംഗികബന്ധത്തിൽ താൻ വെറുമൊരു നിമിത്തം മാത്രമായിപ്പോകുമെന്നു തോന്നിയതുകൊണ്ടോ? ബീജ - അണ്ഡ സംയോഗത്തിന്റെ ഉത്പന്നമായ ഭ്രൂണംപോലും കായികമായും മാനസികമായും അന്യവത്കരിക്കപ്പെടുന്നല്ലോ എന്നോർത്തിട്ടോ? ■

# ആട്ടവിളക്ക്



കഥ

ഉണ്ണി വാരിയത്ത്

എന്റെ മകനല്ല അവൻ. ജന്മം നൽകിയത് ഞാൻതന്നെ. പക്ഷേ-

കഥകളിപാരമ്പര്യമുള്ള കുടുംബത്തിലെ ഇങ്ങേയറ്റത്തെ കണ്ണിയായ അവൻ ആ മഹത്തായ കലയെ മാനിച്ചില്ല.

ഒന്നും ഓർക്കാതിരിക്കുകയാണു നല്ലത്. പക്ഷേ, ഓർമകൾ പിടിമുറുക്കുന്നു...

കഥകളിനടനെന്ന നിലയിൽ പ്രഗല്ഭനായിരുന്ന അച്ഛനിൽനിന്നാണ് ഞാൻ അഭ്യസിച്ചത്. അച്ഛന്റെ പേര് നിലനിർത്തുന്ന വിധത്തിൽ നന്നായിത്തന്നെ വേഷം കെട്ടിയാടി. മകനിലേക്കും കലാപാരമ്പര്യത്തെ ഊട്ടിവളർത്താൻ ശ്രമിച്ചപ്പോഴാണ് താത്പര്യമില്ലായ്മ കാട്ടി അവൻ അത് തട്ടിത്തെറിപ്പിച്ചത്. പാരമ്പര്യമായി നിലനിർത്തിയ കലാരൂപം എന്നോടുകൂടി കുടുംബത്തിൽനിന്ന് അന്യമാവുകയാണല്ലോ എന്നു ചിന്തിച്ചു ദുഃഖിച്ചു.

കോളജുകുമാരനായപ്പോൾ അവൻ പുകവലിയിൽനിന്നു മദ്യപാനത്തിലൂടെ മയക്കുമരുന്നിലേക്ക് പ്രായോഗികപരിശീലനോപരിപഠനം നടത്തി. ക്ഷമിക്കാവുന്നതായിരുന്നില്ല അവന്റെ ദുർനടപ്പുകൾ. സഹികെട്ട് പൊട്ടിത്തെറിച്ചപ്പോൾ അവൻ പറഞ്ഞു:

"എന്നെ ഉപദേശിക്കാൻ വരരുത്. ഊമക്കളി മാത്രമാണ് നിങ്ങൾക്കു ചേരുക. ആർക്കും വേണ്ടാത്ത അതു കാഴ്ചബംഗ്ലാവിലേക്കു മാറ്റേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു."

ഞെട്ടിപ്പോയി. ഹൃദയാഘാതമുണ്ടായി. കഷ്ടിച്ചാണു രക്ഷപ്പെട്ടത്. കളിയാട്ടം തത്കാലം നിർത്തി പൂർണവിശ്രമം വേണമെന്നാണ് ഡോക്ടറുടെ നിർദ്ദേശം.

ഞാൻ സാത്വികവേഷമണിഞ്ഞാടുമ്പോൾ ഒരുപാടുപേർ കൈതൊഴുമായിരുന്നു. പാരിതോഷികങ്ങൾ തരുമായിരുന്നു. അച്ഛനു ലഭിച്ച ബഹുമതികൾക്കൊപ്പം ഞാൻ എന്റേതും ചേർത്തുവയ്ക്കുമായിരുന്നു. കാലഹരണപ്പെടാത്ത അവയെ മകൻ കാലിക്കുപ്പികൾക്കൊപ്പം തൂക്കിവില്ക്കാനാണല്ലോ സാധ്യത ദൈവമേ!



കളിയരങ്ങിൽ, നിറഞ്ഞ സദസ്സിനുമുമ്പിൽ, എനിക്ക് ഒരിക്കൽക്കൂടി ആടണമെന്നുണ്ട്. അവശത അനുവദിക്കുമോ? ആടുമ്പോൾ വീണുമരിച്ചാൽ അതാണു സായുജ്യം. പക്ഷേ, ആടാൻ കഴിയുമോ? ചിന്തകൾ പതറിയാൽ, പാദങ്ങൾ ഇടറിയാൽ, പദങ്ങൾ മറന്നാൽ, മുദ്രകൾ തെറ്റിയാൽ, ചീത്തപ്പേരോടെ വിടവാങ്ങേണ്ടി വരും. വേണ്ട...

എവിടെയോ മേളപ്പദം കേൾക്കുന്നുണ്ടല്ലോ. തുടർന്ന് ചെണ്ടയുടെയും ചേങ്ങിലയുടെയും മുഴക്കം. കത്തിവേഷത്തിന്റെ അലർച്ച. പിന്നെ, എല്ലാം കൂടിക്കുഴഞ്ഞ് ഉച്ചസ്ഥായിയിൽ.

ഭ്രമമാണോ? ഭ്രാന്താണോ? ആട്ടവിളക്ക് പടുതിരി കത്തുകയാണോ?...

■

# അഭയം തേടി പലായനം ചെയ്യുന്ന ജനത



സിൽജി ജെ. ടോം

രാജ്യങ്ങളുടെ അതിർത്തികൾ കടന്ന് അഭയകേന്ദ്രങ്ങൾ തേടി 'ഒരു ജനത' നീണ്ട പലായനങ്ങളിലാണ്. കടൽ നീന്തിക്കടന്നും ചുട്ടുപൊള്ളുന്ന മരുഭൂമിയും മഞ്ഞുമലകളും താണ്ടിയും, പലവിധ പീഡനങ്ങൾ അനുഭവിച്ചുമാണ് അഭയാർത്ഥി സമൂഹം തങ്ങൾ വാഗ്ദത്തഭൂമി എന്നു കരുതുന്ന ഇടങ്ങളിലേക്ക് എത്തിച്ചേരുന്നത്. അവിടെ പലപ്പോഴും മതിലുകൾ പണിതും പൊള്ളുന്ന അനുഭവങ്ങളിലൂടെ കടത്തിവിട്ടും അവരുടെ പലായനങ്ങളെ തടസ്സപ്പെടുത്തുന്നവരുണ്ട്. വിവിധ നാടുകളിൽ നിന്ന് പലായനം ചെയ്യുന്നവരുടെ നിലവിളികൾ ലോകത്തിന്റെ കാതുകളിൽ അലച്ചുകൊണ്ടേയിരിക്കുന്നു. ഈ യാത്രയ്ക്കിടയിൽ ലക്ഷ്യം കാണാനാവാതെ പട്ടിണികിടന്നും ഉൾക്കടലിൽ മുങ്ങിയും മരിക്കുന്നവരേറെ. അതിസാഹസികമായി പ്രതീക്ഷയുടെ തുരുത്തുകൾ തേടിപ്പോയ അഭയാർത്ഥികൾക്ക് എത്തിപ്പെടുന്നിടത്തെല്ലാം നേരിടേണ്ടിവരുന്നത് പലതരത്തിലുള്ള വിവേചനങ്ങളാണ്. ചെന്നെത്തുന്ന ഇടങ്ങളിൽ നിന്ന് പലപ്പോഴും ആട്ടിപ്പായിക്കപ്പെടുന്ന ഇവരുടെ കണ്ണീർ പലപ്പോഴും ഭരണകൂടങ്ങൾ കാണുന്നില്ല. അവർക്കൊപ്പം നിഷ്കളങ്കരായ കുഞ്ഞുങ്ങളും നിരാലംബരായ സ്ത്രീകളും വൃദ്ധരുമെല്ലാമുണ്ട്; നരച്ചതും പ്രതീക്ഷയറ്റതുമായ ജീവിതത്തിന്റെ നിരവധി പ്രതിനിധാനങ്ങൾ. മാലിന്യം കുന്നുകൂടിയതും സുരക്ഷിതത്വം തീരെയില്ലാത്തതുമായ ഇടങ്ങളിൽ, രാ പാർക്കാൻ വിധിക്കപ്പെട്ടവർ.

സംഘർഷങ്ങളും സംഘട്ടനങ്ങളും കാരണം സ്വന്തം നാടും വീടും ഉപേക്ഷിച്ച് പലായനം ചെയ്യാൻ വിധിക്കപ്പെട്ട പതിനായിരക്കണക്കിന് ജീവനുകളോട് വേണ്ട കരുതൽ ഉയർത്തിക്കാട്ടിക്കൊണ്ട് വീണ്ടുമൊരു അഭയാർത്ഥിദിനംകൂടി കടന്നുപോയി, ജൂൺ 20 ന്.

2015 സെപ്റ്റംബർ 2ന് ലോകത്തെ മുഴുവൻ കണ്ണീരണിയിച്ച് മെഡിറ്ററേറിയൻ തീരത്ത് പഞ്ചാരമണലിൽ കമിഴ്ന്നു കിടന്ന ഐലൻ കുർദി എന്ന മൂന്നുവയസുകാരന്റെ ചേതനയറ്റ ഓമനമുഖം മനസ്സുകളിൽനിന്നു മാഞ്ഞിട്ടില്ലിനിയും. ഐലൻ കുർദി മധ്യപൂർവേഷ്യയിലെ അവസാനിക്കാത്ത കലാപങ്ങളുടെ നോവിക്കുന്ന പ്രതീകം മാത്രമാണ്. അങ്ങനെ ഇല്ലാതാക്കപ്പെട്ട എത്രയോ കുരുന്നുകൾ, പിച്ചിച്ചീന്തപ്പെട്ട പെൺകുട്ടികൾ, അമ്മമാർ? ഇവരുടെയൊക്കെ വേദനിക്കുന്ന മുഖങ്ങൾ യാചിച്ചിട്ടുണ്ടാവില്ലേ ഇത്തിരി കരുണയ്ക്കുവേണ്ടി, അന്തിക്കു തല ചായ്ക്കാൻ സുരക്ഷിതമായൊരു ഇടത്തിനുവേണ്ടി?

അഭയാർഥിപ്രവാഹത്തെ തടയാനുള്ള നടപടികൾ കർശനമാക്കുമ്പോഴും ഓരോ വർഷവും അഭയാർഥികളുടെ എണ്ണത്തിൽ റെക്കോർഡ് വർധനയാണ്. ഓരോ മൂന്നു സെക്കന്റിലും ഒരാൾവീതം അഭയാർഥിയായിക്കൊണ്ടിരിക്കുന്നു.

അക്രമം, യുദ്ധം, ക്ഷാമം, ദാരിദ്ര്യം, മറ്റ് മൗലികാവകാശലംഘനങ്ങൾ എന്നിവമൂലം പിറന്ന നാട്ടിൽനിന്ന് ഒളിച്ചോടുന്നത് ആഗോളജനസംഖ്യയുടെ ഒരു ശതമാനത്തിലേറെ, ഏകദേശം എൺപത് മില്യണിലേറെ ജനങ്ങളാണ്.

ആഭ്യന്തരസംഘർഷങ്ങളും യുദ്ധക്കെടുതികളും കാരണം ജന്മനാട്ടിൽ സ്വസ്ഥമായി താമസിക്കാൻ കഴിയാതെ മറ്റു നാടുകളിലേക്കു പലായനം ചെയ്യുകയാണ് നല്ലൊരു വിഭാഗം ആളുകളും.

ഭരണാധികാരികളുടെ യുദ്ധക്കൊതിമൂലവും ഭൂകമ്പം, കൊടുങ്കാറ്റ്, പ്രളയംപോലുള്ള പ്രകൃതിദുരന്തങ്ങളാലും ജനങ്ങൾ കൂട്ടത്തോടെ ജന്മനാട് ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യവുമുണ്ട്. എന്നാൽ, നാടുവിട്ട ശേഷം കുടിയേറ്റത്തിനിടയിൽ മുങ്ങിമരിക്കുന്നവർ, കടലിൽ എറിയപ്പെടാൻ വിധിക്കപ്പെട്ടവർ, വെയിലിലും മഴയിലും വിശപ്പിലും ജീവിതം നഷ്ടമാകുന്നവർ, മരുഭൂമികളിൽ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടവർ, ലൈംഗിക പീഡനത്തിനിരയാകുന്നവർ, ആത്മഹത്യയിലേക്ക് എടുത്തെറിയപ്പെടുന്നവർ... അഭയാർഥികളുടെ ദുരിതങ്ങൾ അവസാനിക്കുന്നില്ല.

സ്വന്തം വീടു നഷ്ടപ്പെട്ട് ഒട്ടേറെ പ്രതികൂലസാഹചര്യങ്ങളെ ധൈര്യപൂർവം നേരിട്ട് ദുരന്തങ്ങളുടെ ബാക്കിപത്രമായി ജീവിക്കുന്നവരോട് ആദരവായാണ് 2001 ൽ യുഎൻ ജനറൽ അസംബ്ലി ജൂൺ 20 ലോക അഭയാർത്ഥിദിനമായി പ്രഖ്യാപിച്ചത്.

ലോകത്താകമാനം ദുരിതങ്ങൾ വിതച്ച രണ്ടാം ലോക മഹായുദ്ധം ദശലക്ഷക്കണക്കിനു ജനങ്ങളെ അഭയാർഥികളാക്കിയിരുന്നു. വംശീയ - ആഭ്യന്തരയുദ്ധം കൊടുമ്പിരിക്കൊണ്ട ആഫ്രിക്കൻരാജ്യങ്ങളിൽ അഭയാർത്ഥി പ്രശ്നം വളരെ രൂക്ഷമാണ്. യുദ്ധത്തിൽ തകർന്ന വിയറ്റ്നാമിലെ ലക്ഷക്കണക്കിന് അഭയാർത്ഥികളെ ലോകത്തിന്റെ പല ഭാഗത്തുമായി പുനരധിവസിപ്പിച്ചിരുന്നു. രണ്ടാം ലോകയുദ്ധത്തിനുശേഷം രാജ്യമില്ലാതലഞ്ഞ ജനങ്ങളെ മറ്റു രാജ്യങ്ങൾ ഒപ്പം ചേർത്തു.



ഭൂലോകത്തങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്ന അഭയാർത്ഥികളിൽ എൺപതുശതമാനവും സ്ത്രീകളും കുട്ടികളുമാണ്.

1.6 ദശലക്ഷത്തിലധികം ആളുകളാണ് സിറിയൻ ആഭ്യന്തര യുദ്ധാനന്തരം അയൽരാജ്യങ്ങളിലേക്കു സുരക്ഷയെപ്രതി ചേക്കേറിയത്.

**ഇന്ത്യയിലുമുണ്ട് ടിബറ്റൻ സമൂഹവും റോഹിൻഗ്യൻ ജനതയും**

ഇന്ത്യയിലുമുണ്ട് കരുണ തേടുന്ന നിരവധി അഭയാർഥിസമൂഹങ്ങൾ. 1959 മുതലേ ഇന്ത്യയിലേക്ക് ടിബറ്റൻ അഭയാർത്ഥികളെത്തുന്നുണ്ട്. രാജ്യത്ത് 54 ക്യാമ്പുകളിലായി 1,00,000 ടിബറ്റൻ അഭയാർത്ഥികൾ കഴിയുന്നുണ്ടെന്നാണു കണക്ക്. ചൈന മനുഷ്യാവകാശലംഘനങ്ങൾ നടത്തുന്നുവെന്നതാണ് ടിബറ്റുകാർ ഇന്ത്യയിലേക്ക് വരാനുണ്ടായ കാരണം.

മ്യാൻമറിലെ ന്യൂനപക്ഷ മുസ്ലീം വിഭാഗമായ രോഹിൻഗ്യകളുടെ പ്രശ്നം രാജ്യാന്തരതലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. മ്യാൻമറിൽ പട്ടാളഭരണം അവസാനിച്ച് സമാധാന നൊബേൽ ജേതാവായ ഓങ് സാൻ സൂചിയുടെ നേതൃത്വത്തിലുള്ള ജനാധിപത്യസർക്കാർ വന്നെങ്കിലും രോഹിൻഗ്യകളുടെ ദുരിതത്തിനു മാറ്റമുണ്ടായില്ല. 2017 ൽ നിരവധി റോഹിൻഗ്യൻ വംശജർ സൈനികാക്രമണത്തെത്തുടർന്ന് മലേഷ്യയിലേക്കും ബംഗ്ലാദേശിലേക്കും പലായനം ചെയ്തു. സംഘർഷങ്ങളിൽ നിരവധി റോഹിൻഗ്യർ കൊല്ലപ്പെട്ടു. ഗ്രാമങ്ങൾ കൂട്ടത്തോടെ കത്തിക്കപ്പെട്ടു. മ്യാൻമർ സൈന്യത്തിന്റെ രോഹിൻഗ്യൻവംശഹത്യ കഴിഞ്ഞു വർഷങ്ങളായെങ്കിലും കൂട്ടക്കൊലകളും ബലാത്സംഗങ്ങളും കൊള്ളിവെപ്പും ഭയന്ന് ബംഗ്ലാദേശിലെത്തിയ പത്തു ലക്ഷത്തോളം വരുന്ന അഭയാർത്ഥികളുടെ ജീവിതം ഇന്നും ദുരിതമയംതന്നെ. ലോകത്തിലെതന്നെ ഏറ്റവും വലിയ അഭയാർത്ഥിക്യാമ്പുകളിലൊന്നായ തെക്കൻ ബംഗ്ലാദേശിലെ കോക്സ് ബസാറിലെ അഭയാർഥിക്യാമ്പുകളിൽ കൊവിഡ്-19 രോഗബാധയും കടുത്ത ആശങ്ക സൃഷ്ടിച്ചിരിക്കുന്നു. 13 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഇവിടെ 10 ലക്ഷത്തിലധികം ആളുകളാണ് തിങ്ങിപ്പാർക്കുന്നതെന്നോർക്കുക.

നാല്പതിനായിരത്തോളം രോഹിൻഗ്യൻ അഭയാർഥികൾ ഇന്ത്യയിലുള്ളതിൽ പകുതിയിലേറെയും ജമ്മുവിലാണ്. ഡൽഹിയിലടക്കം നഗരമാലിന്യങ്ങളും ഇരുട്ടും കട്ടപിടിച്ച യമുനയുടെ കരയിൽപ്പോലും ശ്വാസംമുട്ടി ജീവിക്കുന്നുണ്ട് ഒരുകൂട്ടം റോഹിൻഗ്യകൾ. ഡൽഹി, ഹൈദരബാദ്, കൊൽക്കത്ത നഗരങ്ങളിലും ഹരിയാനയുടെ ചില ഭാഗങ്ങളിലുമാണ് ബാക്കിയുള്ളവർ. കേന്ദ്രഭരണകൂടത്തിന്റെ പൗരത്വനിയമം, ജീവിച്ചിരിക്കാമെന്ന ഇവരുടെ പ്രതീക്ഷകളിൽ നിഴൽ വീഴ്ത്തിയിരിക്കുന്നു.

തൊഴിൽ തേടി കേരളത്തിലേക്കടക്കം പലായനം ചെയ്ത അന്യസംസ്ഥാനത്തൊഴിലാളികൾ കൊവിഡ് കാലത്ത് സ്വന്തം നാട്ടിലേക്ക് തിരിച്ച് അഭയം തേടിയപ്പോൾ ജന്മനാടുപോലും പ്രവേശനം നിഷേധിച്ചതും പലരും വഴിയിൽ മരിച്ചുവീണതുമൊക്കെ നാം കണ്ടു.

**അഭയം തേടിയെത്തിയവർ അധിനിവേശകരാകുന്ന കാഴ്ചകളും**

കുടിയേറ്റവിരുദ്ധവികാരം ഇന്ന് യൂറോപ്പിലും മറ്റു പല രാജ്യങ്ങളിലും പടർന്നുപിടിക്കുന്നുണ്ട്. സമീപകാല സംഭവങ്ങൾ അതിനു കാരണമായി എന്നതാണ് യാഥാർഥ്യം. പാരീസ് ആക്രമണത്തിനുശേഷം ഫ്രാൻസിൽ നിന്നാരംഭിച്ച ഇസ്ലാമിക കുടിയേറ്റവിരുദ്ധവികാരം യൂറോപ്പിലാകെ പടർന്നുകഴിഞ്ഞു. ഐഎസ് ഭീകരാക്രമണങ്ങൾ സാധാരണക്കാരായ മുസ്ലീം സമുദായങ്ങൾ ഒറ്റപ്പെടാനിടയാക്കിയിട്ടുണ്ട്.

മുസ്ലീം അഭയാർത്ഥികളെ സ്വീകരിച്ച സ്വീഡൻ എന്ന കൊച്ചുരാജ്യം കലാപഭൂമിയായത് അടുത്ത കാലത്താണ്. അഭയാർത്ഥികൾ അധിനിവേശകരായി മാറിയത് സമാധാനത്തിൽ കഴിഞ്ഞിരുന്ന ആ കൊച്ചു രാജ്യത്തിന്റെ സമാധാനം കെടുത്തി. മുസ്ലീം കലാപകാരികൾ സ്വീഡിഷ് സ്ത്രീകളെയും കുട്ടികളെയും പോലും കൂട്ടംചേർന്ന് മൃഗീയമായി തല്ലിച്ചതച്ചതും നാടുകടത്തിയതും നാം കണ്ടതാണ്.

അതുകൊണ്ട് അഭയാർത്ഥികളെ സ്വീകരിക്കുക എന്നത് ഇന്ന് പല രാജ്യങ്ങളും ഭയക്കുന്നുണ്ട്. 23 നൂറ്റാണ്ടുകൾക്കുമുമ്പ് ഗ്രീക്ക് തത്ത്വചിന്തകനായ പ്ലേറ്റോ എഴുതി: "തന്റെ രാജ്യക്കാരിൽനിന്നും കുടുംബാംഗങ്ങളിൽനിന്നും ഒറ്റപ്പെട്ട വിദേശി, മനുഷ്യരുടെയും ദൈവങ്ങളുടെയും ഭാഗത്തുനിന്നുള്ള കൂടുതലായ സ്നേഹത്തിനു പാത്രമായിരിക്കണം. അതുകൊണ്ട്, വിദേശികൾ യാതൊരു വിധത്തിലും ദ്രോഹിക്കപ്പെടാതിരിക്കാൻവേണ്ട എല്ലാ മുൻകരുതലുകളും കൈക്കൊള്ളണം."

ജീവൻമാത്രം കൈയിൽ പിടിച്ച് അഭയം തേടിയെത്തുന്നവരെ ആട്ടിയോടിക്കുംമുമ്പ് ലോകരാജ്യങ്ങൾ ഒരു നിമിഷം ആലോചിക്കേണ്ടതുണ്ട്, ഇല്ലെങ്കിൽ അവരുടെ നിലവിളികൾ നമ്മെ വേട്ടയാടിക്കൊണ്ടേയിരിക്കും.

■

## പുനർജനിയുടെ തിരുമുറിവുകൾ

യോറയുടെ കുതിര നിരത്തിന്റെ അങ്ങേത്തലയ്ക്കൽ പൊടിപടലങ്ങളുയർത്തി മറയുന്നതുവരെ അനനിയാദ് അവിടെത്തന്നെ നിന്നു. യോറ കാഴ്ചയിൽനിന്നു മറഞ്ഞിരിക്കുന്നു. നിരത്തിൽ അനനിയാദും വെയിലും ഒറ്റയ്ക്കായി. അവൻ ചിന്തിച്ചു നോക്കി. എല്ലാവരും നസ്രായനായ യേശുവിനെ കാണുന്നു. തനിക്കു മാത്രം അവനെ കൺവെട്ടത്തു കിട്ടുന്നില്ല. പലപ്പോഴും തന്റെ സമീപത്ത് അവൻ എത്തിപ്പെടുകയും ചെയ്യുന്നു.

പകലിന്റെ മൂന്നാം മണിക്കൂർ കഴിഞ്ഞിരുന്നു. അങ്ങുദൂരെ ജറുസലേമിന്റെ മുഴുവൻ ഭംഗിയും ചേർന്നുയർന്നു നില്ക്കുന്ന ഒലിവുമല അവൻ കണ്ടു. ഒലിവുമരങ്ങൾകൊണ്ട് ഹരിതം നിറഞ്ഞ മല. മല കടന്ന് കെദ്രോൺതാഴ്വര താണ്ടിയാൽ ജറുസലേമിലേക്കെത്താമെന്ന് അവൻ വിചാരിച്ചു. അനനിയാദ് സാവധാനം നടന്നു. പഴുത്ത് കൊയ്ത്തിനു പാകമായ ഗോതമ്പുവയലുകൾക്കു മീതെ വെട്ടുക്കിളിക്കൂട്ടങ്ങൾ പറന്നുനടക്കുന്നതവൻ കണ്ടു.

താഴ്വരകളിൽ മാതളനാരകങ്ങൾ ഇറുങ്ങനെ കായ്ച്ചുകിടക്കുന്നു. അവൻ ഗോതമ്പുവയലുകളും താഴ്വരയിലെ തോട്ടങ്ങളും കടന്ന് മലകയറാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ് ഒരാൾ സാവധാനം മലയിറങ്ങി വരുന്നത് അവൻ കണ്ടത്. വെളുത്ത വസ്ത്രങ്ങളിഞ്ഞ ഒരു യുവതിയാണ് തനിക്കെതിരേ വരുന്നതെന്നവൻ കണ്ടു.

പക്ഷേ, അവളിൽനിന്ന് പത്തു വാര അകലെ അവൻ നിന്നു. ആകാശത്തിൽ കിഴക്കൻകാറ്റടിച്ചു. അവൻ ആപാദചൂഡം വിറകൊണ്ടു. ഭൂമി കുലുങ്ങുകയും പർവതങ്ങൾ പിളരുകയും ചെയ്യുന്നു. ആരോ അവന്റെ ചുമലിൽ കൊടിയ ഭാരമിറക്കി വച്ചു. ഞാൺ വലിച്ചു കെട്ടിയ ഒരു വില്ലുപോലെ അവൻ മുറുകി.

അത് മേരിയായിരുന്നു. മഗ്ദലേനയിലെ മേരി...

ചതുപ്പിൽ വേരുകളുറപ്പിച്ച ഞാങ്ങണപോലെ അവൻ നിന്നു. കാറ്റ് അവനെ ഉലച്ചുകളഞ്ഞു. അവൻ അവളോട് പറഞ്ഞു:

“നീ എന്നോടു ക്ഷമിക്കുക.'

“എന്തിന്?” മേരി അദ്ഭുതത്തോടെ ചോദിച്ചു. അവൾക്ക് അവനെ മനസ്സിലായില്ല. അവർ കുറച്ചുകൂടി അടുത്തുവന്നു. അവന്റെ മുഖത്തേക്കു സൂക്ഷിച്ചു നോക്കിക്കൊണ്ട് വീണ്ടും ചോദിച്ചു:

“നിനക്കും എനിക്കും തമ്മിലെന്ത്?”

എവിടെയോ മഞ്ഞുപർവതങ്ങൾ പിളരുകയായി. കടൽ വേലിയേറ്റംകൊണ്ടു. ഗെത്സെമനിയിൽ കാറ്റ് മുടിയഴിച്ചാടുന്നു.

അനനിയാദിന്റെ അരപ്പട്ടയിലെ കുഴൽ എവിടെയോ നഷ്ടം വന്നിരിക്കുന്നു. അവന്റെ സംഗീതം മരുഭൂമി കവർന്നെടുത്തു.

“നിനക്ക് എന്നെ മനസ്സിലായില്ലെന്നോ...?” അവന്റെ ശബ്ദം ഇടറിയിരുന്നു.

“സത്യമായും ഇല്ല.” അവൾ പറഞ്ഞു.

“ഞാൻ അനനിയാദ്... ഞാൻ നിന്നോട് അപരാധം ചെയ്തു. എനിക്ക് യേശുവിനെ കാണണമായിരുന്നു. ആയതിനാൽ, ഞാൻ നിന്നെ ഉപേക്ഷിച്ചുപോന്നു...”



നോവൽ 10

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

“ഞാൻ അവനെ കണ്ടു...” മേരി പറഞ്ഞു. അവളുടെ വാക്കുകൾ അവനിൽ നടുക്കമുണ്ടാക്കി. അവിശ്വസനീയതയോടെ അവൻ മിഴികളുയർത്തി ചോദിച്ചു:

“ആരെ...?”

“നസ്രായനായ യേശുവിനെ.” അവൾ പറഞ്ഞു. “അവൻ ദൈവപുത്രൻതന്നെ. ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാട്. അവൻ എന്റെ പാപങ്ങളെല്ലാം കഴുകിക്കളഞ്ഞു.”

അവൾ പറഞ്ഞതിന്റെ പൊരുൾ അവനു മനസ്സിലായില്ല. അവൻ ചോദിച്ചു:

“നീ എങ്ങനെയാണ് അവനെ കണ്ടത്... എവിടെ വച്ചാണ്?”

അവൾ ഓർമിക്കുകയായിരുന്നു. എല്ലാം നല്ലതിനുവേണ്ടിയായിരുന്നു എന്ന് ഇപ്പോൾ വിശ്വസിക്കുന്നു. അല്ലെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കുമായിരുന്നില്ലല്ലോ...

ദിവസങ്ങൾക്കുമുമ്പുള്ള ഒരു രാത്രി. ഫരിസേയപ്രമാണിമാരും അവരുടെ ആളുകളും ചെന്ന് മേരിയെ ബലമായി പിടിച്ചുകൊണ്ടു പോരുകയായിരുന്നു. അവരവളെ ഗോതമ്പുവയലുകൾക്കു നടുവിലുള്ള കളപ്പുരയിൽ അടച്ചിട്ടു. അവർ ഭക്ഷണമോ പാനീയമോ നല്കിയില്ല. പകരം ദയവില്ലാതെയും മൃഗീയമായും പെരുമാറി. അവളുടെ സമ്മതമില്ലാതെ അവളോടൊത്തു ശയിക്കുകയും ദേഷ്യത്താൽ പ്രഹരിക്കുകയും ചെയ്തു.

അവർ തന്നെ കൊന്നുകളയുമെന്ന് അവൾ കരുതി. പക്ഷേ, സംഭവിച്ചതങ്ങനെയൊന്നുമല്ല. ഒരു ദിവസം അവർ വന്ന് കളപ്പുരയിൽനിന്ന് അവളെ കൂട്ടിക്കൊണ്ടുപോയി. ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു മനുഷ്യന്റെ മുമ്പിൽ കൊണ്ടുവന്നു നിറുത്തിയിട്ട് ഇപ്രകാരം പറഞ്ഞു:

“ഗുരോ, ഈ സ്ത്രീയെ വ്യഭിചാരത്തിൽ ഏർപ്പെട്ടിരിക്കെ പിടികൂടിയതാണ്. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്ന് മോശ നിയമത്തിൽ കല്പിച്ചിട്ടുണ്ട്. നീ എന്തു പറയുന്നു?”

ആ മനുഷ്യനാകട്ടെ നിലത്ത് വിരൽ നീട്ടി എന്തോ എഴുതിക്കൊണ്ടിരുന്നു. അതു കണ്ടപ്പോൾ അവർ വീണ്ടും ചോദ്യമാവർത്തിച്ചു. അവൻ എഴുന്നേറ്റുനിന്നു. അപ്പോഴാണ് അവൾ അവനെ പൂർണമായും കണ്ടത്. ആ മുഖം സൂര്യനെപ്പോലെ തേജസ്സുള്ളതും തിരയൊതുങ്ങിയ തടാകംപോലെ ശാന്തവുമായിരുന്നു. ആ കണ്ണുകളിൽ ജ്ഞാനത്തിന്റെയും കനിവിന്റെയും ഒരു സമുദ്രം അവൾ കണ്ടു.

“നിങ്ങളിൽ പാപമില്ലാത്തവർ ആദ്യം ഇവളെ കല്ലെറിയട്ടെ.” അനന്തരം അവൻ വീണ്ടും കുനിഞ്ഞ് നിലത്ത് എന്തോ എഴുതാൻ തുടങ്ങി.

അവളെ കൊണ്ടുവന്നവരാകട്ടെ കല്ലുകൾ നിലത്തിട്ട് ഓരോരുത്തരായി പിരിഞ്ഞുപോയി. കല്ലുകൾ നിലത്തു വീഴുന്ന ശബ്ദമല്ലാതെ കുറെനേരം അവിടെ കാറ്റുപോലും അനങ്ങിയില്ല.

ഒടുക്കം അവനും അവളും തനിച്ചായി. ഒരു ശീതളമായ കാറ്റ് അവരെ കടന്നുപോയി. അവർക്കിടയിൽ മൗനത്തിന്റെ ഒരു മരുഭൂമി കിടന്നു തപിച്ചു. അവളാകട്ടെ തിരിച്ചറിയാനാകാത്ത ഒരുതരം ഭീതികലർന്ന വികാരത്തിന്റെ മുൾമുനയിൽ കിടന്നു പിടഞ്ഞു. അവൻ ശിരസ്സുയർത്തി അവളോടു ചോദിച്ചു:

“സ്ത്രീയേ, നിന്നെ കൊണ്ടുവന്നവർ എവിടെ... ആരും നിനക്കു ശിക്ഷ വിധിച്ചില്ലേ?”

“കർത്താവേ ഇല്ല.” അവൾ പറഞ്ഞു.

“ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊൾക. ഇനി പാപം ചെയ്യരുത്.”

അവൾ അവനെ വിട്ട് നടന്നു. അവളുടെ മനസ്സിലപ്പോൾ ആഗ്രഹങ്ങളോ ദുഃഖങ്ങളോ ഉണ്ടായിരുന്നില്ല. അവളപ്പോൾ ഭാരമില്ലാത്തവളായിരുന്നു. സ്വർഗത്തിൽ നിന്നെന്നപോലെ ഒരു ശാന്തി അവളിൽ വന്നു നിറഞ്ഞു. ആ നിറവിലാണ് അവൾ കുന്നിറങ്ങി വന്നത്.

“നീ എത്ര ഭാഗ്യവതി... നീ അവനെ കാണുകയും അവൻ നിന്നെ അനുഗ്രഹിക്കുകയും ചെയ്തല്ലോ... ഞാൻ എത്രകാലമായി അവനെ തിരയുന്നു...?”

“അവൻ എല്ലാവർക്കും വേണ്ടി അയയ്ക്കപ്പെട്ടവനാണ്. നീ അന്വേഷിക്കുക. സത്യമായും കണ്ടെത്താതിരിക്കില്ല.”



അവൾ പറഞ്ഞു. പിന്നെ അവനെ വിട്ട് കുന്നിറങ്ങാൻ തുടങ്ങി.

“നീ എവിടേക്കാണ്. വീണ്ടും മഗ്ദലേനയിലേക്കോ?” അനനിയാദ് ചോദിച്ചു.

“എനിക്കിനി മഗ്ദലേനയിൽ എന്ത്? അവിടെ ഞാൻ സമ്പാദിച്ചതെല്ലാം അവിടെത്തന്നെ ഉപേക്ഷിച്ചുകളഞ്ഞിരിക്കുന്നു. ഇനി ഞാൻ ബേഥനിയായിലേക്കാണ്. എന്റെ സഹോദരനും സഹോദരിയും അവിടെ ഉണ്ടല്ലോ...”

അവൾ അവനെവിട്ട് അവളുടെ വഴിയേ പോയി. മേരിയിൽ വന്ന മാറ്റം അവനെ അമ്പരപ്പിക്കുകതന്നെ ചെയ്തു. അവളുടെ കണ്ണുകളിലെ കാമത്തിന്റെ തിരയിളക്കം നഷ്ടമായിരിക്കുന്നു. അവളുടെ ശരീരത്തിന്റെ മദിപ്പിക്കുന്ന വശ്യത വിശുദ്ധമായൊരു ശാലീനതയായി പരിണമിച്ചിരിക്കുന്നു. ചിറകൊതുക്കിയ ഒരു വെൺപ്രാവിനെപ്പോലെ സൗമ്യവതിയായിത്തീർന്നിരിക്കുന്നു മേരി.

അവൾ ഭാഗ്യവതി. എത്രയോ ഭാഗ്യവതി. അവളുടെ കണ്ണുകൾ നസ്രായനെ കണ്ടതിനാൽ ഭാഗ്യം ചെയ്തിരിക്കുന്നു. അവളുടെ കാതുകൾ അവനെ കേട്ടതിനാൽ ഭാഗ്യമുള്ളവയായിത്തീർന്നിരിക്കുന്നു. അവന്റെ അനുഗ്രഹത്താൽ അവൾ പൂർണമായും നവീകരിക്കപ്പെട്ടിരിക്കുന്നു.

മേരി കൺവെട്ടത്തുനിന്നു മറഞ്ഞിരിക്കുന്നു. അനനിയാദപ്പോൾ ഒലിവുമലയിലായിരുന്നു.

തലയ്ക്കുമുകളിൽ നീലാകാശത്തിന്റെ മേലാപ്പ്...

ആകാശം ദൈവത്തിന്റെ മഹത്ത്വം വിളംബരം ചെയ്യുന്നു.

ആകാശക്കമാനം അവന്റെ കരവിരുത് പ്രഘോഷിക്കുന്നു.

പകൽ പകലിനോടു സംസാരിച്ചുകൊണ്ടിരുന്നു.

രാത്രി രാത്രിയോട് അറിവു പ്രഖ്യാപിക്കുന്നു..

സംസാരമില്ല...

വാക്കുകളില്ല...

ശബ്ദം കേൾക്കുന്നുമില്ല.

എങ്കിലും അവയുടെ സ്വരം ഭൂമി മുഴുവൻ വ്യാപിക്കുന്നു.


അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിവരെയും...

അവയിൽ അവൻ സൂര്യന് ഒരു കൂടാരം തീർത്തു.

സൂര്യൻ മണവറ വിട്ട് പുറത്തുവരുന്ന മണവാളനെപ്പോലെയാണ്...

പന്തയമോടുവാൻ തുടങ്ങുന്ന ശക്തനെപ്പോലെ അത് ആഹ്ലാദിക്കുന്നു... അങ്ങേ അറ്റത്തോളമാണ് അതിന്റെ പര്യടനം.

*ശേഷം 18-ാം പേജിൽ*




ജൂലൈ 4
ശ്ലീഹാക്കാലം
ഏഴാം ഞായർ



നിയ. 4:10–14
ഏശ. 5:8–20
1 കോറി. 16:1–14
ലൂക്കാ. 13:22–30

ഫാ. ആന്റണി ഞള്ളമ്പുഴ CMI

# രക്ഷയുടെ വാതിൽ

● "രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?" (ലൂക്കാ 13:23)

ഈശോ യാത്രയിലാണ്. ജറുസലേം യാത്ര. ഈ യാത്രയിൽ അവൻ പട്ടണമോ ഗ്രാമമോ ഒന്നും ഒഴിവാക്കുന്നില്ല. അതേ, പട്ടണവാസികളെയും ഗ്രാമവാസികളെയും. അവന്റെ കണ്ണിൽ ആരും അന്യരല്ല. രക്ഷ തേടുന്നവർക്കെല്ലാം അവൻ സമീപസ്ഥനാണ്. പലപ്പോഴും അവൻ മുഖ്യധാരയിൽ നിന്നു മാറി നഗരത്തിന്റെ അതിർവരമ്പിലൂടെ കടന്നുപോകുന്നതായി കാണുന്നു. അതിർത്തികളിലേക്ക് ആട്ടിയകറ്റപ്പെട്ട രോഗികളുടെയും പതിതരുടെയും രോദനങ്ങൾക്കു ചെവി ചായ്ക്കാൻ അവൻ മുഖ്യധാരയിൽ നിന്നു മാറിനടന്നു. അരികുവത്കരിക്കപ്പെട്ടവരുടെ അരികിലൂടെ അവൻ നടന്നു. രക്ഷ പകർന്ന് രക്ഷയുടെ ദൂതുമായി. രക്ഷകൻ ആരെയും തന്റെ രക്ഷണീയമേഖലയിൽ ഒഴിവാക്കുന്നില്ല. പട്ടണമോ ഗ്രാമമോ പണ്ഡിതനോ പാമരനോ പണക്കാരനോ പാവപ്പെട്ടവനോ പരിശുദ്ധനോ പാപിയോ അവന് അന്യരല്ല. അവൻ അവർ എല്ലാവരുടെയും രക്ഷകനാണ്, നാഥനാണ്.

വലയിൽ കയറിയ 153 മത്സ്യങ്ങൾ കടലിൽ അന്നുണ്ടായിരുന്നതായി കണക്കാക്കിയിരുന്ന 153 തരം മത്സ്യങ്ങളായിരുന്നത്രേ. ആ വലയോ ആരെയും ഒഴിവാക്കാത്ത രക്ഷകന്റെ രക്ഷയുടെ ഗ്ലോബൽ നെറ്റും! ഇന്നത്തെ വചനഭാഗത്ത് എല്ലാ ദിക്കുകളിൽനിന്നുമുള്ളവർ (കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും) ജനങ്ങൾ വന്ന് വിരുന്നിനിരിക്കുന്ന, ആരെയും ഒഴിവാക്കാത്ത ദൈവരാജ്യത്തിന്റെ രക്ഷയുടെ സാർവ്വത്രികത അവതരിപ്പിക്കുന്നു. ലോകത്തിന്റെ വിവിധയിടങ്ങളിൽനിന്നുള്ളവർ പന്തക്കുസ്താദിനത്തിൽ സമ്മേളിച്ചതിനെപ്പറ്റി നടപടിപ്പുസ്തകം പറയുന്നത്, "ആകാശത്തിൻകീഴുള്ള സകല ജനപദങ്ങളിൽനിന്നും ഭക്തരായ യഹൂദർ ജറൂസലേമിൽ ഉണ്ടായിരുന്നു' എന്നാണ്. അവർ അവരവരുടെ ഭാഷകളിൽ രക്ഷയുടെ ദൂതു കേൾക്കുകയും ചെയ്തു.


● "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ" (ലൂക്കാ 13:24).

ജീവിതത്തിൽ ഹൈവേകൾ ഇഷ്ടപ്പെടുന്നവർക്ക് സുവിശേഷം പറയുന്ന ഈ ഇടുങ്ങിയ വാതിൽ അത്ര ഇമ്പമാവില്ല, ഇഷ്ടമാവില്ല, പഥ്യമാവില്ല.

ബെത്‌ലഹെമിൽ ഈശോ പിറന്ന സ്ഥലത്തു നിർമിച്ചിരിക്കുന്ന പള്ളിയുടെ ഉള്ളിൽ കടക്കാൻ ഒരു ചെറിയ വാതിലാണുള്ളത്. വാതിലിന് ഉയരം കുറവാണ്. വിസ്താരം ചെറുതാണ്. സ്വയം ചെറുതാക്കിയവൻ പിറന്നുവീണ ആ പുണ്യസ്ഥലം കാണാൻ ആ ഇടുങ്ങിയ വാതിലിനു മുന്നിൽ കുനിയണം, അല്പം ഞെരുങ്ങണം. രക്ഷാകരമായ സഹനങ്ങളാണ് ഇടുങ്ങിയ വാതിലുകളെന്നു രക്ഷകൻ പറയുന്നു. "കുപ്പായം തരുന്ന കർത്താവു തന്നെ പഞ്ചസാരയും തരും" എന്ന് വിശുദ്ധ അൽഫോൻസാമ്മ പറഞ്ഞിട്ടുണ്ട്. സുവിശേഷത്തിലെ ഇടുങ്ങിയ വാതിലിന് അൽഫോൻസാമ്മ തരുന്ന ജീവിതസാക്ഷ്യമാണിത്. കർത്താവിന്റെ ദാസിയാകാൻ കനലിൽ കാലുപൊള്ളിച്ച അൽഫോൻസാമ്മയുടെ ഇടുങ്ങിയ വഴി സഹനത്തിന്റെ കനൽവഴിയായിരുന്നു. മുളന്തണ്ടിനെ മുരളിയാക്കുന്നത് അതിന്റെ മുറിവുകളാണല്ലോ. ദീർഘദൂരയാത്രകളിൽ പഥികൻ വടികളൂന്നുന്നതുപോലെ വിശ്വാസജീവിതയാത്രകളിൽ ക്രൈസ്തവർ ക്രിസ്തുവിന്റെ കുരിശിൽ ചായണമെന്ന് പാദുവായിലെ സന്ന്യാസപാതിരി, പുണ്യവാനായ അന്തോനീസ് പറയുന്നതും ഇടുങ്ങിയ വാതിലിന്റെ മറ്റൊരു വ്യാഖ്യാനമാണ്. അവൻ വളരാൻ ഞാൻ കുറയണമെന്ന മരുഭൂമിയിലെ താപസന്റെ വചനവും ഇടുങ്ങിയ വാതിലിന്റെ മറ്റൊരു ഭാഷ്യമാണ്. കുരിശ് ചാവറപ്പിതാവിന്റെ ഭാഷയിൽ 'മോഷദ്വാരം (സ്വർഗവാതിൽ) തുറക്കുന്ന താക്കോലാണ്'. ഇത് ഇടുങ്ങിയ വാതിലിനുള്ള ചാവറവർണനയാണ്.

● "വാതിൽ അടച്ചുകഴിഞ്ഞാൽപ്പിന്നെ... കർത്താവേ, തുറന്നുതരണമേ എന്നു പറഞ്ഞ് വാതിൽക്കൽ മുട്ടാൻ തുടങ്ങും" (ലൂക്കാ 13:25).

ജലപ്രളയത്തിനുമുമ്പ് പെട്ടകത്തിന്റെ വാതിൽ നോഹ തുറന്നിട്ടതുപോലെ 'ഞാനാണു വാതിൽ' എന്നു പഠിപ്പിച്ച തമ്പുരാൻ വാതിലടയ്ക്കുന്നതിനെപ്പറ്റി പറയുന്നു. രക്ഷയുടെ വാതിൽ അടയുന്നതിനുമുമ്പ് ജീവിതം രക്ഷാകരമാക്കുക. വാതിൽ മൗനമായി എന്നാൽ, വാചാലമായി പറയുന്നുണ്ട്, വാ ഇതിലേ (വാ+ഇതിലേ) എന്ന്. 'ഞാനാണ് വാതിൽ' എന്ന് ഉച്ചത്തിൽ പറഞ്ഞവനെ നമുക്കു ധ്യാനിക്കാം. അതേസമയം മതിൽ പറയുന്നത് മതി ഇതിലേ (മതി+ഇതിലേ) എന്നാണ്. ഇതിലേയുള്ള നടപ്പു മതിയെന്ന്. ഇതുവഴിയുള്ള കടന്നുകയറ്റം മതിയെന്ന്. വാതിൽ ക്ഷണമാണ്.



മതിൽ തടയാണ്. വാതിൽ രക്ഷയാണ്. മതിൽ പ്രതിബന്ധമാണ്.വാതിൽ പ്രതീക്ഷയാണ്. മതിൽ പ്രതിരോധമാണ്. വെളിപാടിൽ വാതിലായവൻതന്നെ വാതിലിൽ മുട്ടുന്ന ചിത്രമുണ്ട്. രക്ഷകൻ രക്ഷയുമായി വാതിലിൽ മുട്ടുന്ന ചിത്രം. ഉത്തമഗീതത്തിൽ വാതിലിൽ മുട്ടിയിട്ടും തുറക്കപ്പെടാത്തതിനാൽ കടന്നുപോകുന്ന രക്ഷകന്റെ കാവ്യാവിഷ്കാരമുണ്ട്. 'പിമ്പന്മാരായിരുന്നവർ മുമ്പന്മാരും മുമ്പന്മാരായിരുന്നവർ പിമ്പന്മാരുമാകുന്ന' രക്ഷാകരമായ അനുഭവത്തിന്റെ വ്യത്യസ്തകാഴ്ചകൾ ഈ സുവിശേഷഭാഗം പങ്കുവയ്ക്കുന്നു. ലൂക്കാസുവിശേഷത്തിൽ മനസ്സിന്റെ വാതിൽ തുറന്നിട്ട് യേശുവിനെ സ്വീകരിച്ച സക്കേവൂസുണ്ട്. രക്ഷകൻ അവനു നൽകിയ സമ്മാനം രക്ഷയുടെ ഭവനമാണ്: "ഇന്ന് ഈ ഭവനം രക്ഷ പ്രാപിച്ചിരിക്കുന്നു."

● "ഫലപ്രദമായ പ്രവർത്തനത്തിനുള്ള ഒരു വലിയ വാതിൽ എനിക്കു തുറന്നുകിട്ടിയിട്ടുണ്ട്" (1 കോറി. 16:9)

ഇതു പൗലോസ് ശ്ലീഹായ്ക്കുമുമ്പിൽ തുറക്കപ്പെട്ട വാതിലാണ്. രക്ഷാകരമായ സുവിശേഷത്തിന്റെ വലിയ വാതിലാണ്. ക്രിസ്തുവിനെപ്രതിയുള്ള വലിയ സഹനസരണികളുടെ വലിയ വാതിലാണ്.

**രക്ഷ തേടുന്നവർക്കെല്ലാം രക്ഷകൻ സമീപസ്ഥനാണ്. രക്ഷകൻ ആരെയും തന്റെ രക്ഷണീയമേഖലയിൽ ഒഴിവാക്കുന്നില്ല.ജീവിതത്തിൽ ഹൈവേകൾ ഇഷ്ടപ്പെടുന്നവർക്ക് സുവിശേഷം പറയുന്ന ഈ ഇടുങ്ങിയ വാതിൽ അത്ര ഇമ്പമാവില്ല, ഇഷ്ടമാവില്ല, പഥ്യമാവില്ല.രക്ഷാകരമായ സഹനങ്ങളാണ് ഇടുങ്ങിയ വാതിലുകളെന്നു രക്ഷകൻ പറയുന്നു.**

● "നിങ്ങൾ എവിടെനിന്നാണെന്നു ഞാൻ അറിയുന്നില്ല. അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ" (ലൂക്കാ 13:27).

'നിങ്ങളെ ഞാൻ അറിയുന്നില്ല' എന്നുള്ള വാക്കുകൾ ഇവിടെ രണ്ടു വട്ടം ആവർത്തിക്കുന്നതായി കാണുന്നു. കർത്താവിന്റെ കർക്കശമായ വാക്കുകൾ. മയമില്ലാത്ത മൊഴികൾ. കാരണം, അവർ നീതി ചെയ്തില്ല. അവർ ഇടപെട്ടവരോട് അയവോ മയമോ കാട്ടിയില്ല. അലിവോ ആർദ്രതയോ കാട്ടിയില്ല. അർഹിക്കുന്നവന് അർഹിക്കുന്നത് ചെയ്തുകൊടുത്തില്ല. ശതാധിപൻ ക്രിസ്തുവിന്റെ കുരിശിനു മുന്നിൽ നിന്നുകൊണ്ട് പറഞ്ഞത് അവൻ നീതിമാനായിരുന്നു എന്നാണ്. പുതിയ നിയമത്തിലെ ജോസഫിന്റെ സർവഗുണങ്ങളും 'നീതിമാൻ' എന്ന ഏകവിശേഷണത്തിൽ കാച്ചിക്കുറുക്കി സംഗ്രഹിച്ചിരിക്കുകയാണ്. നീതിമാനായ കർത്താവിന് അനീതി അരോചകമാണ്, അറപ്പാണ്.

അനീതി അകലമുണ്ടാക്കുന്നു. അത് ഒരുവനെ മനുഷ്യരിൽനിന്നകറ്റുന്നു. അതുപോലെ, ദൈവത്തിൽനിന്നും. മനുഷ്യരെ അകറ്റിനിർത്തുന്നവനെ മനുഷ്യരോടു നീതി ചെയ്യാത്തവനെ ദൈവം അകറ്റിനിർത്തുന്നു. അനീതി അകലമാണങ്കിൽ നീതി അടുപ്പമാണ്. നീതിബോധത്തോടെയും നീതി ചെയ്തും ദൈവത്തോടും മനുഷ്യരോടും നമുക്ക് അടുപ്പമുള്ളവരാകാം. "കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും? നിന്റെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും?

കറ കൂടാതെ ജീവിക്കുന്നവനും നീതി പ്രവർത്തിക്കുന്നവനും ഹൃദയത്തിൽ സത്യമുള്ളവനും, നാവുകൊണ്ട് വഞ്ചിക്കാത്തവനുംഅന്യായപ്പലിശ വാങ്ങാത്തവനും. ഇങ്ങനെ ജീവിക്കുന്നവൻ നീതിമാനാകുന്നു" (സങ്കീ. 15). ■

# കനൽവഴികൾ താണ്ടിയ വേഗക്കുതിപ്പുകൾ

## മിൽഖാ സിങ് ഇനി ഓർമകളിൽ

■ കെ.ജി.രഞ്ജിത്ത്

ഇന്ത്യൻ അത്‌ലറ്റിക് ചരിത്രത്തിലേക്ക് ഓടിക്കയറിയ മിൽഖാ സിങ്ങിനോട് ഓടാൻ ആദ്യം പറഞ്ഞത് സ്വന്തം പിതാവായിരുന്നു. വർഗീയസംഘർഷത്തിന്റെ കത്തിമുനയിൽ ജീവനും കയ്യിൽപ്പിടിച്ച് മിൽഖ നടത്തിയ പ്രാണരക്ഷാർത്ഥമുള്ള ഓട്ടം അവസാനിച്ചത് രാജ്യത്തിന്റെ കായികവേദിയുടെ നെറുകയിൽ.

1958 ലെ ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസിൽ സ്വർണത്തിലേക്കും ഫോട്ടോ ഫിനീഷിൽ അവസാനിച്ച 1960 ലെ റോം ഒളിംപിക്സിൽ നാലാം സ്ഥാനത്തേക്കും ആ ചെറുപ്പക്കാരൻ കുതിരവേഗത്തിൽ ഓടിക്കയറി.

വർഗീയസംഘർഷത്തിന്റെ നടുവിൽ കൂട്ടക്കുരുതിക്കിടയിൽ അച്ഛന്റെ നിലവിളി കേട്ടു പാക്കിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലെ ഗോവിന്ദ്പുരയിൽനിന്നു മിൽഖ ഓട്ടം തുടങ്ങിയത് 15-ാം വയസ്സിലായിരുന്നു. മാതാപിതാക്കളും സഹോദരങ്ങളും അടക്കം കുടുംബത്തിലെ എട്ടു പേരെയാണ് കൂട്ടക്കുരുതിയിൽ നഷ്ടമായത്.

### സാധാരണക്കാർക്കു പ്രചോദനമായ ജീവിതം

നേട്ടങ്ങളോരോന്നും സ്വന്തമാക്കുമ്പോഴും മിൽഖായെന്ന കായികതാരത്തിന്റെ പ്രാർത്ഥന രാജ്യത്ത് സമാധാനം പുലരണമെന്നായിരുന്നു. ഓരോ വേദിയിലും തന്റെ ജീവിതത്തിലുണ്ടായ പ്രതിസന്ധികളെക്കുറിച്ചും ദുരിതങ്ങളെക്കുറിച്ചും പറയാനും അദ്ദേഹം മടി കാണിച്ചിരുന്നില്ല.

അഭയാർത്ഥിക്യാമ്പുകളിലും, പുനരധിവാസ ക്യാമ്പുകളിലുമെല്ലാം കഴിച്ചുകൂട്ടിയ ജീവിതത്തിൽ താൻ നേരിൽ കണ്ടത് സാധാരണക്കാരുടെ ജിവിതമായിരുന്നുവെന്നും അദ്ദേഹം തന്റെ ആത്മകഥയിൽ പറയുന്നു. ടിക്കറ്റില്ലാതെ യാത്ര ചെയ്തതിന് ജയിലിൽ കിടന്നതും, സഹോദരി കമ്മൽ വിറ്റ് പിഴയടച്ച് ജയിൽമോചിതനാക്കിയതുമെല്ലാം മിൽഖ പൊതുവേദികളിൽ പറയുമായിരുന്നു. ആത്മാർത്ഥമായ പരിശ്രമം വിജയത്തിലെത്തുമെന്ന് തന്റെ ജീവിതംകൊണ്ട് തെളിയിച്ച മഹാവ്യക്തിയാണ് മിൽഖ എന്ന കായികതാരം.

പട്ടിണി നിറഞ്ഞ ജീവിതത്തിൽനിന്നു കരകയറാൻ ജ്യേഷ്ഠൻ മഖൻ സിങ്ങായിരുന്നു പട്ടാളത്തിൽ പോകാൻ മിൽഖയെ ഉപദേശിച്ചത്. സെക്കന്തരാബാദിൽ ഇലക്ട്രിക്കൽ മെക്കാനിക്കൽ എൻജിനീയറിങ് സെന്ററിൽ



ജോലി ചെയ്യുമ്പോൾ ഒരു ക്രോസ് കൺട്രി മത്സരം നടക്കുന്നു. ആദ്യമെത്തുന്ന 10 പേർക്ക് ദിവസവും ഒരു ഗ്ലാസ് പാൽ അധികം കിട്ടും. അധികം കിട്ടുന്ന പാലിനു വേണ്ടിയും അദ്ദേഹം ഓടാൻ തയ്യാറായി. 6-ാം സ്ഥാനത്ത് ഫിനിഷ് ചെയ്തപ്പോൾ മിൽഖയുടെ കരിയർ തെളിയുകയായിരുന്നു.

1956 മെൽബൺ ഒളിംപിക്സിൽ 200 മീറ്റർ, 400 മീറ്റർ ഇനങ്ങളിൽ മത്സരിച്ചെങ്കിലും പരാജയപ്പെടുകയായിരുന്നു. പരാജയം നേരിട്ടപ്പോൾ പിൻമാറാൻ മിൽഖ തയ്യാറായിരുന്നില്ല, ജീവിതത്തിൽ ഓടിക്കയറിയ കരുത്തുമായി വിണ്ടും മിൽഖ മത്സരരംഗത്തിറങ്ങി.

1958 ദേശീയമത്സരത്തിലെ ദേശീയ റെക്കോർഡ് നേടിയുള്ള വിജയവും 200 - 400 മീറ്റർ വിജയങ്ങളും മിൽഖയെ ടോക്കിയോ ഏഷ്യൻ ഗെയിംസിലേക്ക് എത്തിച്ചു. അവിടെയും അവയിൽ സ്വർണനേട്ടം ആവർത്തിച്ചു. 200 മീറ്ററിൽ പാക്കിസ്ഥാന്റെ ദേശീയ ഹീറോ അബ്ദുൽ ഖാലിഖിനെയാണു മിൽഖ തോൽപിച്ചത്.

ടോക്കിയോ ഗെയിംസിനു പിന്നാലെ പാക്കിസ്ഥാനിൽ ഇൻവിറ്റേഷനൽ മീറ്റിൽ പങ്കെടുക്കാനുള്ള ക്ഷണം മിൽഖയെ തേടിയെത്തി. എന്നാൽ, ആ ക്ഷണം വൈകാരികമായി മിൽഖ നിഷേധിക്കുകയായിരുന്നു. തനിക്കു പ്രിയപ്പെട്ടതെല്ലാം കവർന്നെടുത്ത അന്നാട്ടിലേക്കു വീണ്ടും പോകാൻ തയ്യാറല്ലെന്ന നിലപാട് എടുത്ത മിൽഖയെ അന്നു തിരുത്തിയത് ജവഹർലാൽ നെഹ്റു ആയിരുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദം ഊട്ടിയുറപ്പിക്കാൻ മിൽഖയുടെ സാന്നിധ്യം സഹായിക്കുമെന്നു പറഞ്ഞപ്പോൾ സമാധാനപ്രിയനായിരുന്ന മിൽഖ സമ്മതിക്കുകയായിരുന്നു. അവിടെയെത്തിയ മിൽഖ, അബ്ദുൽ ഖാലിഖിനെ വീണ്ടും തോൽപ്പിച്ചു. മത്സരത്തിൽ കാണിയായി പാക് പ്രസിഡന്റ് ജനറൽ ആയൂബ്ഖാനും ഉണ്ടായിരുന്നു. ആയൂബ്ഖാനായിരുന്നു മിൽഖയ്ക്ക് 'പറക്കും സിങ്' എന്ന പേരു നൽകിയത്.

### അംഗീകാരങ്ങളും നേട്ടങ്ങളും

1958 ലെ കോമൺവെൽത്ത് ഗെയിംസിലൂടെ (കാർഡിഫ്) മിൽഖയാണ് ഇന്ത്യയ്ക്ക് ലോകോത്തരട്രാക്കിൽ നിന്ന് ആദ്യമായി സ്വർണം സമ്മാനിച്ചത്. 100, 200, 400 മീറ്ററുകളിൽ ദീർഘകാലം ദേശീയ റെക്കോർഡ് മിൽഖായുടെ പേരിലായിരുന്നു. പിറ്റേവർഷം 1959 ൽ രാജ്യം പദ്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു. തനിക്കു ലഭിച്ച മെഡലുകളെല്ലാം അദ്ദേഹം രാജ്യത്തിനു സമർപ്പിച്ചിരുന്നു. ഇവയെല്ലാം പട്യാലയിലെ സ്പോട്സ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

### പ്രതിസന്ധികളുടെ നേർക്കാഴ്ചയായി ആത്മകഥ

2013 ൽ പ്രസിദ്ധീകരിച്ച 'ദ് റേസ് ഓഫ് മൈ ലൈഫ്' ആണ് മിൽഖാസിങ്ങിന്റെ ആത്മകഥ. തന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങളെല്ലാം അണുവിട വ്യത്യാസമില്ലാതെ ആത്മകഥയിൽ ഉൾപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. മിൽഖാ സിങ്ങിന്റെ ഭാര്യയും ഇന്ത്യൻ വനിതാ വോളിബോൾ ടീം മുൻ ക്യാപ്റ്റനുമായ നിർമൽ കൗർ (85) കോവിഡ് ബാധിച്ച് ദിവസങ്ങൾക്കു മുമ്പാണ് അന്തരിച്ചത്. പിന്നാലെ മിൽഖയും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ഗോൾഫ് താരം ജീവ് മിൽഖാ സിങ് ഉൾപ്പെടെ നാലു മക്കളാണ് മിൽഖയ്ക്കും നിർമൽ കൗറിനും. കായികപ്രേമികൾക്കും കായികതാരങ്ങൾക്കും മാത്രമല്ല, പ്രതിസന്ധി ഘട്ടങ്ങളിൽ തളരുന്ന ഓരോരുത്തർക്കും പ്രചോദനമാണ് മിൽഖയുടെ ജീവിതം. ■

# പതിനാലാമെടം

16-ാം പേജ് തുടർച്ച

അതിന്റെ ചൂടിൽനിന്ന് യാതൊന്നും മറയ്ക്കപ്പെടുന്നില്ല...

അനനിയാദ് പാടിക്കൊണ്ടിരുന്നു...

താഴെ കെദ്രോൺ നദി. വെള്ളം വറ്റിയ നദിയുടെ മണൽപ്പരപ്പിൽ വെയിലിന്റെ ചുവന്ന നീരാളങ്ങൾ... അക്കരെ ജറുസലേം പട്ടണത്തിൽ മിനാരങ്ങൾ കാണായി. അവന്റെ ഹൃദയം പ്രാവിനെപ്പോലെ കുറുകി. അവന്റെ സന്തോഷം ചിറകടിച്ചു.

ജറുസലേമിൽ അവനുണ്ടാകും. നസ്രായനായ യേശു. കാനായിൽ വെള്ളം വീഞ്ഞാക്കുകയും കഫർണാമിലെ ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തുകയും ചെയ്ത മിശിഹാ...

അനനിയാദ് കുന്നിറങ്ങുകയായിരുന്നു. അവൻ ബന്ധനങ്ങളില്ലാത്തവനായിത്തീർന്നിരുന്നു. എവിടെയൊക്കെയോ നഷ്ടപ്പെട്ടുപോയിരുന്ന മനസ്സ് തിരിച്ചുകിട്ടിയതുപോലെ അവനു തോന്നി. അവനെ ചൂടിയിരുന്ന ഏകാന്തത കൂടൊഴിഞ്ഞു പോയിരുന്നു.

അവൻ നദി കടന്ന് ജറുസലേമിലേക്കെത്തിയപ്പോഴേക്കും സന്ധ്യയായിരുന്നു. നഗരത്തിൽ നല്ല തിരക്കുണ്ടായിരുന്നു. യഹൂദന്മാരുടെ തിരുനാളിന്റെ ദിവസങ്ങളായിരുന്നതിനാൽ നഗരകവാടം മുതൽ കച്ചവടക്കാരുടെ വില്പനശാലകൾ കണ്ടു.

തിരക്കിനിടയിലൂടെ അവൻ കവാടം കടന്ന് നഗരത്തിലേക്കു പ്രവേശിച്ചു. ആളുകൾ അവിടവിടെ കൂട്ടംകൂട്ടമായിനിന്ന് എന്തൊക്കെയോ ഗൗരവമായി സംസാരിക്കുന്നു. അവൻ നഗരത്തിൽ ഇടകലർന്നു കിടക്കുന്ന ഇരുട്ടും വെളിച്ചവും തിരക്കും കടന്നു ദേവാലയത്തിലേക്കു പോയി. ദേവാലയാങ്കണത്തിൽ മുഖ്യപുരോഹിതന്മാരും ഫരിസേയപ്രമാണിമാരും എന്തോ കൂടിയാലോചിക്കുന്നതും ചിലപ്പോൾ നിയന്ത്രണം വിട്ട് ഉച്ചത്തിൽ സംസാരിക്കുന്നതും കണ്ടു.

എന്തോ കാര്യമായി ഇവിടെ സംഭവിച്ചിരിക്കുന്നു എന്ന് അനനിയാദിനു മനസ്സിലായി. അവൻ ദേവാലയമതിലിനരുകിൽ ഇരുന്ന ഒരു ഭിക്ഷക്കാരനോട് കാര്യമന്വേഷിച്ചു. ഭിക്ഷക്കാരൻ പറഞ്ഞു.

"അവൻ വന്നിരുന്നു..."

"ആര്...?"

"ദാവീദിന്റെ പുത്രൻ. എനിക്കു കാഴ്ച നല്കിയവൻ..." അനനിയാദ് അവനെ കേട്ട് ആശ്ചര്യപ്പെട്ടു.

"കണ്ടോ എന്റെ കണ്ണുകൾ. ഇതിൽനിറയെ ഇരുട്ടായിരുന്നു. അവൻ എനിക്കു കാഴ്ച തന്നു. പ്രകാശം തന്നു. അവൻ ദൈവപുത്രനായ മിശിഹാതന്നെ."

അവൻ ജറീക്കോയിലെ തിമേയൂസിന്റെ പുത്രനായ ബർത്തമിയോസ് ആയിരുന്നു. ജന്മനാ അന്ധനായിരുന്ന അവനിൽ യേശു അദ്ഭുതം കാണിച്ചു. അങ്ങനെ അവൻ വിശ്വസിച്ചു. അതുകണ്ടു മറ്റനേകരും യേശുവിൽ വിശ്വസിച്ചു.

ബർത്തിമിയോസ് പറഞ്ഞു: "യേശു ദേവാലയത്തിൽ കടന്ന് അതിനുള്ളിൽ കച്ചവടം ചെയ്തിരുന്നവരെ ചാട്ടവാറുകൊണ്ട് അടിച്ചു പുറത്താക്കി. നാണയമാറ്റക്കാരുടെ മേശകളും പ്രാവുകളെ വിറ്റിരുന്നവരുടെ ഇരിപ്പിടങ്ങളും അവൻ മറിച്ചിട്ടു. എന്നിട്ട് അവിടെയുണ്ടായിരുന്ന മുഖ്യപുരോഹിതന്മാരോടും വേദജ്ഞരോടും ശബ്ദമുയർത്തി പറഞ്ഞു:

"എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്ന് വിശുദ്ധലിഖിതത്തിലുണ്ടല്ലോ. എന്നാൽ, നിങ്ങളതിനെ കൊള്ളക്കാരുടെ ഗുഹയാക്കിയിരിക്കുന്നു."

"അവൻ ദേവാലയത്തിൽ ജനങ്ങളെ പഠിപ്പിച്ചു. നിങ്ങൾക്കറിയാമോ ഈ നഗരം മുഴുവൻ അവന്റെ വിജ്ഞാനത്തിൽ വിസ്മയിച്ചിരിക്കുന്നു..."

"എന്നിട്ട് അവനെവിടെ... യേശു."

"വൈകുന്നേരമായപ്പോഴേക്കും അവനും ശിഷ്യരും നഗരം വിട്ടുപോയി."

"എവിടേക്ക്. എവിടേക്കാണ് അവനും കൂട്ടരും പോയത്?" അനനിയാദ് ജിജ്ഞാസപ്പെട്ടു.

"എവിടേക്കെന്ന് അറിഞ്ഞുകൂടാ." ബർത്തമിയോസ് പറഞ്ഞു.

ആ രാത്രിതന്നെ അനനിയാദ് ജറുസലേം വിട്ടു. നഗരത്തിനു പുറത്ത് രാത്രി വന്യവും നിഗൂഢവും ആയിരുന്നു. ഇരുട്ടിനാൽ സ്നാനം സ്വീകരിച്ചതുപോലെ രാത്രി കറുത്തു കിടക്കുന്നു. എങ്കിലും ആകാശക്കമാനത്തിൽ പ്രകാശപൂരിതമായ ഒരൊറ്റ നക്ഷത്രം തെളിഞ്ഞുനിന്നിരുന്നു.

"അവൻ എവിടേക്കാണു പോയത്. ഗലീലിയിലേക്കോ... യൂദയായിലേക്കോ... ആരോടാണു ചോദിക്കുക...? എവിടെയാണ് തിരയുക..."

യേശു അപ്പോൾ യോർദ്ദാന്റെ മറുകരയിൽ യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ചിരുന്നിടത്ത് താമസിക്കുകയായിരുന്നു. യേശു അവിടെ ഉണ്ടെന്നറിഞ്ഞ മാർത്തയും മേരിയും അവന്റെയടുത്തേക്ക് ആളയച്ച് തങ്ങളുടെ സഹോദരൻ ലാസർ രോഗിയായ വിവരം അറിയിച്ചു. ലാസർ രോഗിയാണെന്നറികെ യേശു രണ്ടുദിവസംകൂടി അവിടെ പാർത്തു.

യേശു ബേഥനിയായിൽ എത്തിയപ്പോഴേക്കും ലാസർ മരിച്ചിട്ട് നാലുദിവസം കഴിഞ്ഞിരുന്നു. യേശു വരുന്ന വാർത്ത കേട്ട് മാർത്ത അവന്റെ പക്കൽ ചെന്നു പറഞ്ഞു:

"നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല. ദൈവത്തോട് നീ എന്തപേക്ഷിച്ചാലും ദൈവം അതു നിനക്കു തരും എന്നെനിക്കറിയാം."

"നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും." യേശു പറഞ്ഞു.

യേശു വന്നിട്ടുണ്ടെന്നറിഞ്ഞ മേരിയും അവൻ നിന്നിരുന്നിടത്തു ചെന്ന് അവന്റെ കാല്ക്കൽ വീണുകൊണ്ട് പറഞ്ഞു:

"കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല."

അവളും അവളുടെ കൂടെ വന്ന യഹൂദന്മാരും കരയുന്നതു കണ്ട് യേശുവിന്റെ മനസ്സ് കലങ്ങി. അവൻ അസ്വസ്ഥനായി ചോദിച്ചു:

"അയാളെ എവിടെ അടക്കിയിരിക്കുന്നു?"

അവർ കാണിച്ചുകൊടുത്തപ്രകാരം യേശു കല്ലറയുടെ അടുത്തു ചെന്നു. അത് ഒരു ഗുഹയായിരുന്നു. അതിനു മീതെ വച്ചിരുന്ന കല്ലു മാറ്റുവാൻ ആവശ്യപ്പെട്ടു. അപ്പോൾ മർത്ത പറഞ്ഞു:

"കർത്താവേ, ഇതിനകം ദുർഗന്ധമായിക്കാണും. മരിച്ചിട്ട് നാലു ദിവസമായല്ലോ?"

"നീ വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്ത്വം കാണും." യേശു പറഞ്ഞു.

അവൻ പറഞ്ഞപ്രകാരം അവർ കല്ലറയുടെ മൂടി മാറ്റി. അവൻ ശബ്ദമുയർത്തി:

"ലാസറേ പുറത്തു വരിക."

മരിച്ച മനുഷ്യൻ പുറത്തു വന്നു. അയാളുടെ കൈകാലുകൾ നാടകൊണ്ട് കെട്ടിയിരുന്നു. മുഖം തുണികൊണ്ടു മൂടിയിരുന്നു. യേശു പറഞ്ഞു:

"അയാളുടെ കെട്ടുകളഴിക്കുക. അയാൾ പോകട്ടെ."

അവിടെയുണ്ടായിരുന്ന യഹൂദരിൽ പലരും അതുകണ്ട് അവനിൽ വിശ്വസിച്ചു. മറ്റു ചിലരാകട്ടെ ഫരിസേയപ്രമാണിമാരുടെ അടുത്തുചെന്ന് അവൻ പ്രവർത്തിച്ചതിനെപ്പറ്റി പറഞ്ഞു.

(തുടരും)

# വിശ്വസിക്കൂ, ഇവൻ എന്നെന്നും മതിയായവൻ



ഫാ. തോമസ്
പാട്ടത്തിൽചിറ CMF



**വി**ജയിച്ചെന്നു വീമ്പിളക്കിയ വലിയൊരു വിഭാഗത്തെ വിസ്മയിപ്പിച്ചും, വിഷാദരായിക്കഴിഞ്ഞിരുന്ന വത്സലഗണത്തിന്റെ വാടിത്തുടങ്ങിയ വിശ്വാസത്തിനു വളവും വെള്ളവും വേരുകളുമേകിയും മൂന്നുനാൾമുമ്പ് കഴുമരത്തിൽ കണ്ണുകളടച്ചവൻ ഊഴിയുടെ ഉള്ളറയിൽനിന്ന് ഉയിർത്തെണീറ്റു! മൂടി മാറ്റപ്പെട്ട, കാലിയായ കല്ലറ കണ്ടുമടങ്ങിയ ശിഷ്യരുടെ ഉള്ളിൽ ഉണ്ടായിരുന്നത് വിശ്വാസവും വിഭ്രാന്തിയുമായിരുന്നു. പക്ഷേ, പീഡനങ്ങളെ പേടിച്ച് കതകടച്ചുകഴിഞ്ഞിരുന്ന തന്റെ ഉറ്റവർക്ക് ഉത്ഥിതൻ ഒരു പ്രദോഷത്തിൽ പ്രത്യക്ഷനായി. തദവസരത്തിൽ അവിടെയില്ലാതെപോയ ദിദീമോസിന് ആ അസുലഭഭാഗ്യം നഷ്ടമായി. നിർബന്ധക്കാരനായിരുന്നതിനാൽ തന്റെ പാണികൾ ഗുരുവിന്റെ പാർശ്വത്തിൽ വയ്ക്കാതെയും വിലാവിൽ വിരലിടാതെയും വിശ്വസിക്കുകയില്ലെന്ന് അവൻ നിശ്ചയിച്ചുറച്ചു. എന്നാൽ, ശുദ്ധമായ ശാഠ്യങ്ങൾ ശീലമാക്കുന്നതിൽ ശരിക്കുറവില്ലെന്ന് ശിഷ്യർക്കു മനസ്സിലാക്കിക്കൊടുക്കാനെന്നമാതിരി എട്ടാംപക്കം എല്ലാവരുമുണ്ടായിരുന്നപ്പോൾ അവിടുന്ന് അവർക്കു വീണ്ടും സ്വയം വെളിപ്പെടുത്തി. അപ്പോൾ സ്വന്തം കണ്ണുകൾകൊണ്ടു കണ്ട് തന്നിലുള്ള വിശ്വാസം വിളിച്ചോതിയ ആ അരുമശിഷ്യനോട് അവിടുന്ന് അരുൾ ചെയ്തു: 'കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതർ' (യോഹ. 20:29).

തൊട്ടതിനൊക്കെയും തെളിവുകൾ തേടുന്ന തലമുറയാണിന്നുള്ളത്. അടയാളങ്ങൾ അന്വേഷിച്ച രണ്ടായിരത്തിൽപ്പരം വർഷം പ്രായമുള്ള കാരണവരുടെ കൊച്ചുമക്കളാണ് നാമെല്ലാം. പഞ്ചേന്ദ്രിയങ്ങൾ പരമാർത്ഥങ്ങളെന്നു പറയുന്നവയ്ക്കു മാത്രം മൂല്യം കല്പിക്കുകയും സാമാന്യബുദ്ധിക്കു നിരക്കാത്തവയൊന്നും യാഥാർത്ഥ്യമല്ലെന്നു ന്യായീകരിക്കുകയും ചെയ്യുന്ന യുക്തിസംസ്കാരമാണ് പലരുടെയും. സകലതിനെയും വിരൽത്തുമ്പിൽ സാധ്യവും സുലഭവുമാക്കാനാണ് സാങ്കേതികവിദഗ്ധരുടെ അശ്രാന്തയത്നം. വിശ്വശില്പിയായ ദൈവത്തെയും വിശ്വാസസത്യങ്ങളെയും പരീക്ഷണശാലകളിലെ പളുങ്കുപാത്രങ്ങളിൽ ശോധന ചെയ്യാനാണ് ശാസ്ത്രത്തെ ചവച്ചരച്ചു ശാപ്പിടുന്നവരുടെ ശമനമില്ലാശ്രമം. വസ്തുതകളെ വിശ്വസനീയങ്ങളാക്കുന്നതിനു തെളിവുകൾ അത്യന്താപേക്ഷിതമായി ത്തീർന്നിരിക്കുകയാണ്. അനുയോജ്യമായ തെളിവുകളുടെ അഭാവത്തിൽ എത്രയോ സാഹചര്യങ്ങളിൽ സത്യം സംഹരിക്കപ്പെടുന്നു! മതിയായ മൊഴികളും സാക്ഷികളും ഇല്ലെന്നതിന്റെ പേരിൽ എത്രയോ ശുദ്ധഹൃദയർ ശിക്ഷിക്കപ്പെടുന്നു. അപരാധികൾ അഴിഞ്ഞാടുന്നു! എന്നാൽ സത്യവും അതിന്റെ മൂല്യങ്ങളും തെളിവുകളിൽ മാത്രമല്ല അധിഷ്ഠിതമായിട്ടുള്ളത്. അവയ്ക്ക് വിശ്വാസത്തിന്റെ വിശാലമായ ഒരു തലമുണ്ട്. മണ്ണിലെ മനുഷ്യജീവിതവും ബന്ധങ്ങളുമെല്ലാം ആത്യന്തികമായി ഉപാധികളില്ലാത്ത ഉത്തമവിശ്വാസത്തിൽ അടിത്തറയുള്ളവയാണ്.

ആരിലെങ്കിലുമൊക്കെ അല്പം വിശ്വാസം നിക്ഷേപിക്കാതെ ശ്വാസമൊന്നുപോലും വലിച്ചുതള്ളുക സാധ്യമല്ല. കുഞ്ഞായിരുന്നപ്പോൾ മടിയിലിരുത്തി 'ഇതാണ് കുഞ്ഞിന്റെ അച്ഛൻ' എന്നു പറഞ്ഞ് അമ്മ ചൂണ്ടിക്കാട്ടിത്തന്ന ആൺരൂപത്തെ അന്നുമുതലിന്നോളം 'അച്ഛൻ' എന്നുതന്നെ വിളിക്കാൻ ഏതെങ്കിലും തെളിവുകൾ ആവശ്യമായി വന്നിട്ടുണ്ടോ? 'അമ്മ' എന്ന് നീയും ഞാനും വിളിക്കുന്നയാൾതന്നെയാണ് യഥാർത്ഥത്തിൽ നമുക്കു ജന്മമേകിയത് എന്നതിന് എന്താണിത്ര ഉറപ്പ്? വാഹനത്തിൽ കയറി ലക്ഷ്യസ്ഥാനത്തേക്കുള്ള ടിക്കറ്റുകാശു കൊടുക്കുന്നതും ഇത്തിരിപ്പോന്ന രണ്ട് ഈർക്കിലിപ്പാളത്തിലൂടെ പായുന്ന തീവണ്ടിയിൽ നീണ്ടുനിവർന്ന് കിടന്നുറങ്ങുന്നതുമൊക്കെ മിഴിചിമ്മാതെ മുന്നിലിരുന്ന് ചക്രം ചലിപ്പിക്കുന്ന പേരറിയാത്ത, പരസ്പരം പരിചയമില്ലാത്ത ഒരാളിൽ വിശ്വാസം പണയംവച്ചിട്ടുള്ളതുകൊണ്ടല്ലേ? അല്ലാതെ, അയാളുടെ യോഗ്യതയുടെയോ തൊഴിൽപരിചയത്തിന്റെയോ ഒന്നും സാക്ഷ്യപത്രം മുൻകൂർ കണ്ട് ബോധ്യപ്പെട്ടതുകൊണ്ടല്ലല്ലോ? അപരിചിതനായ ഒരുവനെ 'അപ്പാ' എന്ന് അവ്യക്തമായി നാം വിളിച്ചുതുടങ്ങിയതുതന്നെ 'അമ്മേ' എന്ന് അറിയാതെ വിളിച്ച, വേറൊരു അപരിചിത ചൊല്ലിപ്പഠിപ്പിച്ചപ്പോൾമുതലല്ലേ? അവളുടെ ആ വാക്കുകളെ നാളിന്നോളം നീയും ഞാനും നിസ്സംശയം വിശ്വസിക്കുന്നില്ലേ? അതിനൊന്നും അയല്ക്കാരുടെ അഭിപ്രായമോ തെളിവുകളുടെ താങ്ങോ വേണ്ടിവന്നിട്ടില്ലല്ലോ? അതെല്ലാം വെറും വിശ്വാസത്തിന്റെ അംശങ്ങളാണ്. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യജീവിതത്തിലെ അടിസ്ഥാനവസ്തുതകളിൽ സിംഹഭാഗവും തെളിവുകൾക്ക് അതീതമായ, അല്ലെങ്കിൽ തെളിവുകൾ അനിവാര്യമല്ലാത്ത വിശ്വാസത്തിൽ വേരൂന്നിയവയാണ്.

വിശ്വാസത്തിന്റെ വശ്യത അതിന്റെ അന്ധതയാണ്. അന്ധന്റെ ആത്മവിശ്വാസമായിരുന്നു ആദിപിതാവായ അബ്രാഹത്തിനുണ്ടായിരുന്നത്. ദേശമോ, ദിക്കോ, പാതയോ, പദ്ധതിയോ പറഞ്ഞറിയാതെ 'പോവുക' (ഉത്പ. 12:1) എന്ന് ആജ്ഞയേകിയ അദൃശ്യശക്തിയുടെ പരിപാലനയുടെ പാരാവാരത്തിലേക്ക് തന്നെത്തന്നെ പിഴുതെറിഞ്ഞുകൊണ്ടുള്ള ഒരു പ്രയാണമായിരുന്നു ആ പിതാമഹന്റേത്. അതുകൊണ്ടൊക്കെത്തന്നെ അല്ലേ, 'കാണപ്പെടാത്തവ ഉണ്ട് എന്നുള്ള ബോധ്യ'ത്തെ ബൈബിൾ വിശ്വാസമെന്നു വിളിക്കുന്നതും? തെളിവുകളും അടയാളങ്ങളും ആവശ്യപ്പെടുന്ന അനേകം ആളുകളെ വിശുദ്ധഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. യഹോവ തന്നെയാണ് തന്നോടു സംസാരിക്കുന്നത് എന്നതിനുള്ള തെളിവു ചോദിച്ച ഗിദെയോനും (ന്യായ. 6:17), ദൈവപുത്രനാണെന്നു സ്വയം തെളിയിക്കാൻ കല്ലുകളെ അപ്പമാക്കാനും ദൈവാലയനിറുകയിൽനിന്ന് കീഴ്പ്പോട്ടു ചാടാനും യേശുവിനെ പ്രലോഭിപ്പിച്ച ശക്തിയും, തങ്ങൾ കണ്ടുവിശ്വസിക്കാനായി കുരിശിൽനിന്ന് ഇറങ്ങിവരാൻ അവിടുത്തോടു പുച്ഛിച്ചുപറഞ്ഞ പുരോഹിതപ്രമുഖരും, ഗുരുവിന്റെ ചോര ചിന്തിയ ചങ്കിൽ തന്റെ കരതലം വയ്ക്കാതെയും വിലാവിൽ വിരലിടാതെയും വിശ്വസിക്കുകയില്ലെന്നു ശഠിച്ച തോമസുമൊക്കെ അത്തരക്കാരുടെ പ്രതിനിധികളാണ്. എന്നാൽ, അവരെല്ലാം നമ്മുടെയൊക്കെ ഹൃദയവയലുകളിൽ വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ദൈവം നിയോഗിച്ച നിമിത്തങ്ങളാണ്. അദൃശ്യനായ തന്റെ സത്തയെക്കുറിച്ചും സ്വഭാവസവിശേഷതയെക്കുറിച്ചും വിശ്വാസരഹിതമായ തലമുറയെ പഠിപ്പിക്കാൻ അവിടുന്നയച്ചവർ! മുക്കുവനൊരുവന്റെ മർക്കടമുഷ്ടിയെ മാനിച്ച് ഉത്ഥിതൻ വീണ്ടും വന്നതും അവനോടു സംസാരിച്ചതുമെല്ലാം അവന്റെ അധരഘോഷണം ശ്രവിച്ച് ലോകം വിശ്വസിക്കുന്നതിനുവേണ്ടിയായിരുന്നു. ആ അരയശിഷ്യനില്ലായിരുന്നെങ്കിൽ നാമിന്നു മനഃപാഠമാക്കിയിരിക്കുന്ന 'എന്റെ കർത്താവേ, എന്റെ ദൈവമേ' (യോഹ. 20:28) എന്ന വിശ്വാസപ്രഖ്യാപനം നമുക്കു നഷ്ടമായിപ്പോകുമായിരുന്നില്ലേ? എങ്കിലും, 'കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതർ' എന്നുള്ള ഉത്ഥിതന്റെ അന്തിമമൊഴികൾ മറക്കാതിരിക്കാം. കാരണം, അങ്ങനെയുള്ളവരിൽ നീയും ഞാനുമുണ്ടെങ്കിൽ നാം പതിന്മടങ്ങ് പുണ്യപ്പെട്ടവർ തന്നെ.

കൺമുമ്പിലോ, കാതോരത്തോ, നാസികാനാളത്തിലോ, വിരലറ്റത്തോ, നാവിൻതലത്തിലോ മാത്രം വിശ്വസിക്കുന്നതിനുള്ള കാരണങ്ങളും തെളിവുകളും തിരയാതെ, തെളിവുകളുടെ ശൂന്യതയിലും വിശ്വാസത്തിന്റെ വിടർന്ന പാരച്യൂട്ടിൽ പിടിമുറുക്കാനാണ് യേശു നമ്മോടാവശ്യപ്പെടുന്നത്. കുർബാനമദ്ധ്യേ കൈവിരലുകൾക്കിടയിലേക്കു സ്വയം ഒതുങ്ങിത്തരുന്ന ഓസ്തിയിൽ കർത്താവിന്റെ കമനീയമുഖം നേരിൽ കാണുകയും നാവിന്റെ നനവിൽ അതു മാംസമായി മാറുകയും ചെയ്താൽ മാത്രമേ വിശ്വസിക്കൂ എന്നല്ല വൈദികനായ ഞാൻ വാശിപിടിക്കേണ്ടത്. പകരം, ആ അപ്പം തന്റെ തിരുശ്ശരീരവും കാസയിലെ മുന്തിരിച്ചാറ് കല്മഷകറകളെ കഴുകിനീക്കുന്ന നിണവുമാണ് എന്നോതിയവന്റെ വചസ്സുകളിലുള്ള എന്റെ എളിയ വിശ്വാസത്തെ ദൃഢപ്പെടുത്തണമേയെന്ന് വിളിച്ചപേക്ഷിക്കുകയാണു വേണ്ടത്. മഹാമാരികൾ മാറുകയും, വീട്ടിലെ വിഷമതകളെല്ലാം ഒരു പാതിരാമഴയിൽ ഒഴുകിപ്പോവുകയും ചെയ്താൽ മാത്രമേ ഞാൻ വിശ്വസിക്കൂ എന്നു നിർബന്ധിക്കുകയല്ല പിന്നെയോ, ആവലാതികളുടെ ആധിക്യത്തിലും എന്നെ ചൂഴ്ന്നു നില്ക്കുന്ന ദൈവികചൈതന്യത്തെ അനുഭവിക്കാനും അതിൽ വിശ്വസിക്കാനും എനിക്കു കൃപ തരണേയെന്നു കേണു പ്രാർത്ഥിക്കുകയാണ് ഒരു ക്രിസ്ത്യാനിയായ ഞാൻ ചെയ്യേണ്ടത്. അഞ്ച് ഇന്ദ്രിയങ്ങൾക്കും അഗ്രാഹ്യമായവയൊക്കെ ആത്മാവിന്റെ ആഴങ്ങളിൽ അനുഭവിച്ചറിയണമെങ്കിൽ അവിടെ വിഘ്നശൂന്യമായ വിശ്വാസത്തിന്റെ അടിയൊഴുക്കുകൾ ഉണ്ടാകണം.

**ഉയിർത്തെഴുന്നേറ്റ സത്യദൈവമേ, പ്രപഞ്ചം മുഴുവനിലും അതിലെ ഏറ്റവും നിസാരനായ എന്റെയുള്ളിലും പ്രസരിച്ചുനില്ക്കുന്ന നിന്റെ ചൈതന്യത്തിൽ പൂർണമായും വിശ്വസിക്കാൻ ഈയുള്ളവനു തെളിവുകളുടെ തരിപോലും ആവശ്യമില്ല. അദ്ഭുതങ്ങളുടെ അടമഴ ഞാൻ അനുദിനം ആഗ്രഹിക്കുന്നില്ല. അടയാളങ്ങൾ ആവശ്യപ്പെടുന്നില്ല. തെളിവുകൾ തേടുന്നുമില്ല. അവയൊക്കെ ഒരു പരിധിവരെ എന്റെ വിശ്വാസത്തെ പരിപോഷിപ്പിക്കാൻ പര്യാപ്തങ്ങളാണെങ്കിലും അവയുടെയൊന്നും അരിപ്പയിൽ തെള്ളിയെടുത്ത തരിമണികളല്ല എന്റെ വിശ്വാസപ്രമാണങ്ങൾ. എന്റെ കാലുകൾ കഴയുമ്പോൾ താങ്ങായും, കാഴ്ച കുറയുമ്പോൾ തെളിച്ചമായും നെഞ്ചകം നുറുങ്ങുമ്പോൾ തൈലമായും നയനങ്ങൾ നിറയുമ്പോൾ തൂവാലയായും കാലങ്ങളോളം കൂട്ടായി കൂടെ വസിക്കാൻ അങ്ങുണ്ടാകുമെന്നുള്ള അവിടുത്തെ വാഗ്ദാനം (മത്താ. 28:20) മാത്രമാണ് എന്റെ ശരണം. നിന്റെ വചനങ്ങളാണ് എന്നാളും എന്റെ വഴിവിളക്ക്. മൃദുവിരൽത്തുമ്പിനാൽ ഞാൻ ആദ്യമായി അരിയിൽ വരച്ച നിന്റെ നാമം എന്റെ കരളിന്റെ കല്ഫലകത്തിലാണ് കൊത്തപ്പെട്ടത്! മരണംവരെ മായാതെ അത് അവിടെത്തന്നെയുണ്ടാവും. ശൈശവത്തിൽ ഞാൻ ചൊല്ലിക്കേട്ടതും ബാല്യത്തിൽ ഉരുവിട്ടു പഠിച്ചതുമായ വിശ്വാസത്തിന്റെ പ്രഥമപാഠങ്ങൾ എന്നെ ഇന്നും ബലപ്പെടുത്താൻ മതിയായവയാണ്.**

വിഭവങ്ങൾകൊണ്ട് വയറുനിറച്ച് വിശ്രമിക്കുന്ന വേളയിലല്ല, വിശപ്പിന്റെ വിളിയുള്ളപ്പോഴും വിശ്വസിക്കാനുള്ള വരമാണ് (റോമ. 12:3) എനിക്കു വേണ്ടത്. കൺമുമ്പിൽ കാണപ്പെടുന്നില്ലെങ്കിലും എന്റെ കരളിന്റെ കൊച്ചുകോവിലിൽ കുടികൊള്ളുന്ന നിന്നെ വിശ്വാസത്തിന്റെ നേത്രങ്ങളിലൂടെ കാണാൻ എനിക്ക് എപ്പോഴും കഴിയുന്നുണ്ട്. എന്റെ വിരൽ സ്പർശമല്ല, നിന്റെ വിശുദ്ധ സ്പർശമാണ് ഞാൻ കൂടുതൽ കാംക്ഷിക്കുന്നത്. വിരലഗ്രത്തെ വിവേചനവൈഭവമല്ല മറിച്ച്, വിശ്വാസമാണ് വലുതും വിലപ്പെട്ടതും നിത്യരക്ഷയ്ക്കു നിദാനവും. ആകയാൽ, പഥികനായ എന്റെ വഴി തീരുവോളം എന്റെ ആശ്വാസവിളക്കിനെ നിന്റെ വിരലുകളുടെ വള്ളിക്കുടിലിനുള്ളിൽ കെടാതെ കാത്തുകൊള്ളണേ. അങ്ങനെ അന്ധമായി വിശ്വസിക്കുന്നതിന്റെ അവാച്യമായ ആനന്ദം അവസാനംവരെ ഞാൻ ആസ്വദിച്ചോട്ടെ.

Deepanalam Weekly

RNI No : 16998/68
Vol. 54 No. 13 Date of Publication 24 June 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

തമ്പാൻസ്
മേവട മെഡിക്കൽ സെന്റർ


Estd: 1925

പി. ഒ. മേവട, കോട്ടയം-686573
PH: 04822 - 269155 (വൈദ്യശാല), 268833 (ഹോസ്പിറ്റൽ), 267033 (Res)

- ദിവംഗതനായ വൈദ്യകലാനിധി മേവടത്തമ്പാന്റെ ദീർഘദർശനവും മാർഗ്ഗദർശിത്വവും കൊണ്ടു വളർന്ന ഒരു സ്ഥാപനം. 96 ൽ പരം വർഷത്തെ സേവനപാരമ്പര്യം.
- ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു.
- നേഴ്സിംഗ് ഹോമിൽ പിഴിച്ചിൽ, ധാര, നവരക്കിഴി തുടങ്ങിയ മറ്റു സ്നേഹ-സ്വേദ കർമ്മങ്ങളും നിർവഹിക്കുന്നു.
- അലോപ്പതി ആശുപത്രിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ഫിസിഷ്യൻസ്

1. ഡോ. കെ. ഗോപാലകൃഷ്ണൻ BAM, MBBS (Rtd. Civil surgeon) (എല്ലാ ദിവസവും)
2. കെ. രാജഗോപാൽ BSc.B.A.M (എല്ലാ ദിവസവും)



യശഃശരീരനായ
ശ്രീ. തമ്പാൻ വൈദ്യൻ
(കെ.കെ. കർത്താ)

അമല ആയുർവ്വേദ ഹോസ്പിറ്റൽ

അട്ടിക്കൽ, പൊൻകുന്നം, ഫോൺ: 04828-221058, Mob: 9447773241


A MULTI-SPECIALITY & RESEARCH CENTRE

- വാതരോഗങ്ങൾ, ത്വഗ്രോഗങ്ങൾ, സോറിയാസിസ്, നട്ടെല്ലുരോഗങ്ങൾ, തളർവാതം, അർശസ്സ്, പ്രമേഹം, ആസ്ത്മ, കരൾരോഗങ്ങൾ, വൃക്കരോഗങ്ങൾ, സ്ത്രീരോഗങ്ങൾ, ബാലരോഗങ്ങൾ എന്നിവയ്ക്ക് പ്രത്യേക ചികിത്സ.
- പിഴിച്ചിൽ, തിരുമ്മ്, നവരക്കിഴി, പഞ്ചകർമ്മചികിത്സ എന്നിവയ്ക്ക് പ്രത്യേക ചികിത്സാവിഭാഗം.
- ഒടിവ്, ചതവ്, ഉളുക്ക് ഇവയ്ക്ക് മർമ്മചികിത്സ.
- സ്ത്രീകൾക്കുവേണ്ടി പ്രത്യേക വിഭാഗവും, ഡോക്ടറുടെ സേവനവും ലഭ്യമാണ്.

*പരിശോധനാസമയം:* രാവിലെ 9 മുതൽ 1 വരെ, ഉച്ചകഴിഞ്ഞ് 3.00 മുതൽ 6.30 വരെ (ഞായർ അവധി)

ഫിസിഷ്യൻസ് :
ഡോ. കെ.എം. ഫിലിപ്പ് B.A.M.
ഡോ. സോഫിയ ഫിലിപ്പ് B.A.M.
ഡോ.സെബാസ്റ്റ്യൻ ഫിലിപ്പ് B.A.M.S., M.D (Ay)
ഡോ. ലിൻഡാ സെബാസ്റ്റ്യൻ B.A.M.S.

90-ൽപരം വർഷങ്ങളിലൂടെ ആർജ്ജിച്ച വളർച്ചയും വിശ്വസ്തതയും...



നവീകരിച്ച വൈദ്യശാല

S.S.V. ഫാർമസി
കരിങ്കുന്നം P.O. തൊടുപുഴ
Ph: 04862 - 242287

എല്ലാവിധ ആയുർവ്വേദചികിത്സകൾക്കും ഔഷധങ്ങൾക്കും വിശ്വസ്തസ്ഥാപനം

ചീഫ് ഫിസിഷ്യൻ: ഡോ. ജയഘോഷ് BAMS

പരിശോധനാസമയം: രാവിലെ 9.30 മുതൽ 1 വരെ
ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 വരെ,
ഞായർ ഉച്ചവരെ

ഹോമിയോ ക്ലിനിക്
ഡോ. അനു ജയഘോഷ് BHMS

എല്ലാവിധ ഇംഗ്ലീഷ് - ആയുർവ്വേദ-വെറ്റിനറി മരുന്നുകൾക്കും വിശ്വസ്തസ്ഥാപനം

NIRAPPEL MED +
(നിരപ്പേൽ നാരായണൻ വൈദ്യനാൽ 1947 ൽ സ്ഥാപിതം)

ന്യൂ മുനിസിപ്പൽ കോംപ്ലക്സ്, വലിയപാലത്തിനു സമീപം
മെയിൻ റോഡ്, പാലാ

Phone: 7559927020

ആയുർവ്വേദഫിസിഷ്യന്റെ സേവനം ലഭ്യമാണ്

എല്ലാവിധ ഇൻസുലിനും 15 % മുതൽ 20% വരെ വിലക്കുറവിൽ ലഭിക്കുന്നു

ഡോ. സച്ചിൻ ദിലീപ് നിരപ്പേൽ BAMS (ഫിസിഷ്യൻ)

വിപണിയിൽ പ്രചാരമേറുന്നു...: ബീനാ ഹെയർ ടോണിക്

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org